TAB

# TRICHUR ARCHDIOCESAN BULLETIN

2022 ഏപ്രിൽ വാല്യം: 89 ലക്കം: 04




മത്തായി 21: 1-11 (രാജകീയ പ്രവേശനം)

# പാവന സ്മരണയിൽ



## മാർ ജോസഫ് കുണ്ടുകുളം

**ജനനം : 16.09.1917   മരണം: 26.04.1998**




Trichur Archdiocesan Bulletin TAB
ESTD: 1934

**ഏപ്രിൽ 2022**
ലക്കം: 04 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary’s Orphanage Press

*Published from*
Archbishop’s House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



സർക്കുലർ 4
കച്ചേരിക്കാര്യം 12
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 16
സഹായമെത്രാന്റെ പരിപാടികൾ 17
നാളാഗമം 19
നാമകരണ നടപടികൾ 23
വൈദികർ 28
സാമ്പത്തിക കാര്യാലയം 32
മതബോധനം 34
സ്ഥാപനങ്ങൾ 38
സംഘടനകൾ 53

# CONGREGATIO PRO ECCLESIIS ORIENTALIBUS

Prot. No.463/2002

28.02.2022

Your Beatitude,

In the name of His Holiness Pope Francis, it is the duty of this Congregation to communicate to all the Bishops of the Syro-Malabar Church, that the common good requires that the members of the Synod of Bishops be the first to commit themselves to the faithful observance of the liturgical prescriptions established by the Synod, "which have the force of law everywhere in the world" ( CCEO, can. 150 Â§2). The Bishops should moreover clearly distance themselves from methods of protest and activism that are incompatible with the obligations of "clerics [who] are bound in a special maimer to the perfection which Christ proposes to his disciples, since they are consecrated to God in a new way by sacred ordination, so that they may become more suitable instruments of Christ the Eternal Priest in the service of the people of God and at the same time be exemplary models to the flock" ( can. 368).

As the Holy Father recently observed, "where the form of the celebration is concerned, it is necessary that unity be experienced in accordance with what has been laid down by the Synods and approved by the Apostolic See, avoiding liturgical particularisms that in reality manifest divisions of another kind within the respective Churches .... If we give scandal by our liturgical disputes, and unfortunately there have been some recently, we play the game of the master of division" (Address of His Holiness Pope Francis to Participants in the Plenary Meeting of the Congregation for the Eastern Churches, February 18, 2022).

In particular, Archbishop Antony Kariyil, Vicar of Your Beatitude for the Archeparchy of Ernakulam-Angamaly, should revoke the dispensation incorrectly extended to the entire Archeparchy for an indefinite period. His vicarious power cannot override the decisions of the Synod, promulgated by the Major Archbishop, to whom, as the Eparchial Bishop, the authority attributed by the sacred canons (inter alia can. 1538 Â§ 1) is proper. If dispensation is requested for some special cases within the Archeparchy, Archbishop K.ariyil may take decisions only with the approval of Your Bea ti tucle.

Archbishop Kariyil should therefore encourage rather than prevent the priests who want to implement the synodal liturgical formula and should direct all the priests to welcome the Bishops who come to celebrate the Holy Qurbana in the synodal form. His Grace should ensure that the liturgical text used is the one approved by the Synod and that the use of the Bema is introduced for the appointed parts of the Liturgy. Accepting that, in view of proper catechesis, a few more months may be necessary to implement the synodal decisions in some cases, this Dicastery remains committed to assisting all peaceful dialogue and pastoral preparation for the fruitful participation of the faithful in the synodal form.

The Apostolic See understands that some have difficulty in following the synodal decisions, but exhorts all to avoid activism and protests using non-ecclesial and non-Christian methods such as hunger strike usque ad mortem. The clergy especially should comply with ecclesiastical authority in favor of the common good, as they promised

on the day of their ordination, when they took up a special duty to show reverence and obedience to their proper hierarchs (cf. can. 370), in imitation of Christ who for our sake became obedient usque ad mortem, mortem autem Crucis (Philippians 2:8).

The Holy Father, in the Audience granted to the undersigned Prefect of the Congregation for the Eastern Churches on February 10, 2022, has approved the dispositions of the present letter. Your Beatitude will kindly share it with the Bishops, clergy, religious and lay faithful of the Syro-Malabar Church, with special appreciation for the women and men religious who have stood with the Synod.

With prayerful best wishes and cordial regards, I remain

Sincerely yours in Christ,

**+ Leonardo Card. Sandri**
Prefect

**+ Giorgio Demetrio Gallaro**
Archbishop Secretary

# സർക്കുലർ

**കർദിനാൾ ജോർജ് ആലഞ്ചേരി**

Prot.No.0251/2022
11.03.2022

All Archbishops, Bishops, Priests, Religious “and Lay faithful of the Syro-Malabar Church

Dear Archbishops, Bishops, Priests, Religious and lay brothers and sisters,

I herewith forward to you a letter which I received from the Congregation for the Eastern Churches (Prot. N. 463/2002, dated 28 February 2022). I am asked to share this letter with â•˜the Bishops, clergy, religious and lay faithful of the Syro-Malabar Churchâ•™. That is why I am sending this letter to all of you.

The content of the letter is very clear. It is basically a directive to go along with the decisions of the Synod. The liturgical laws enacted by the Synod have force of law everywhere in the world (CCEO c. 150 para 2). Dispensations from these laws could be given only for special cases, for a determined period of time, in view of proper catechesis for the implementation of the Synodal decision. The letter

underlines the obedience required of priests and it disapproves all kinds of protests and activism which are non-ecclesial and non-Christian.

As the Congregation for the Eastern Churches, with the approval of the Holy Father, has given a final directive regarding the implementation of the Synodal formula of Holy Qurbana in the entire Syro-Malabar Church, let us whole heartedly accept it and foster unity and communion in our Church.

May Mary, our Blessed Mother, help us in all our endeavours and St. Thomas, our Apostle together with all the Saints and Blesseds of our Church intercede for us to maintain unity and peace in our Church!

Thanking you,

Yours cordially in Christ,

**Cardinal George Alencherry**

Major Archbishop of the Syro-Malabar Church

# സർക്കുലർ
## വൈദിക അലവൻസ്

**മാർ ആൻഡ്രൂസ് താഴത്ത്**

2258/2021 / 27.11.2021 C- 14

കർത്താവിൽ സ്നേഹമുള്ളവരേ,

"ബലിപീഠത്തിൽ ശുശ്രൂഷിയ്ക്കുന്നവൻ ബലിപീഠത്തിൽ നിന്ന് ഉപജീവിയ്ക്കുന്നു (1 കൊറി. 9:13–14). വി.ഗ്രന്ഥത്തിലെ ഉപദേശമനുസരിച്ച്, ദൈവാലയശുശ്രൂഷയ്ക്ക് സമർപ്പിതരാകുന്നവരുടെ ജീവിതാവശ്യങ്ങളും ദൈവാലയത്തിന്റെ നടത്തിപ്പും ദൈവജനത്തിന്റെ ഉത്തരവാദിത്വത്തിൽ നിറവേറ്റപ്പെടണം. ഇതിനായി തിരുക്കർമ്മാനുഷ്ഠാനങ്ങൾക്ക് നിയതമായ ധർമ്മങ്ങൾ സ്വീകരിക്കുന്ന പതിവ് പുരാതനമായി സഭയിൽ നിലനിന്നിരുന്നു. ഈ ധർമ്മനിരക്കുകൾ സഭ കാലികമായി പരിഷ്ക്കരിക്കുകയും ചെയ്തു വരുന്നു. 2017 ഏപ്രിൽ മാസത്തിലാണ് വൈദികരുടെ അലവൻസ് അവസാനമായ വർദ്ധിപ്പിച്ചത്. 2021 ഏപ്രിൽ മാസത്തിൽ പള്ളിജീവനക്കാരുടെ വേതനം വർദ്ധിച്ചപ്പോൾ കോവിഡിന്റെ പശ്ചാത്തലത്തിൽ വൈദികരുടെ അലവൻസ് വർദ്ധിപ്പിക്കാതെ ഭക്ഷണ അലവൻസ് മാത്രമാണ് വർദ്ധിപ്പിച്ചത്. വർദ്ധിച്ച ജീവിത ചിലവുകൾ പരിഗണിച്ചു നടത്തിയ പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ നമ്മുടെ അതിരൂപതയിലെ

വൈദികരുടെ അലവൻസ് ഇതിനാൽ വർദ്ധിപ്പിക്കുക യാണ്.

2022 ഏപ്രിൽ 1 മുതൽ വൈദികരുടെ പുതുക്കിയ അലവൻസ് വർദ്ധനവ് നമ്മുടെ അതിരൂപതയിൽ പ്രാബല്യത്തിൽ വരുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന അലവൻസ് സംഖ്യ ഇടവകകൾ, കോൺവെന്റുകൾ, സ്ഥാപനങ്ങൾ, കുരിശുപള്ളികൾ, ക്വാസി ഇടവകകൾ, തീർത്ഥകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും യഥാക്രമം സേവനം ചെയ്യുന്ന വൈദികർക്ക് നൽകേണ്ടതാണ്.

ദൈവശുശ്രൂഷയ്ക്കായി നിയുക്തരായവരെ പരിപാലിക്കുവാനും ദൈവാലയത്തിന്റെയും ദൈവജനത്തിന്റെയും പൊതുനിലനില്പിനാവശ്യമായ സംവിധാനങ്ങൾ ക്രമപ്പെടുത്തുവാനും ദൈവജനത്തിന്റെ നിർലോഭമായ സഹകരണം ഉണ്ടാകണമെന്ന് ഏവരോടും ഞാൻ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**2022 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതു പ്രകാരം**

1. **ഇടവകയിൽ സേവനം ചെയ്യുന്ന സ്ഥിരതാമസമുള്ള വൈദികർ**

| | |
|---|---|
| 1.1 വികാരി അലവൻസ് | : 8000/ രൂപ |
| 1.2 അസിസ്റ്റന്റ് വികാരി അലവൻസ് | : 7900/ രൂപ |
| 1.3. ഭക്ഷണ അലവൻസ് | : 4000/ രൂപ |
| 1.4. മെഡിക്കൽ കെയർ വിഹിതം | : 150/ രൂപ |

2. **സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന സ്ഥിരതാമസമുള്ള വൈദികർ**

ഡയറക്ടർ, അസി./ അസോ.
ഡയറക്ടർ : 10000/ രൂപ

ഭക്ഷണം സ്ഥാപനത്തിൽ നിന്നും അലവൻസിനു പുറമേ നൽകേണ്ടതാണ്.

മെഡിക്കൽ കെയർ വിഹിതം : 150/ രൂപ

**3.1. വൈദികർ സ്ഥിരതാമസമില്ലാത്ത ഇടവക/ ക്വാസി ഇടവക/ സ്ഥാപനം/ കുരിശുപള്ളി/ തീർത്ഥകേന്ദ്രം**

| | |
|---|---|
| ആഴ്ചയിൽ ഒരു കുർബാന | : 1200/ രൂപ |
| ആഴ്ചയിൽ രണ്ട് കുർബാന | : 1800/ രൂപ |
| ആഴ്ചയിൽ മൂന്ന് കുർബാന | : 2400/ രൂപ |
| ആഴ്ചയിൽ നാല് കുർബാന | : 3000/ രൂപ |
| ആഴ്ചയിൽ അഞ്ച് കുർബാന | : 3600/ രൂപ |
| ആഴ്ചയിൽ 6 / 7 കുർബാന | : 4200/ രൂപ |

**3.2. കോൺവെന്റുകളിൽ/സ്ഥാപനങ്ങളിൽ കപ്പോൻ**

| | |
|---|---|
| 3.2.1. ആഴ്ചയിൽ ഒരു കുർബാന | : 700/ രൂപ |
| 3.2.2. ആഴ്ചയിൽ രണ്ട് കുർബാന | : 1300/ രൂപ |
| 3.2.3. ആഴ്ചയിൽ മൂന്ന് കുർബാന | : 1900/ രൂപ |
| 3.2.4. ആഴ്ചയിൽ നാല് കുർബാന | : 2500/ രൂപ |
| 3.2.5. ആഴ്ചയിൽ അഞ്ച് കുർബാന | : 3100/ രൂപ |
| 3.2.6. ആഴ്ചയിൽ ആറ് കുർബാന | : 3700/ രൂപ |
| 3.2.7. ആഴ്ചയിൽ ഏഴ് കുർബാന | : 4200/ രൂപ |

## കച്ചേരി വാർത്തകൾ

ഏപ്രിൽ 2022

### 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : *ആദ്യവെള്ളി*
3 : **നോമ്പ് ആറാം ഞായർ**
10 : **നോമ്പ് ഏഴാം ഞായർ (ഓശാന ഞായർ)**
14 : പെസഹാവ്യാഴം
15 : പീഢാനുഭവവെള്ളി (ഉപവാസദിനം)
16 : വലിയ ശനി
17 : ന. കർത്താവിന്റെ ഉയിർപ്പു തിരുനാൾ
**ഉയിർപ്പ് ഒന്നാം ഞായർ**
22 : വേദസാക്ഷികളുടെ തിരുനാൾ
23 : വി. ഗീവർഗ്ഗീസ് (24 ഞായർ)
24 : **ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)**
25 : വി. മർക്കോസ് സുവിശേഷകൻ
29 : സിയന്നായിലെ വി. കത്രീന

**2. ഉയിർപ്പുകാലം**

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയിർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരുനാൾ. നിഖ്യാസൂനഹദോസിന്റെ (325) കാലം മുതൽ, സാർവ്വത്രികസഭയിൽ ഈ തിരുനാൾ ആഘോഷിക്കുന്നത്. മാർച്ച് 21ന് കഴിഞ്ഞു വരുന്ന പൂർണ്ണചന്ദ്രദിനത്തിനുശേഷമുള്ള (വെളുത്ത വാവ്) ആദ്യഞായറാഴ്ചയാണ്.

ഉത്ഥാനം മുതൽ പന്തക്കുസ്താവരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ സഭ അനുസ്മരിക്കുന്നു. പൗരസ്ത്യസഭകൾ ഉയിർപ്പു കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. ഉയിർപ്പിന്റെ എട്ടാം ദിനമായ പുതുഞാ

യർ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനദിനമാണ്.

സഭയുടെ നയിക്കാൻ ശെമയോൻ കേപ്പായെയും മറ്റു ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും ചുമതലപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ, ലോകാവസാനം തന്റെ ശ്ലീഹന്മാരോടും പിൻഗാമികളോടും തന്റെ ജനത്തോടുംകൂടെയുണ്ട് എന്ന സദ്വാർത്തയും ഈ കാലം നമുക്ക് നൽകുന്നു.

ഉയിർപ്പു കഴിഞ്ഞ് 40–ാം ദിവസം കർത്താവിന്റെ സ്വർഗ്ഗാരോഹണതിരുനാൾ ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ, സ്വർഗ്ഗരാജ്യപ്രവേശനവുമായി അഭേദ്യം ബന്ധപ്പെട്ടു നില്ക്കുന്ന നിത്യജീവനും ഉയിർപ്പും ഈ കാലത്തിലെ വിചിന്തനവിഷയങ്ങളാണ്. നിത്യജീവൻ പ്രാപിക്കാൻ ഏകരക്ഷകനായ മിശിഹായുടെ അടുക്കലാണ് ചെല്ലേണ്ടത് എന്ന സത്യവും ഈ കാലത്തിൽ പ്രഘോഷിക്കപ്പെടുന്നു.

സ്വർഗ്ഗാരോഹണത്തോടനുബന്ധിച്ച് ഈശോ ശിഷ്യന്മാർക്കു നൽകിയ നിർദ്ദേശമനുസരിച്ച് സദാസമയവും ദൈവാലയത്തിൽ പ്രാർത്ഥിച്ചിരിക്കുന്ന ശിഷ്യരെയും സഭ ഇവിടെ നമുക്കു പരിചയപ്പെടുത്തുന്നുണ്ട്. സ്വർഗ്ഗവും ഭൂമിയും സംബന്ധിക്കുന്ന കർത്താവിന്റെ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താ അനുഭവത്തിനായി കാത്തിരിക്കാനാണ് സഭാമാതാവ് നമ്മോടും ആവശ്യപ്പെടുന്നത്.

**4. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 26ന് ഉച്ചകഴിഞ്ഞ് 2.00ന് തൃശൂർ ഡോളേഴ്സ് ബസിലിക്കയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

| | | |
|---|---|---|
| 1. അരിമ്പൂർ ഡെറിൻ | – കാരമുക്ക് | (മേരിമാത) |
| 2. പുലിക്കോട്ടിൽ ഡേവിസ് | – ചിറ്റാട്ടുകര | (മേരിമാത) |
| 3. പുത്തൂർ ജോൺ | – വിയ്യൂർ | (മേരിമാത) |

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

| | | |
|---|---|---|
| 1. ആലപ്പാട്ട് ജിയോ | – ആമ്പക്കാട് | (മേരിമാത) |
| 2. ചൂണ്ടൽ ആൽബിൻ | – ചൂണ്ടൽ | (മേരിമാത) |
| 3. എടക്കളത്തൂർ ജിജോ | – ഒരുമനയൂർ | (മേരിമാത) |
| 4. പഴയേടത്ത് ജെയ്സൻ | – കുണ്ടുകാട് | (ആലുവ) |

| | | |
|---|---|---|
| 5. പൊന്നാരി നിഥിൻ | – നെന്മണിക്കര | (മേരിമാത) |
| 6. പൊൻപറമ്പിൽ ബിജോയ് | – കുണ്ടന്നൂർ | (കോട്ടയം) |
| 7. പുത്തൂക്കര ഫ്രാൻസിസ് | – വേലൂർ | (പൂന) |
| 8. തേക്കാനത്ത് ക്രിസ്റ്റോ | – കോനിക്കര | (മേരിമാത) |
| 9. വടക്കേത്തല പ്രിജോ | – തലോർ | (മേരിമാത) |
| 10. വല്ലച്ചിറക്കാരൻ ഡിന്റോ | – മരിയാപുരം | (മേരിമാത) |

**c) കാറോയപ്പട്ടം**

| | | |
|---|---|---|
| 1. ലിൻസൺ അക്കരപറമ്പിൽ | – പുറനാട്ടുകര | (മേരിമാത) |
| 2. ജീസ് അക്കരപ്പട്ട്യേക്കൽ | – പുറനാട്ടുകര | (മേരിമാത) |
| 3. ജോഫിൻ അക്കരപ്പട്ട്യേക്കൽ | – ആമ്പക്കാട് | (മേരിമാത) |
| 4. ജീസ്മോൻ ചെമ്മണ്ണൂർ | – പേരകം | (മേരിമാത) |
| 5. പ്രിൻസ് ചെറുതാണിക്കൽ | – വെട്ടുക്കാട് | (മേരിമാത) |
| 6. ഫ്രാങ്കോ ഫ്രോണിസ് ചെറുതാണിക്കൽ | – വെട്ടുക്കാട് | (കോട്ടയം) |
| 7. ക്ലിൻസൺ കാട്ടിപറമ്പൻ | – പുല്ലഴി | (പൂന) |
| 8. ഡിൻസൺ കൊള്ളന്നൂർ | – അരിമ്പൂർ | (ആലുവ) |
| 9. തേജസ്സ് കുന്നപ്പിള്ളിൽ | – ഭരത | (ആലുവ) |
| 10. ലിവിൻ കുരുതുകുളങ്ങര | – മണ്ണുത്തി | (എലുരു, AP) |
| 11. അജിൽ മാങ്ങൻ | – പെരിങ്ങോട്ടുകര | (കോട്ടയം) |
| 12. ക്രിസ്റ്റോ മഞ്ഞളി | – കത്തീഡ്രൽ | (മേരിമാത) |
| 13. ബ്രിൽവിൻ ഒലക്കേങ്കിൽ | – പാവറട്ടി | (കോട്ടയം) |
| 14. ആൽവിൻ പാലമറ്റം | – വെട്ടുക്കാട് | (എലുരു, AP) |
| 15. ക്ലിന്റ് പാണേങ്ങാടൻ | – കരുമത്ര | (മേരിമാത) |
| 16. ആൽവിൻ പട്ട്യേക്കൽ | – പുറനാട്ടുകര | (മേരിമാത) |
| 17. ജാക്സൺ തെക്കേക്കര | – പുറനാട്ടുകര | (മേരിമാത) |

**5. പാലയൂർ മഹാതീർത്ഥാടനം:**

2022 ലെ പാലയൂർ മഹാതീർത്ഥാടനം ഏപ്രിൽ 3 ഞായറാഴ്ച്ച നടത്തപ്പെടുന്നു.

**6. ഏകദിനവൈദികസമ്മേളനം:**

ഏപ്രിൽ മാസത്തിലെ ഏകദിനവൈദിക സമ്മേളനം ഏപ്രിൽ 21ന് വ്യാഴാഴ്ച ആയിരിക്കും നടത്തപ്പെടുന്നത്.

**7. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് വേലൂർ ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**8. ദൈവവിളിവാരാചരണം:**

2022 ഏപ്രിൽ 18 മുതൽ 22 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**9. വൈദികരുടെ നിയമനം :**

1. ഫാ. ജോസ് തെക്കേക്കര – സീനിയർ റസിഡന്റ് പ്രീസ്റ്റ് മുണ്ടൂർ; സാധുത 2022 ഫെബ്രുവരി 16 മുതൽ.
2. ഫാ. പോൾ പയ്യപ്പിള്ളി – ആത്മീയപിതാവ് എം. എസ്. ജെ. നെഹ്റുനഗർ; സാധുത 2022 മാർച്ച് 2 മുതൽ.
3. ഫാ. വർഗ്ഗീസ് കൂത്തൂർ – അതിരൂപത ഡെലഗേറ്റ് എൽത്തുരുത്ത് ഇടവക ഒഴിവായി; സാധുത 2022 ഫെബ്രുവരി 22 മുതൽ.
4. ഫാ. ജോയ് കൂത്തൂർ – അതിരൂപത ഡെലഗേറ്റ് എൽത്തുരുത്ത് ഇടവക; സാധുത 2022 ഫെബ്രുവരി 22 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2022 APRIL Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Holy Mass, MMMS |
| | | | Curia Meeting |
| 02 | Sat | Afternoon | Bible award day |
| 03 | Sun | Morning | Palayur Pilgrimage |
| 04 | Mon | Morning | Engaged |
| | | Evening | Paper presentation - LRC |
| 05 | Tue | Morning | Curia Meeting |
| | | Afternoon | Inauguration of Krupabhishekam Convention at Lourdes Cathedral |
| 06 | Wed | Morning | For Priests |
| 07 | Thu | Morning | Monthly Recollection Pazhuvil Forane |
| 08 | Fri | Morning | Curia Meeting |
| | | | For the People |
| 10 | Sun | Morning | Palm Sunday at Lourdes |
| | | Afternoon | Kudumbakoottayma Yuvajana Sangamam |
| 11 | Mon | Morning | Chrism Mass and Priest Sanctification day |
| 12 | Tue | Morning | Curia Meeting |
| 14 | Thu | Morning | Maundy Thursday at Lourdes Prayer service at Grace Home |
| 15 | Fri | Morning | Good Friday — Dolours Basilica |
| | | | Curia - Meeting |
| | | Afternoon | Way of the Cross — Dolours Basilica |
| 17 | Sun | | Easter Ceremony — LourdesCathedral |
| 18 | Mon | Morning | Vocation Week inauguration Consecration of new Church, Mangad |
| | | Afternoon | First Profession at Kolazhy CMC |
| 19 | Tue | Morning | Curia Meeting |
| | | | Jubilee Celebration, Chuvannamannu |
| | | Afternoon | Institution Directors’ meeting |
| 20 | Wed | Morning | Installation of Mar Joseph Pamplany at Thalassery |
| | | Afternoon | JMMC Trust meeting |
| 21 | Thu | | Priest Conference |

| | | | |
|---|---|---|---|
| 22 | Fri | Morning | Holy Mass DBCLC<br>Curia Meeting<br>Consulters Meeting |
| 23 | Sat | | Installation of Mar Peter Kochupurackal at Palakkad |
| 24 | Sun | Afternoon | Big Family meet |
| 25 | Mon | | Asst Vicars meet |
| 26 | Tue | Morning | Priestly Ordination of Dn. Renson Panengadan ISch at Mattom |
| | | Evening | Home day celebrations at Grace Home, Peringadur |
| 27 | Wed | Morning | Holy Mass DBCLC<br>Final Profession at CSC Kolazhy |
| 28 | Thu | Morning | Golden Jubilee celebration: Peter Claver sisters, Olarikkara |
| 29 | Fri | Morning | Holy Mass DBCLC<br>Curia Meeting |
| 30 | Sat | Morning | First Holy Communion — Dolours Basilica<br>Silver Jubilee celebration: St. Elizabeth Convent, Ponganamkad |
| | | Afternoon | Jubilee celebration at Peruvallor |

# ENGAGEMENTS

## 2022 APRIL Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01-02 | | All days | Visakhapatnam Mission |
| 02 | Sat | Afternoon | Award day - Bible Apostolate |
| 03 | Sun | All day | Palayur Pilgrimage |
| 04 | Mon | Morning | Talk at SOS Children's Village, Mulayam |
| 09 | Sat | Evening | Conclusion speech Lourdes Covention |
| 10 | Sun | Morning | Palm Sunday- Holy Mass at Basilica |
| | | Afternoon | Youth Meet |

| | | | |
|---|---|---|---|
| 11 | Mon | All day | Priests and Religious Sanctification Day |
| 14 | Thu | Morning | Maundy Thursday Holy Mass at Basilica |
| 15 | Fri | Morning | Good Friday Ceremony at Lourdes |
| 16 | Sat | Midnight | Easter Holy Mass at Basilica |
| 18 | Mon | Morning | Vocation Week Inaugural Mass |
| | | | Golden Jubilee & Silver Jubilee at Queen Mary's Convent, Ollur |
| 19 | Tue | Morning | Holy Mass, Mangad |
| | | | Golden Jubilee Mass, Chuvannamannu |
| | | Afternoon | Animators' Meet at DBCLC |
| | | | Institutional Directors' Meeting. |
| 20 | Wed | All day | Installation Ceremony at Thalassery |
| | | | Mission Hospital Trust Meeting |
| 21 | Thu | Morning | Holy Mass, Holy Childhood Camp at DBCLC |
| | | | Priest Conference |
| 22 | Fri | Morning | Consultors' Meeting |
| 23 | Sat | Morning | Episcopal Installation of Mar Peter Kochuprackal |
| 23-24 | | All days | Pastoral Council Training Days |
| 24 | Sun | Afternoon | Gathering of big families. LOAF at Lourdes. |
| | | | Golden Jubilee of Sr Lekha CMC at Parappur |
| 25 | Mon | Morning | Meeting of Asst. Vicars |
| 26 | Tue | Morning | Holy Mass at Grace Home |
| | | Morning | Holy Mass at Lourdes |
| | | Morning | Aba Camp at DBCLC. |
| | | Morning | Vestition & First Profession SABS Sisters |
| 27 | Wed | Morning | Holy Mass at Minor seminary |
| 29 | Fri | Evening | Holy Mass at Mattom Vanamatha Church |
| 30 | Sat | Morning | Holy Mass at DBCLC for Junior CLC |
| | | Morning | Requiem Mass for Fr Jacob Chirayath at Marathakara |
| | | Afternoon | Parents' Meet of brothers preparing for Vestition |
| | | Afternoon | Samarapitha Sangamam |

# നാളാഗമം

ഫെബ്രുവരി 2022

1. അഭിവന്ദ്യ പിതാക്കൻമാർ മുണ്ടൂർ ഇടവക ദൈവാലയത്തിൽ ബഹുമാനപ്പെട്ട ജോസ് ടി. ചുങ്കത്ത് അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ പങ്കടുത്തു. വൈകീട്ട് അഭിവന്ദ്യ താഴത്ത് പിതാവ് വടക്കേകാരമുക്ക് ഇടവകയിൽ കപ്പേള വെഞ്ചിരിച്ചു.
2. അഭിവന്ദ്യ പിതാക്കൻമാർ മൂഴിക്കുളത്ത് മാർ കുരിയാക്കോസ് ഭരണികുളങ്ങര പിതാവിന്റെ മാതാവിന്റെ വിയോഗത്തിൽ അനുശോചിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.
3. അഭിവന്ദ്യ ടോണി പിതാവ് തലക്കോട്ടുക്കര ദൈവാലയത്തിൽ വച്ച് സെബാസ്റ്റ്യൻ + കരോളിൻ ദമ്പതികളുടെ നാലാമത്തെ കുട്ടിയ്ക്ക് (അന്ന) മാമ്മോദീസ നൽകി. അന്നേ ദിവസം അഭിവന്ദ്യ ടോണി പിതാവ് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ വൈസ് പ്രിൻസിപ്പാൾ സി. ഉഷസ് ആളൂർ എഫ്. സി. സി. യുടെ റിട്ടയ്ർമെന്റ് മീറ്റീംഗിൽ പങ്കെടുത്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര ഇടവകയിൽ മൃതദേഹസംസ്ക്കാര ശുശ്രൂഷയിൽ (ഫ്രാൻസിസ് ചിറ്റിലപ്പിള്ളി) സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് പി.ഒ.സിയിൽ മീറ്റിംഗിൽ പങ്കെടുത്തു.

5. പഴയന്നൂർ ഇടവകയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലി അർപ്പിക്കുകയും സെമിത്തേരി ആശീർവദിക്കുകയും ചെയ്തു. ഏങ്ക ണ്ടിയൂർ എം. ഐ. ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.
7. കോവിഡ്മൂലം മരണമടഞ്ഞ അതിരൂപതയിലെ വൈദികർക്കുവേണ്ടി അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശുദ്ധ ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. അഭിവന്ദ്യ ടോണി പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിച്ചു.
8. അഭിവന്ദ്യ ടോണി പിതാവ് ഹോളിഫാമിലി ജനറലേറ്റിൽ സിനാക്സിസിൽ ക്ലാസ്സെടുത്തു.
9. മണ്ണുത്തിയിൽ സി. എച്ച്. എഫ്. സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാനയർപ്പണം നടത്തി. പത്തുമണിയോടെ അതിരൂപതയിലെ വൈദികരുടെ സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. ബഹുമാനപ്പെട്ട പോൾ പയ്യപ്പിള്ളി അച്ചന്റെ സഹോദരിയുടെ (കൊച്ചുത്രേസ്യ) മൃതസംസ്ക്കാരത്തിലും വൈകീട്ട് സി. ബി. സി. ഐ. മീറ്റിംഗിലും അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു.
10. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കര ഇടവകയിൽ ലിപീഷ്+മെറിൻ എലിസബത്ത് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ (ജോസഫ്) മാമോദീസ നടത്തി. മുളയത്ത് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതുതായി നിർമ്മിച്ച ക്രിമേഷൻ സെന്റർ അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവദിച്ചു.
12. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൂർ ഫൊറോന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ദൈവാലയത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് പൂവ്വത്തുശ്ശേരി ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. അഭിവന്ദ്യ ടോണി പിതാവ് മരത്തംകോട് കപ്പേള വെഞ്ചിരിക്കുകയും വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു.
13. വെള്ളാനിക്കോട് ഇടവകയിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശനം നടത്തുകയും ഇടവകദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ചിറക്കൽ ദൈവാലയം സന്ദർശനം നടത്തുകയും ഇടവകദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.
14. ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു.
15. ബഹുമാനപ്പെട്ട എം. പി. ശ്രീ. ടി. എൻ. പ്രതാപൻ സെന്റ്തോമസ്

കോളേജിന് നൽകിയ പുതിയ ബസ്സിന്റെ ഉദ്ഘാടനവും ആശീർവാദവും അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. തുടർന്ന് അഭിവന്ദ്യ പിതാക്കൻമാർ ബിഷപ്പ് ഹൗസിലും ജൂബിലി മിഷൻ ആശുപത്രിയിലും സ്ഥലംമാറിപ്പോകുന്ന വൈദികർക്കുള്ള യാത്രയയപ്പു യോഗങ്ങളിൽ പങ്കെടുത്തു. വൈകീട്ട് ബോൺ നത്താലെയുടെ യോഗത്തിലും അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു.

17. മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാക്കൻമാർ കുറ്റൂരുള്ള സാഗർ രൂപതയുടെ മൈനർ സെമിനാരിയിൽ അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ കബറിടത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.
18. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിൽ സ്കോളേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.
19. കോലഴി സി. എം. സി. സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ 13 ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ഒളരിക്കര ഇടവകയിൽ അതിരൂപതയുടെ സോഷ്യൽ സർവ്വീസ് സെന്ററായ 'സാന്ത്വനം' നിർമ്മിച്ചുനൽകിയ ഭവനം അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവ്വദിച്ചു. തുടർന്ന് ബഹുമാനപ്പെട്ട പോൾ കാപ്പാനി അച്ചന്റെ അമ്മയുടെ (അന്നം) മൃതദേഹസംസ്ക്കാര ശുശ്രൂഷയിലും മാർ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് മംഗലപ്പുഴ സെമിനാരിയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.
20. അഭിവന്ദ്യ താഴത്ത് പിതാവ് തൊറവ് ഇടവകയിൽ സന്ദർശനം നടത്തുകയും വിശുദ്ധ ബലിയർപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
21. കൊച്ചച്ചന്മാരുടെ തുടർപരിശീലന പരുപാടി അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവും കൊച്ചച്ചന്മാരുടെ തുടർപരിശീലനത്തിൽ പങ്കെടുത്തു. രാത്രി അഭിവന്ദ്യ പിതാക്കൻമാരും കൂരിയയിലെ അംഗങ്ങളുമായി തുടർപരിശീലനത്തിൽ പങ്കെടുക്കുന്ന വൈദികർ സംവദിച്ചു.
22. അഭിവന്ദ്യ താഴത്ത് പിതാവ് തുടർപരിശീലന പരുപാടിയിൽ സംബന്ധിക്കുന്ന വൈദികരുമൊത്ത് ഡി. ബി. സി. എൽ. സി. യിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് പുതുക്കാട് സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്ക്കൂളിന്റെ വാർഷികത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് കൊച്ചച്ചന്മാരുടെ തുടർപരിശീലനത്തിൽ പങ്കെടുത്തു. അഭി


വന്ദ്യ പിതാക്കൻമാർ പാലയൂരിൽ ബഹു. ഫ്രാൻസീസ് മുട്ടത്തച്ചന്റെ അപ്പച്ചന്റെ (ജോൺ മുട്ടത്ത്) മൃതസംസ്കാരക്കർമ്മങ്ങളിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് തിരൂർ ഇടവകദൈവാലയത്തിൽ മനോജ്+ടോംസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് (ഏദൻ ലൂക്ക്) മാമോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് തിരുവില്ലാമല നാലാം വർഷവിദ്യാർത്ഥികളെ സന്ദർശിക്കുകയും സംവദിക്കുകയും ചെയ്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാർ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.
25. അഭിവന്ദ്യ താഴത്ത് പിതാവ് പൊന്നൂക്കര ഇടവകയിൽ ബൈജു+ലിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയ്ക്ക് (എവു പ്രാസ്യ) മാമോദീസ നല്കി. അഭിവന്ദ്യ ടോണി പിതാവ് കെ.സി. ബി.സി. സഭാനവീകരണക്കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് എഫ്. സി. സി. കോൺഗ്രിഗേഷനിലെ നിത്യവ്രതത്തിനൊരുങ്ങുന്ന അംഗങ്ങളുമായി സംവദിച്ചു. ഉച്ചകഴിഞ്ഞ് സീനിയർ സി. എൽ. സി. യുടെ ജനറൽ സെനറ്റിന് ഒരുക്കമായി അന്ന് ഉയർത്താനുള്ള പതാക അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവ്വദിച്ച് നൽകി. അഭിവന്ദ്യ ടോണി പിതാവ് മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകീട്ട് അഭിവന്ദ്യ പിതാക്കന്മാർ മേരിമാത സെമിനാരിയിലെത്തി ബ്രദേഴ്സിനെ സന്ദർശിച്ചു.
27. അഭിവന്ദ്യ താഴത്ത് പിതാവ് മരത്തംകോട് ഇടവകയിൽ വിശുദ്ധ ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചിരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ താഴത്ത് പിതാവ് സിനഡാലിറ്റിയെക്കുറിച്ച് ഒരു വെബിനാറിൽ സംബന്ധിക്കുകയും ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചന്റെ പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. തുടർന്ന് യുവ മതബോധന അധ്യാപകർക്കായി സംഘടിപ്പിച്ച പരിപാടിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് പ്രസംഗിച്ചു. അഭിവന്ദ്യ ടോണി പിതാവ് കുടുംബകൂട്ടായ്മ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. പേരാമംഗലത്ത് സ്മാർട്ട് ക്ലാസ് വെഞ്ചിരിച്ചു.
28. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിലും അഭിവന്ദ്യ ടോണി പിതാവ് വ്യാകുല മാതാവിന്റെ ബസിലിക്കയിലും വിഭൂതി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഉച്ചത്തിരിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ബഹു. ഫെഡ്രിറിക് എലുവത്തിങ്കലച്ചന്റെ അമ്മയുടെ (അച്ചായി) മൃതസംസ്കാരക്കർമ്മങ്ങളിൽ പങ്കെടുത്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## രണ്ടാം ശനി യാഴ്ചാചരണം

മാർച്ച് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 12.03.2022 –ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വെച്ച് നടത്തുകയുണ്ടായി. ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത് പൂങ്കുന്നം, കണ്ണംകുളങ്ങര എന്നിവിടങ്ങളിലുള്ള ബഹു. ചാരിറ്റി സിസ്റ്റേഴ്സായിരുന്നു. ഈ രണ്ടു ഇടവകകളിൽ നിന്നുമായി ധാരാളം ഇടവകാംഗങ്ങളും തിരുകർമ്മങ്ങളിൽ പങ്കെടുത്ത് ധന്യനായ ഊക്കനച്ചനോട് മാധ്യസ്ഥ്യം തേടുകയുണ്ടായി. വി. ബലിയർപ്പണത്തിന് കാർമ്മി



കത്വം വഹിച്ചത് ബ. ഫാ. ഷിൻസ് പോട്ടോക്കാരൻ സി.എം.ഐ. ആയിരുന്നു. തനിക്ക് അനുഭവവേദ്യമായ സംഭവം വിവരിച്ചുകൊണ്ടാണ് തൃശ്ശൂരിന്റെ സ്വന്തവും അഭിമാനവുമായ ഊക്കനെക്കുറിച്ചുള്ള സന്ദേശം അദ്ദേഹം ആരംഭിച്ചത്. നാലോ അഞ്ചോ മനുഷ്യായുസ്സുകൾക്ക് ചെയ്തു തീർക്കാൻ സാധിക്കുന്നതിനപ്പുറമാണ് ഊക്കനച്ചൻ 76 വർഷംകൊണ്ട് നേടിയെടുത്തതെന്ന് അദ്ദേഹം എടുത്തുപറയുകയുണ്ടായി. ബ. ഷിൻസച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ:

- പാവങ്ങളോട് പക്ഷം ചേരാനുള്ള ഒരു ത്വര ഊക്കനച്ചന്റെ ജീവിതാരംഭം മുതൽ ഉണ്ടായിരുന്നു.
- അതിന് ആധാരമാക്കിയദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. പുരോഹിതവൃത്തിയിലെ ഉന്നതപദവികൾക്കിടയിലും ഊക്കനച്ചന്റെ ഹൃദയം പാവങ്ങളോടൊപ്പമായിരുന്നു
- തന്റെ മരണശേഷവും പാവങ്ങൾക്കുവേണ്ടിയുള്ള പുണ്യപ്രവൃത്തികൾ തുടരേണ്ടതിന് ചാരിറ്റി സന്യാസിനീ സമൂഹം സ്ഥാപിച്ചു.
- 'സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി. സ്നേഹത്തിൽ നിങ്ങളെ ആരും പിന്നിലാക്കാതിരിക്കട്ടെ'യെന്ന് ഉപദേശത്തിലൂടെ സ്നേഹത്തിന്റെ ഒരു മത്സരവേദിത്തന്നെ തിരുസ്സഭാതനയർക്കായി അദ്ദേഹം തുറന്നുവച്ചു.
- ഇന്ന് സ്ഥാനമാനങ്ങൾക്കായി, ബഹുമതികൾക്കായി, ഉയർച്ചകൾക്കായി നെട്ടോട്ടമോടുമ്പോൾ, ഹൃദയത്തിൽ സ്നേഹം വറ്റിപോകുമ്പോൾ ഊക്കനച്ചന്റെ ഈ ഉപദേശം നമ്മെ ജ്വലിപ്പിക്കണം.
- 'നമുക്കു ചുറ്റും നാം അറിയാത്തവരായി ആരുമുണ്ടാകരുത്' എന്ന മറ്റൊരുപദേശത്തിലൂടെ അപരന്റെ ആകുലതകളിലേക്ക് ഇറങ്ങിചെല്ലാൻ ഈ പുണ്യപിതാവ് നമ്മെ ക്ഷണിക്കുന്നു.
- മരണശേഷം എന്റെ ജോലി നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതായിരിക്കുമെന്ന ഊക്കനച്ചന്റെ വാഗ്ദാനമാണ് ഇന്ന് അദ്ദേഹത്തിന്റെ ഈ കബറിടത്തിനരികിൽ നമ്മെ ഒന്നിച്ചുചേർത്തിരിക്കുന്നത്.
- പ്രാർത്ഥനയും പ്രവർത്തനവും ഒന്നിച്ചുചേർത്ത് ജനഹൃദയങ്ങളിൽ സ്ഥാനം കരസ്ഥമാക്കിയതിനാലാണ് 'അച്ചൻതമ്പുരാൻ' എന്ന പേരും 'പഞ്ചായത്ത്പ്രസിഡന്റ്' എന്ന സ്ഥാനവും ഊക്കനച്ചന് ലഭ്യമായത്.
- തിരുസ്സഭയോട് അഗാധമായ വാത്സല്യവും സ്നേഹവും ഉണ്ടായതിനാലാണ് മേലൂസ് ശീശ്മയുടെ കാലത്ത് സഭാഗാത്രത്തിനുവേണ്ടി പോരാടുവാൻ ഈ പുണ്യപിതാവിന് സാധിച്ചത്


- ‘ക്രൂശിതനായ ക്രിസ്തുവിനോട് താദാത്മ്യപ്പെടുക’യെന്ന സി. എസ്. സി. കാരിസത്തിലൂടെ വേദനിക്കുന്നവരിലും പീഡിപ്പിക്കപ്പെടുന്നവരിലും, തൂങ്ങപ്പെടുന്നവരിലും ഒറ്റികൊടുക്കപ്പെടുന്നവരിലും ഉപേക്ഷിക്കപ്പെടുന്നവരിലും ഈശോയെ ദർശിക്കുവാൻ ഇന്ന് നമ്മേയും ഊക്കനച്ചൻ വിളിക്കുന്നു. ദൈവപ്രമാണങ്ങൾ ഹൃദയത്തിൽ ഏറ്റുവാങ്ങി സ്വജീവിതത്തിൽ അത് പ്രാവർത്തികമാക്കിയ ഈ പുണ്യപിതാവിന്റെ ക്ഷണം നമുക്കും സ്വീകരിക്കാം. സ്നേഹത്തിന്റെ മത്സരവേദിയിലെ ജേതാക്കളാകാം.

തിരുക്കർമ്മങ്ങളെ തുടർന്ന് ബ. വികാരി ഫാ. ജോജോ എടത്തുരുത്തി ഏവർക്കും ഹൃദ്യമായ നന്ദികളർപ്പിച്ചു. തുടർന്നു നേർച്ചഭക്ഷണം ഉണ്ടായിരുന്നു. മാർച്ച് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം ഏറ്റെടുത്ത് നടത്തിയത് എടക്കുളം ജോസഫ് ചെറിയാനും കുടുംബവുമായിരുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

നോമ്പിന്റെയും ഉപവാസത്തിന്റെയും ആവശ്യകതയെക്കുറിച്ച് ദീർഘമായ ഒരു ലേഖനം ബഹുമാനപ്പെട്ട തച്ചുപറമ്പിൽ ആന്റണി അച്ചൻ എഴുതിയിട്ടുണ്ട്. അതിലെ ചില ചിന്തകൾ ഈ സമയം മനസ്സിൽ കൊണ്ടുവരാം. ഭൗമിക പറുദീസായുടെ മധ്യേ നട്ടപ്പെട്ടിരുന്ന നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലത്തെ ഭക്ഷിക്കരുതെന്ന് ദൈവം ആദത്തോടു ആജ്ഞാപിച്ചു. വി. ക്രിസോസ്റ്റം പഠിപ്പിക്കുന്നു: ഒരു ഭക്തയായ മാതാവിന്റെ പരിചരണത്തിൽ എന്ന പോലെ നോമ്പിന്റെ സംരക്ഷണയിലായിരുന്നു ദൈവം ആദിമാതാപിതാക്കന്മാരെ പരിപാലിച്ചുവന്നത്. ഇപ്രകാരമുള്ള പരിപാലനക്ക് അവർ വിധേയരാ



യിരുന്ന കാലത്തോളം അവർ സൗഭാഗ്യപൂർണ്ണരായിരുന്നു. നിരോധിക്കപ്പെട്ട ഫലം ഭക്ഷിച്ചതോടെ അവർക്ക് സമസ്ത ഭാഗ്യവും നഷ്ടമായി. ഈ നഷ്ടത്തെ പരിഹരിക്കുന്നതിന് ദൈവം നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗം നോമ്പും ഉപവാസവും തന്നെയാണ് എന്ന് വ്യക്തമായി അന്തോണിയച്ചൻ എഴുതുന്നു. ഉപവാസത്തോടും വിലാപത്തോടും കൂടി ജനങ്ങൾ ഹൃദയപൂർവ്വം ദൈവത്തിലേക്ക് തിരിയണമെന്നായിരുന്നു പഴയ നിയമകാലത്തെ പ്രവാചകന്മാർ പഠിപ്പിച്ചത്.

വാഗ്ദാനങ്ങൾ ലഭിച്ച മോശയും ദാവീദും ദൈവത്തിന്റെ ആജ്ഞകൾ അനുവർത്തിക്കുന്നതിൽനിന്ന് വ്യതിചലിച്ചപ്പോൾ ഉണ്ടായ ഫലങ്ങൾ അച്ചൻ വിവരിക്കുന്നു. ഇവരെപ്പോലെ ഒരിക്കൽ മാത്രമല്ല, പലപ്പോഴും നാം ദൈവത്തെ ഉപദ്രവിച്ചതിനാൽ എത്ര ജാഗ്രതയോടുകൂടി തപസ്സും ഉപവാസവും അനുഷ്ഠിക്കണം.

നൂലിന്റെ എണ്ണവും അളവും വർദ്ധിക്കുന്നതനുസരിച്ച് തിരിയുടെ ചൂടും വർദ്ധിക്കുന്നതുപോലെ നമ്മുടെ പാപങ്ങളുടെ എണ്ണവും ഗൗരവവും എത്രയോ വലിയ ശിക്ഷക്ക് നമ്മെ അർഹരാക്കിയിരിക്കുന്നു. ഇതോർത്ത് 'സ്വീകാര്യത്തിന്റെ ദിവസങ്ങളിൽ' നാം അത്യുത്സാഹത്തോടെ പാപപ്പരിഹാരം ചെയ്യേണ്ടണ്ടിയിരിക്കുന്നു.

തപസ്സിന്റെയും ഉപവാസത്തിന്റെയും ആവശ്യകത സ്പഷ്ടമാക്കുന്ന മറ്റൊരു വസ്തുത നമ്മെ വലയം ചെയ്യുന്ന ശത്രുക്കളുടെ ശക്തിയും രക്ഷാമാർഗ്ഗത്തിന്റെ വിസ്താരച്ചുരുക്കവുമാണ്. ആത്മാവിന്റെ ശത്രുക്കളായ ലോകം, പിശാച്, ശരീരം എന്നിവയെപ്പറ്റി ജാഗ്രത വേണമെന്ന് ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് അച്ചൻ ഊന്നിപ്പറയുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ബിനോയ് മഞ്ഞളി | 01 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി | 03 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 05 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. ഗോഡ്വിൻ എടക്കളത്തൂർ | 11 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ലിവിൻ ചൂണ്ടൽ | 14 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. സ്റ്റീഫൻ അറക്കൽ | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. അലക്സ് മാപ്രാണി | 18 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |

| | |
|---|---|
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. അനു ചാലിൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |

ഫാ. ജോർജ്ജ് എടക്കുളത്തൂർ 24
ഫാ. റോജോ എലുവത്തിങ്കൽ 24
ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കരിപ്പേരി 24
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 24
ഫാ. ജോർജ്ജ് കോമ്പാറ 24
ഫാ. പ്രിന്റോ കുളങ്ങര 24
ഫാ. വർഗ്ഗീസ് കൂത്തൂർ 24
മോൺ. ജോർജ്ജ് മാനാടൻ 24
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ 24
ഫാ. ജിഫി മേക്കാട്ടുകുളം 24
ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ 24
ഫാ. ജിജോ മുരിങ്ങാത്തേരി 24
ഫാ. ജോമോൻ മുരിങ്ങാത്തേരി 24
ഫാ. ജോർജ്ജ് തോമസ്
നിരപ്പുകാലയിൽ 24
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 24
ഫാ. ജോഷി പറോക്കാരൻ 24
ഫാ. സോബിൻ പായിക്കാട്ട് 24
ഫാ. പ്രിൻസ് പിണ്ടിയാൻ 24
ഫാ. ജോജു പൊറുത്തൂർ 24
ഫാ. ജെയ്സൻ പുന്നാശ്ശേരി 24
ഫാ. കനേഡിയൻ തണ്ടാശ്ശേരി 24
ഫാ. മനോജ് താണിക്കൽ 24
ഫാ. ജിയോ തരകൻ 24
ഫാ. വർഗ്ഗീസ് തരകൻ 24
ഫാ. ജസ്റ്റിൻ തേക്കാനത്ത് 24
ഫാ. ജോർജ്ജ് തേറാട്ടിൽ 24
ഫാ. ഷാജൻ തേർമഠം 24
ഫാ. ജോർജ്ജ് തേർമഠം 24
ഫാ. വർഗ്ഗീസ് ഊക്കൻ 24
ഫാ. ജോർജ്ജ് വടക്കേത്തല 24
ഫാ. മിഥുൻ വടക്കേത്തല 24
ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി 24
ഫാ. വിനോയ് വാഴപ്പിള്ളി 24

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 22.04.2021 |
| ഫാ. ചെറയത്ത് ജേക്കബ് | 30.04.2021 |
| ഫാ. തൈക്കാട്ടിൽ ജേക്കബ് | 30.04.2021 |

# സാമ്പത്തിക കാര്യാലയം

**1. കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗറിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ പള്ളികളിലെ കൈകാരന്മാരുടേയും കണക്കെഴുത്തുക്കാരുടെയും ഒരു സംയുക്തയോഗം 2022 മാർച്ച് 5ന്, ശനിയാഴ്ച ഉച്ചക്ക് 2.ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 200 ഇടവകകളിൽ നിന്നും 391 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. റവ.ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. മോൺ. ജോസ് വള്ളൂരാൻ അധ്യക്ഷത വഹിച്ച യോഗം അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് പിതാവ് മറുപടി നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് ആമുഖ പ്രഭാഷണം നടത്തി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDSഎന്നീ നിയ

മങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ, അഡ്വ. രജിത്ത് ആറ്റത്തറ, ശ്രീ.ടി.കെ.അന്തോണികുട്ടി എന്നിവർ ക്ലാസ്സെടുത്തു. മോൺ. ജോസ് കോനിക്കര പ്രസ്തുത യോഗത്തിൽ മോഡറേറ്റർ ആയിരുന്നു. ഫാ. ലിൻസൻ തട്ടിൽ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹവിരുന്നോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**2. 12 AB Registration**

പുതിയ Income Tax നിയമം അനുസരിച്ച് എല്ല പള്ളികളും, സ്ഥാപനങ്ങളും 12 ABപുതുക്കേണ്ടതാണ് ഇതിനായി അതാത് ഓഡിറ്റർമാരെ സമീപിച്ച് വേണ്ടത് ചെയ്യേണ്ടതാണ്.

**3.തെരട്ട് ഫോമുകൾ**

2021–2022 ലെ തെരട്ട് ഫോമുകൾ അധികം വൈകാതെ ഫൊറോനകളിൽ എത്തിക്കുന്നതാണ്. അക്കാര്യം പള്ളികളെ അറിയിക്കുന്നതുമാണ്.

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**വിശ്വാസം, പ്രത്യാശ,
സ്നേഹം ഇവ മൂന്നും
നിലനിൽക്കുന്നു.
എന്നാൽ, സ്നേഹമാണ്
സർവോത്കൃഷ്ടം.**

*1 കോറിന്തോസ് 13 : 12-13*

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

എനിക്ക് ഏറ്റവും പ്രിയപ്പെട്ട കുട്ടികളെ,

എല്ലാവർക്കും സുഖംതന്നെയല്ലേ? കൊറോണ കാലഘട്ടം പിന്നിട്ട് എല്ലാവരും സ്ക്കൂളിൽ പോയിതുടങ്ങിയില്ലേ? കുറച്ചുനാൾ ഓൺലൈൻ ക്ലാസുകളുമായി വീട്ടിലിരുന്നപ്പോൾ സ്ക്കൂളിൽ പോകാൻ മടിപിടിച്ചോ? സ്ക്കൂൾ യൂണിഫോം അണിഞ്ഞ് ബാഗുംതൂക്കി നിങ്ങൾ സ്ക്കൂളിൽ പോകുന്നത് കാണാൻ എന്തുഭംഗിയാണെന്നോ? കൂട്ടുകാരും ടീച്ചർമാരും പുസ്തകങ്ങളുമായി ചങ്ങാത്തംകൂടിയുള്ള സ്ക്കൂൾ ജീവിതം നിങ്ങൾ ആസ്വദിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതത്തിലെ മറക്കാനാഗ്രഹിക്കാത്ത സമയം എന്റെ സ്ക്കൂൾ ജീവിതമായിരുന്നു.

പരീക്ഷാകാലം ഇങ്ങടുത്തെത്തി. ഇനി പരീക്ഷകളുടെ പടയോട്ടമാണ്. നന്നായ് പഠിച്ച്, ഈശോയിൽ ആശ്രയിച്ച് ഉന്നതവിജയം സ്വന്തമാക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്.

വൈകാതെ നിങ്ങൾ വേനലവധിയിലേക്ക് പ്രവേശിക്കും. പാഠപുസ്തകങ്ങളോട് വിടപറഞ്ഞ് കൂട്ടുകാരുമൊത്ത് കളിക്കാനും കൂട്ടുകൂടാനുമുള്ള സമയമാണത്. ബന്ധുക്കളെയും പരിചയക്കാരെയും സന്ദർക്കാനുള്ള, വിരുന്നിനു പോകാനുള്ള സമയം. നിങ്ങളുടെ സമയം നന്നായി ഉപയോഗിക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കളികൾക്കും യാത്രകൾക്കുമിടയിൽ പ്രാർത്ഥിക്കാനും പള്ളിയിൽ പോകാനും എല്ലാ ദിവസവും സമയം മാറ്റിവയ്ക്കണം. വിശുദ്ധ കുർബാനയും കുടുംബപ്രാർത്ഥനയും മുടക്കരുത്. വീട്ടിൽ മാതാപിതാക്കളെയും മുതിർന്നവരെയും അവരുടെ ജോലികളിൽ സഹായിക്കണം. അവർ പറയുന്നത് അനുസരിക്കണം. അങ്ങനെ ഈ അവധിക്കാലം യേശുവിന്റെ നല്ല മക്കളായി വളരാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ബാലനായ യേശുവിനെക്കുറിച്ച് വിശുദ്ധ ലൂക്ക സുവിശേഷകൻ പറയുന്നത് യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും

പ്രീതിയിലും വളർന്നു  (ലൂക്ക 2: 52) എന്നാണ്. യേശുവിനെപ്പോലെ നിങ്ങളും ഒരു അനുഗ്രഹമായിത്തീരട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ  പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും  മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.  എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ വിശുദ്ധവാരം പ്രാർത്ഥനാപൂർവ്വം നേരുന്നു.

**1. Std. XII, ACC വാർഷിക പരീക്ഷാഫലം**

**Std. XII & ACC** പരീക്ഷാഫലം ഏപ്രിൽ 9 ന് അതിരൂപതാ വിശ്വാസപരിശീലന സോഫ്റ്റ്‌വെയറിലും  Blogലും പ്രസിദ്ധീകരിക്കുന്നതാണ്. Blog Address:  http://catechismtrichur.blogspot.in

**2. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 23 ആണ്. രജിസ്ട്രേഷൻ ഫോം വിശ്വാസ പരിശീലന ബ്ലോഗിലെ ഡൗൺലോഡ്സിൽ നിന്നും ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**3. ACC,  XII Re-Examination, Improvement Examination**

1. Std. XII - 2022 April 30, Saturday : Time: 10 AM - 12 Noon
2. ACC - 2022 April 30, Saturday : Time: 02 PM - 5PM

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. Std. XII വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 23 ആണ്. രജിസ്ട്രേഷൻ ഫോം വിശ്വാസപരിശീലന ബ്ലോഗിലെ ഡൗൺലോഡ്സിൽ നിന്നും ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**4. ദൈവദർശൻ ക്യാമ്പ്– 2022**

ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിന് ബുക്ക് ചെയ്യാനുള്ള കോൺടാക്റ്റ് നമ്പർ –8281064381, 0487 2420891. ഈ അവധിസമയത്ത് ഇടവകയിൽ ഇന്റൻസീവ് കാറ്റകിസത്തിന്റെ ഭാഗമായ ദൈവദർശൻ ക്യാമ്പ് സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**5. അവാർഡ് ഡേ & മെറിറ്റ് ഡേ – ഏപ്രിൽ 24**

ജനുവരി 26 ന് നടത്താൻ കഴിയാതെ മാറ്റിവച്ച അവാർഡ് & മെറിറ്റ് ഡേ April 24 ന് നടത്തുന്നു. സമ്മാനർഹരായ എല്ലാ അധ്യാപകരും വിദ്യാർത്ഥികളും അതിൽ പങ്കെടുക്കേണ്ടതാണ്. ജനുവരി മാസത്തെ ബുള്ളറ്റിനിൽ അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ. 2020–21 വർഷത്തിൽ റാങ്ക് നേടിയ XII, എസിസി വിദ്യാർത്ഥികളേയും പറഞ്ഞയയ്ക്കേണ്ടതാണ്.

**6. പാഠപുസ്തകങ്ങൾ**

ഞായർ വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2022–23 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC–ക്ക് ഒന്നാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഇൻഡന്റ് മെയ് മാസം മുതൽ സ്വീകരിച്ചു തുടങ്ങും.

**7. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്ന

തിന് അവർ പ്രാപ്തരാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**8. ഓൺലൈൻ ക്ലാസ്സ് ടീച്ചേഴ്സിന് ആദരം**

സീറോമലബാർ സഭാ ആസ്ഥാനത്തുനിന്നും ഈ വർഷം ഓൺലൈ നായി ക്ലാസ്സ് എടുത്ത എല്ലാ അധ്യാപകരേയും മൗണ്ട് സെന്റ് തോമസ് കാക്കനാട് നടന്ന അവാർഡ് ദിനത്തിൽ ആദരിച്ചു. തൃശ്ശൂർ അതിരൂപ താകേന്ദ്രത്തിൽ നിന്നും അതിരൂപതാ ഡയറക്ടറും ക്ലാസ്സെടുത്ത 8 അധ്യാപകരും ആദരം ഏറ്റുവാങ്ങി.



*തൃശ്ശൂർ അതിരൂപതക്കുള്ള ആദരം വിശ്വാസപരിശീലനഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു.*

**9. സ്കൂൾ പ്രധാനാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും മീറ്റിംഗ്**

മാർച്ച് 13 ന് സ്കൂൾ പ്രധാനാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ഡിബിസിഎൽസിയിൽ മീറ്റിംഗ് നടത്തുകയുണ്ടായി. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര കത്തോലിക്കാവിദ്യാലയങ്ങളിൽ ക്രിസ്തീ യവിദ്യാഭ്യാസം കുട്ടികൾക്ക് നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രിൻസിപ്പൽമാരെ ബോധ്യപ്പെടുത്തി. ക്രിസ്തീയ വിദ്യാഭ്യാസം സ്കൂളു കളിൽ ഊർജ്ജസ്വലമായി എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് വിശ്വാസപരിശീലന ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ മീറ്റിംഗിൽ അവതരിപ്പിച്ചു.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**
(affiliated to Katholicke Universiteit, Leuven, Belgium):

■ അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.

■ ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.

അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

■ അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.

■ 24 വിഷയങ്ങളുള്ള കോഴ്സാണിത്.

■ ബോധന മാദ്ധ്യമം: മലയാളം

■ മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.

■ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**3. Course on Theology of Family**

■ തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി

■ ലീജിയൺ ഓഫ് അപ്പോസ്തോലിക് ഫാമിലിസുമായ് (LOAF) ചേർന്ന് നടത്തുന്നു.

■ കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്

■ 2022 ജനുവരി മുതൽ 2023 മെയ് വരെയാണ് കോഴ്സ്. മാസത്തിലെ നാലാമത്തെ ഞായറാഴ്ചയാണ് ക്ലാസ്സ്. (2 pm-5 pm)

■ 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology**
(affiliated to Chair for Christian Studies and Research, Calicut University): സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിക്കും.

**5. Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും ഒരു ഞായറാഴ്ച Online ആയി ക്ലാസ്സ്
- രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്. കാർമൽ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്നു.

**6. Catechumenate Course**
പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**
നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. അടുത്ത Basic CTCയുടെ തിയ്യതികൾ വൈകാതെ അറിയിക്കുന്നതാണ്.
വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ്

ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

ഉയിർപ്പ് തിരുന്നാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**പരീക്ഷകൾ**

2021–2022 അദ്ധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 22 മുതൽ മാർച്ച് 03 വരെയുള്ള ദിവസങ്ങളിൽ നടന്നു. ഈ അദ്ധ്യയനവർഷം തത്വശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ comprehensive written & oral പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 21, മാർച്ച് 02 എന്നി തിയ്യതികളിൽ നടത്തപ്പെട്ടു.

**ധ്യാനം**

അധ്യയനവർഷ സമാപനത്തോടനുബന്ധിച്ചുള്ള ധ്യാനം മാർച്ച് 03 മുതൽ 05 വരെയുള്ള ദിവസങ്ങളിൽ നടന്നു. റവ. ഫാ. റിജോ പയ്യപ്പിള്ളി CMI ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും റവ. ഫാ. ജെയ്സൺ കാളൻ OFM.Cap., റവ. ഫാ. ബിറ്റോ തലക്കോട്ടൂർ OFM.Cap. എന്നിവർ തത്വശാസ്ത്രവിദ്യാർത്ഥികൾക്കും ധ്യാനവിചിന്തനങ്ങൾ നൽകി.

**അവധിക്കാലം**

സെമിനാരി പരിശീലനത്തിന്റെ ഒരു അധ്യയനവർഷംകൂടി പിന്നിട്ട് സ്വന്തം രൂപതകളിലേക്കും സന്യാസഭവനങ്ങളിലേക്കും മാർച്ച്

5–ാം തിയ്യതി ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗങ്ങളുടെയും ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സ്വന്തമാക്കി മെയ് 30–ാം തിയ്യതി വീണ്ടും അവർ സെമിനാരിയിൽ തിരിച്ചെത്തും.

**ഡീക്കൺ മിനിസ്ട്രി**

പരിശീലനത്തിന്റെ ഭാഗമായി നാലാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ തൃശൂർ അതിരൂപതയിലെ 15 ഇടവകകളിൽ ഡീക്കൺ മിനിസ്ട്രിക്കായി ഒരുങ്ങുന്നു. 2022 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെയാണ് ഡീക്കൺ മിനിസ്ട്രിക്കായുള്ള കാലഘട്ടം.

**ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. സി. എഫ്. തോമസ് & മേരി, ചിരിയങ്കണ്ടത്ത് ഹൗസ്, പാലയൂർ, തൃശ്ശൂർ.
2. ശ്രീമതി സി. ഡി. റീത്ത, പുലിക്കോട്ടിൽ ഹൗസ്, വടക്കാഞ്ചേരി, തൃശ്ശൂർ.
3. ശ്രീ. ഫ്രാൻസിസ് കെ. കെ., കൂത്തൂർ ഹൗസ്, എളവള്ളി, തൃശ്ശൂർ.

**Wellwisher Membership**

1. ശ്രീ. ജോസ് പി. ടി., പാലക്കൽ ഹൗസ്, മായന്നൂർ, തൃശ്ശൂർ.

സന്തോഷപൂർവ്വം നല്കുന്നവരെ സ്നേഹിക്കുന്ന ദൈവം തന്റെ അനുഗ്രഹങ്ങൾ സമൃദ്ധമായി നിങ്ങളുടെമേൽ ചൊരിയട്ടെ. എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**മാസധ്യാനം**

ഈ അദ്ധ്യയനവർഷത്തെ അവസാനത്തെ മാസധ്യാനം മാർച്ച് 11, 12 തിയ്യതികളിലായിരുന്നു. മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് ബഹു. ജോജു പൊറുത്തൂരച്ചനും ഡിഗ്രി സെമിനാരിക്കാർക്ക് ബഹു. തോമസ് പൂപ്പാടിയച്ചനും ധ്യാനചിന്തകൾ നൽകി.

**പരീക്ഷകൾ**

മൈനർ സെമിനാരിയിലെ ഒന്നാം വർഷ വൈദിക വിദ്യാർത്ഥിക ളുടെ പരീക്ഷകൾ മാർച്ച് 3–15 ദിവസങ്ങളിൽ നടന്നു. പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന സെമിനാരിക്കാരുടെ പരീക്ഷകൾ മാർച്ച് ഏഴിന് ആരം ഭിച്ച് മാർച്ച് 15ന് സമാപിച്ചു.

**അവധിക്കാലം**

ഈ വർഷത്തെ വേനൽ അവധിക്കാലം മാർച്ച് 16–ാം തിയ്യതി ആരം ഭിച്ചു. മൂന്നാം വർഷക്കാർക്കുള്ള യാത്രയയപ്പ് മീറ്റിംഗ് മാർച്ച് 15–ന് സെമി നാരിയിൽവെച്ച് നടന്നു. മീറ്റിംഗിന് ബഹു. ലിൻസൻ തട്ടിലച്ചൻ മുഖ്യാ തിഥിയായിരുന്നു. ഒരു വർഷക്കാലം സെമിനാരിയിൽ റീജൻസി പരിശീ ലനം നടത്തിയ ബ്രദർ നോബിൾ ഐനിക്കലിന് സെമിനാരി സമൂഹം പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. പ്രിൻസ് പോൾ, ചിറയത്ത് അത്താണിക്കൽ ഹൗസ്, മനക്കൊടി
2. അരുൺജോ, മാളിയേക്കൽ ഹൗസ്, എൽത്തുരുത്ത്
3. ശ്രീ. സൈമൺ സി.എൻ & ശ്രീമതി മേഴ്സി സൈമൺ, ചെറുവത്തൂർ ഹൗസ്, പഴുന്നാന
4. ശ്രീ റോമി ചിറയത്ത് ഹൗസ്, ആമ്പക്കാട് (ആമ്പക്കാട് സെന്റ് മേരീസ് ഇടവകയുടെ 200–ാം വാർഷിക സ്മാരകം)
5. ശ്രീമതി മറിയാമ്മ, വിതയത്തിൽ ഹൗസ്, പേരാമംഗലം
6. ശ്രീ ജോബി സി.ജെ., ചിറമ്മൽ ഹൗസ്, പാവറട്ടി
7. ഹോളിമി ഫാമിലി എഫ്.സി.സി. കോൺവെന്റ്, ബ്രഹ്മകുളം (കോൺവെന്റിന്റെ 50–ാം വാർഷിക സ്മാരകം)
8. ബഹു. സിൻസൻ എടക്കളത്തൂരച്ചന്റെ ഓർമ്മയ്ക്കായി അച്ചന്റെ ബാച്ചിലെ ബഹു. വൈദികർ.
9. ശ്രീ അഗസ്റ്റിൻ & ശ്രീമതി മിനി അഗസ്റ്റിൻ, തെക്കൂടൻ ഹൗസ്, കുരിയച്ചിറ
10. ബഹു. തോമസ് വടക്കേത്തല അച്ചന്റെ പൗരോഹിത്യ ഗോൾഡൻ ജൂബിലി സ്മാരകമായി തണ്ടിലം വിശ്വാസ പരിശീലന കേന്ദ്രത്തി ലെ വിശ്വാസ പരിശീലകർ.
11. ശ്രീ വി.ജി. ജോസഫ്, വാഴക്കുഴിയിൽ ഹൗസ് (ആമ്പക്കാട് സെന്റ് മേരീസ് ഇടവകയുടെ 200–ാം വാർഷിക സ്മാരകം)
12. ശ്രീ. ജോസ് ടി.വി., തരകൻ ഹൗസ്, ചേറൂർ
13. ബഹു. തോമസ് വടക്കേത്തല അച്ചന്റെ പൗരോഹിത്യ ഗോൾഡൻ ജൂബിലി സ്മാരകമായി അദ്ദേഹത്തിന്റെ കൊച്ചച്ചന്മാർ.

14. എസ്.എ.ബി.എസ്. സന്യാസിനി സമൂഹം, നിർമ്മൽ റാണി പ്രോവിൻസ്, ചേറ്റുപുഴ, തൃശൂർ
15. ബഹു. വികാരിയച്ചനും ഇടവകക്കാരും ആമ്പക്കാട് സെന്റ് മേരീസ് ഇടവകയുടെ 200–ാം വാർഷിക സ്മാരകം

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**പാമ്പ് വിഷചികിത്സാ രംഗത്ത് ജൂബലി മിഷൻ മെഡിക്കൽ കോളേജിന് തിളക്കമാർന്ന നേട്ടം.**

പാമ്പ് കടിയോട് അനുബന്ധിച്ച് രക്തം ക്ലോട്ട് ചെയ്യുന്നത് അറിയുന്നതിനുള്ള നൂതനരീതികൾ പഠിക്കുന്നതിന് ഒരു വർഷത്തേക്ക് മുപ്പത്തഞ്ച് ലക്ഷം രൂപയുടെ ഐ.സി.എം.ആർ. ധനസഹായം അനുവദിച്ചു. പാമ്പ് വിഷ ചികിത്സയിൽ തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മധ്യകേരളത്തിലെ പ്രമുഖവും രാജ്യത്താകമാനം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതുമാണ്.

ഒരു വർഷത്തിൽ ആയിരത്തോളം പാമ്പുകടിയേറ്റ വ്യക്തികൾ ഇവിടെ ചികിത്സതേടി വരുന്നുണ്ട്. വിഷം തീണ്ടിയ വ്യക്തികൾക്ക് 20,000 രൂപയോളം വരുന്ന ആന്റിവെനോം കാലങ്ങളായി ജൂബിലിയിൽ സൗജന്യമായി കൊടുക്കുന്നുണ്ട്. ഇവയ്ക്ക് പുറമെ ഈ പഠനത്തോട് അനുബന്ധിച്ച് ഒരു രോഗിക്ക് ഇരുപത്തിയാറായിരം രൂപയോളം വരുന്ന പരിശോധനയും അനുബന്ധ ചെലവുകളും സൗജന്യമായി ലഭിക്കുന്നു.

പാമ്പു കടിച്ചിട്ടുണ്ടോ എന്ന് കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കും വിധം ഒരു ടെസ്റ്റ് ഇതുവരെ നിലവിലില്ല. പാമ്പ് വിഷചികിത്സയെ പരിഷ്കരിക്കാനുള്ള ശ്രമത്തിന് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രാഥമിക പഠനത്തിന് ഐ.സി.എം.ആർ. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ കേന്ദ്രത്തിന് 35 ലക്ഷം രൂപയാണ് കൈമാറിയത്.

എമർജൻസി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോക്ടർ സിജു വി. എബ്രഹാം, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ

അസോസിയേറ്റ് പ്രൊഫസർ ഡോ. അബൂബക്കർ മുഹമ്മദ് റാഫി എന്നിവരുടെ നേതൃത്വത്തിലുള്ള യുവ ഡോക്ടർമാരാണ് ഈ പഠനത്തിന് നേതൃത്വം നൽകുന്നത്. എമർജൻസി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപ്പു സുശീൽ, ഡോ. കശ്യപ് സി. കെ., ഡോ. ഡിയോ മാത്യു എന്നിവരാണ് മറ്റു ഡോക്ടർമാർ എന്ന് റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. പി. ആർ വർഗ്ഗീസ് അറിയിച്ചു.

കേന്ദ്രഗവൺമെന്റ് ശാസ്ത്രസാങ്കേതിക മന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് സയന്റിഫിക്ക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ച് അംഗീകരിച്ച ഗവേഷണകേന്ദ്രമാണ് ജൂബിലിയുടേത്. കേരള ആരോഗ്യസർവ്വകലാശാല പി.എച്ച്.ഡി. ഗവേഷണകേന്ദ്രമായും അംഗീകരിച്ചിട്ടുണ്ട്. സർക്കാർ, എൻ.ജി.ഒ. തുടങ്ങിയ വിവിധ ഏജൻസികളുടെ സാമ്പത്തികസഹായത്തോടെ പത്തിലധികം ഗവേഷണ പദ്ധതികൾ ജൂബിലിയിൽ നടക്കുന്നുണ്ട്.

നൂതനമായ ഈ പഠനം രാജ്യത്ത് ആദ്യമായതിനാൽ പ്രാഥമിക പഠനം ഒരു വർഷം നടത്തി അതിന്റെ ഫലപ്രാപ്തി അനുസരിച്ച് തുടർപഠനം നടത്താം എന്നാണ് ഐ.സി.എം.ആർ. നിർദ്ദേശിച്ചിരിക്കുന്നത്. ഈ പഠന പദ്ധതിയിലേക്ക് മാർച്ച് ഒന്ന് മുതൽ പാമ്പുകടിയേറ്റവരുടെ രോഗികളെ ഉൾപ്പെടുത്തുമെന്ന് ഡോ. സിജു വി. അബ്രഹാം അറിയിച്ചു.

**വൈദ്യശാസ്ത്ര-ചികിത്സാരംഗത്ത് കോവിഡ് ഉയർത്തിയ നിയമപ്രശ്നങ്ങൾ**

കോവിഡ് മഹാമാരി ചികിത്സാരംഗത്തെ 'ബെസ്റ്റ് കെയർ' എന്നതിൽ നിന്നും 'മിനിമം കെയർ' എന്നതിലേക്ക് മാറാൻ ലോകവ്യവസ്ഥിതി നിർബന്ധിതമായിരിക്കുന്നു. മെഡിക്കൽ വസ്തുക്കളുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള വ്യത്യാസം സ്ഥാപനാധികാരികളുടെ ഉത്തരവാദിത്വമായി മാറി. അവശ്യവസ്തുക്കളുടെ റേഷൻ സമ്പ്രദായവും വിതരണത്തിലെ തുല്യതയും പൊതുനയത്തിന്റെ ഭാഗമായി മാറ്റപ്പെട്ടുവെന്ന് കാനഡയിലെ കാൽഗരി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ.സുമേഷ് ഫിലിപ്പ് തോമസ് അഭിപ്രായപ്പെട്ടു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണവിഭാഗം ഡയറക്ടർ ഡോ. ഡി. എം. വാസുദേവന്റെ അധ്യാപന-ഗവേഷണ പ്രവർത്തനങ്ങളുടെ അമ്പതാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ എൻഡോവ്മെന്റ് പ്രഭാഷണപരമ്പരയിലെ നാലാമത് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രഭാഷണ സമ്മേളനത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ അദ്ധ്യക്ഷത വഹി

ച്ചു. ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം നിർവ്വഹിച്ചു. മുഖ്യാതിഥി ഡോ. സുമേഷിന് ജൂബിലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് ഉപഹാരം സമർപ്പിച്ചു. ഡോ. കെസിയ കുരുവിള സ്വാഗതവും ഡോ. മാത്യു ജോൺ നന്ദിയും പറഞ്ഞു. ഡോ. ഡി. എം. വാസുദേവൻ വേദിയിൽ സിഹിതനായിരുന്നു.

**തൊണ്ടയിൽ മീൻ കുടുങ്ങിയ ആൾ അത്ഭുതകരമായി രക്ഷപ്പെട്ടു.**

വലക്കാവ് സ്വദേശി പാറത്തൊട്ടിയിൽ വർഗ്ഗീസ് ചൂണ്ടയിൽ നിന്ന് മീൻ കടിച്ചുമാറ്റി വേർപ്പെടുത്തുന്നതിനിടയിൽ മീൻ തൊണ്ടയിൽ കുടുങ്ങി ശ്വാസതടസ്സവും രക്തസ്രാവവുമായി ജൂബിലി മിഷൻ ആശുപത്രിയുടെ എമർജൻസി മെഡിസിൻ വിഭാഗത്തിൽ എത്തിയത്. ട്രക്കിയോസ്റ്റമി ചെയ്ത് ശ്വാസതടസം മാറ്റിയതിനുശേഷം തൊണ്ടയിൽ കുടുങ്ങിയ 12 സെന്റിമീറ്റർ നീളമുള്ള മത്സ്യത്തെ നീക്കം ചെയ്യുകയായിരുന്നു. ഡോ. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഇ.എൻ.ടി. വിഭാഗത്തിലെ ഡോ. ജോസ്ന, അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ബിജോയ്, ഡോ.അപർണ, ഡോ.കെസ്‌ലി, എന്നിവരടങ്ങുന്ന സംഘമാണ് വിജയകരമായി മത്സ്യത്തെ പുറത്തെടുത്തത്.

**പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം 2022**

ദേശീയ ഇമ്മ്യൂണൈസേഷൻ ഡ്രൈവിന്റെ ഭാഗമായി നടത്തറയിലെ ഹെൽത്ത് സെന്ററിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ദിനം ആചരിച്ചു. ഹെൽത്ത് നഴ്സ് ത്രേസിയാമ്മ കുര്യന്റെ നേതൃത്വത്തിൽ 172 കുഞ്ഞുങ്ങൾക്കാണ് വാക്സിൻ നൽകിയത്. കൃത്യവും ആസൂത്രിതവുമായ പൾസ് പോളിയോ പരിപാടിയിലൂടെ 2011ന് ശേഷം ഇന്ത്യയിൽ പോളിയോ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് 2 തുള്ളി പോളിയോ വാക്സിൻ ആണ് നൽകുന്നത്.

**ഡിജിറ്റൽ എക്സ്റെ ഡിറ്റെക്റ്റർ പാനൽ**

റേഡിയോളജി ഡിപ്പാർട്ടുമെന്റിൽ പുതിയ ഡിജിറ്റൽ എക്സ്റെ ഡിറ്റെക്റ്റർ പാനൽ ഫാ. റെന്നി മുണ്ടൻകുര്യൻ ആശീർവദിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ, ഡിപ്പാർട്ടുമെന്റ് എച്ച്. ഒ. ഡി. ഡോ. എം. ആർ. ബാലചന്ദ്രൻ നായർ, ഇൻചാർജ്ജ് സിസ്റ്റർ ഹന്ന ലിസ്ത്ത്, റേഡിയോളജി സ്റ്റാഫംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു. ഐ. സി. യു. കളിലും വാർഡുകളിലും പോർട്ടബിൾ രീതിയിൽ എടുക്കുന്ന എക്സ്റെ ഇമേജുകൾ യഥാസമയം തന്നെ കാണുന്നതിനും, രോഗനിർണയം വേഗത്തിൽ സാധ്യമാകുന്നതിനും സഹായിക്കുന്ന അത്യാധുനിക രീതിയിലുള്ള സംവിധാനമാണ് ഡിജിറ്റൽ എ

ക്സ്റെ ഡിറ്റെക്റ്റർ പാനൽ.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

ദേശീയ ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾക്കനുസൃതമായി (NQAS) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലും 2022 –2025 കാലയളവിൽ എക്സ്റ്റേർണൽ അസസ്സർ ആയി പരിശോധന നടത്തുന്നതിനായുള്ള പട്ടികയിലേക്ക് ക്വാളിറ്റി ലീഡ് ഡോ. നിമിഷ സോളമനെ തിരഞ്ഞെടുത്തു.

**പുതിയ ഡോക്ടർമാർ**

ഡോ. രേഷ്മ സബാസ്റ്റ്യൻ (ഒഫ്ത്താൽമോളജി വിഭാഗം)
ഡോ. അനു ഭാരതി (പൾമണോളജി വിഭാഗം)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

1. ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ ഫിലോമിന ജെയിംസ്, ആളൂക്കാരൻ ഹൗസ്, വടൂക്കര, തൃശ്ശൂർ
2. CNGAT ജൂബിലി യൂണിറ്റ്
3. ബിനു പി. എൽ, പൂവ്വത്തുംപറമ്പിൽ ഹൗസ്, അവിട്ടപ്പിള്ളി, തൃശ്ശൂർ
4. മരിയ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
5. ഡോ. ജൂലിറ്റ് ജോർജ്ജ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
6. ജോസഫ് സി ജെയ്സൺ, ചിറയത്ത് ഹൗസ്, അയ്യന്തോൾ, തൃശ്ശൂർ ടോമിൻ പയസ്സ്
7. ബേബി പി. എ, ഇൻഷൂറൻസ് ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സെന്റ് തോമസിൽ ദേശിയ സെമിനാർ**

തൃശൂർ സെന്റ് തോമസ് കോളേജിൽ ദേശിയ സെമിനാർ കൊച്ചിൻ യൂണിവേഴ്സിറ്റി (കുസാറ്റ്) പ്രോ വൈസ് ചാൻസലർ ഡോ. പി.ജി. ശങ്കരൻ ഉദ്ഘാടനം ചെയ്ത്, മുഖ്യപ്രഭാഷണം നടത്തി. മാനേജർ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ റവ.ഡോ. മാർട്ടിൻ കെ. എ. സ്വാഗതം ആശംസിച്ചു. കോളേജ് ഏർപ്പെ

ടുത്തിയ ബെസ്റ്റ് ഗവേഷണ പേപ്പർ അവാർഡ്സ്, ബെസ്റ്റ് റിസർച്ച് ഫാക്കൽറ്റി എന്നിവ വിതരണം ചെയ്തു. റിസർച്ച് ഡീൻ ഡോ. ചാക്കൊ വി.എം, ഐ.ക്യു.എ.സി കോർഡിനേറ്റർ റവ. ഡോ. അനിൽ ജോർജ്ജ്, പ്രോഗ്രാം കോർഡിനേറ്റർ ഡോ. ആൻമേരി കെ.എ, ഡോ. വിജു. എം.ജെ എന്നിവർ ദേശീയ സെമിനാറിൽ ആശംസകൾ നേർന്നു.

ഐ.ഐ.റ്റി ഹൈദ്രാബാദ് അദ്ധ്യാപകൻ ഡോ. അരവിന്ദ് കുമാർ രംഗൻ 'ആർട്ട് ഓഫ് റൈറ്റിങ് റിസർച്ച് ആർട്ടിക്കിൾസ് ആന്റ് പ്രൊപ്പോസൽസ്' എന്ന വിഷയവും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്സ് അദ്ധ്യാപകൻ ഡോ. പി.പി പ്രഡിയുംമൻ, 'ക്ലീൻ എനർജി മെറ്റീരിയൽസ് ഫോർ സസ്റ്റൈനബിൾ ഫ്യൂച്ചർ'എന്ന വിഷയവും തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ശാസ്ത്രജ്ഞ ഡോ. റൂബി ജോൺ ആന്റോ, 'ഫ്യൂച്ചർ ഓഫ് ക്യാൻസർ കെയർ' എന്ന വിഷയവും, എറണാകുളം സെന്റ് തെരേസാസ് കോളേജ് അദ്ധ്യാപിക ഡോ. പ്രിയാ നായർ, 'ഇന്റർ ഡിസിപ്ലിനാരിറ്റി ഇൻ റിസർച്ച്' എന്ന വിഷയവും പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി റിട്ട. അദ്ധ്യാപകൻ ഡോ. പി. ഭാസ്ക്കർ നായർ 'അക്കാദമിക്ക് റൈറ്റിങ്' എന്ന വിഷയവും ചെയർ ചെയ്തു. കോളേജിലെ 160 റിസർച്ച് വിദ്യാർത്ഥികളും 50 റിസർച്ച് ഗൈഡുകളും ദേശിയ സെമിനാറിൽ പങ്കെടുത്തു.

ഗവേഷണ വിദ്യാർത്ഥികളുടെ പ്രബന്ധ അവതരണവും, അവാർഡ് വിതരണവും നടന്നു. അദ്ധ്യാപകരായ സി. ഡോ. അൽഫോൺസ മാത്യു, ഡോ. ബിനോയ്, ഡോ. വിമല, ഡോ. ആൻമേരി എന്നിവർക്കും, വിദ്യാർത്ഥികളായ, റിജക്റ്റ് പോൾ, ഐശ്വര്യ കെ.എസ്, സാബു എ.എസ്, നിള രാജീവ്, ഊർമ്മിള മേനോൻ, ദീപ്തി കെ.എസ്, അനുപമ കെ, എന്നിവർക്ക് മികച്ച ഗവേഷണ അവാർഡും ലഭിച്ചു. മികച്ച പ്രബന്ധങ്ങൾക്കുള്ള അവാർഡുകൾ ശ്യാമ ശശിധരൻ, ഡോ. വിപിൻ ബെന്നി, ഡോ. റീജ ജോൺസൺ എന്നിവർ നേടി. സമാപന സമ്മേളനത്തിൽ റവ. ഡോ. മാർട്ടിൻ കെ.എ, ഫാ.ബിജു പാണേങ്ങാടൻ, വിനോദ് പി.എം, ഡോ. ബിനോയ് സി.എഫ്, ഡോ. ചാക്കൊ വി.എം, ഡോ. ജോയ്സ് ജോസ്, ഡോ. ആൻമേരി, ഡോ. വിജു എം.ജെ എന്നിവർ സംസാരിച്ചു.

**2. കായികം**

ശബരിനാഥ് – 'ബാക്ക് ഫ്ളിപ്പ് വിത്ത് പുഷ്അപ്പ്' – ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ് നേടി.

സ്വാലിഹ കെ.എച്ച് – ഹൈജമ്പ് – ഇന്റർ യൂണിവേഴ്സിറ്റി മൂന്നാം സ്ഥാനം

റൈസുദീൻ എം.ആർ – റസലിംഗ് – കാലിക്കറ്റ് യൂണിവേഴ്സിറ്റി

ഒന്നാം സ്ഥാനം
സോഫ്റ്റ് ടെന്നീസ് ചാമ്പ്യൻഷിപ്പ് – കാലിക്കറ്റ് യൂണിവേഴ്സിറ്റി
'സെപക്ക് ത്രോ ടീമിലേക്ക് 6 പേരെ കോളേജിൽ നിന്നും തെരഞ്ഞെടുത്തു – സുമിത്ത് എം.എസ്, സോനു പ്രകാശ്, യദു കൃഷ്ണ, ആദിൽ എ, ബേസിൽ കെ. ബാബു, നിധിൻ വി. നായർ.

3. **ജെ.ആർ.എഫ്/ നെറ്റ്**
ദേവിക വിനോദ് – ഇംഗ്ലീഷ് – ജെ.ആർ.എഫ്
ആര്യ കെ.എൽ – ഇംഗ്ലീഷ് – നെറ്റ്

4. **നേട്ടം**

മാതൃഭാഷാദിനത്തോടനുബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് നടത്തിയ പ്രസംഗ മത്സരത്തിൽ നോൺ ടീച്ചിംങ്ങ് സ്റ്റാഫായ ശ്രീ ജോഷി എം. എ യ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചു.

5. **സെമിനാർ**

മാതൃഭാഷാദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിൽ പ്രശസ്ത കവി ഡോ. ശ്യാം സുധാകർ മുഖ്യപ്രഭാഷണം നടത്തി.

- കോമേഴ്സ് (എസ്.എഫ്) ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ പ്രൊഫിൻസ് സി.എം.എ കാമ്പസുമായി സഹകരിച്ച് 'പ്രൊഫഷണൽ കരിയർ ഓപ്പർച്ചൂനിറ്റീസ് ഇൻ കോമേഴ്സ്'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ശ്രീ. അനൂപ് എം.ജി. സെമിനാർ നയിച്ചു.
- ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു ദേശീയ സെമിനാർ 'സ്പീഷീസ് ദ പാഷൻ 7' എന്ന പേരിൽ നടത്തപ്പെട്ടു. വൈസ് പ്രിൻസിപ്പാൾ ഡോ. ആന്റോ ജോണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. ഹോൺബിൽ ഫൗണ്ടേഷൻ ഡയറക്ടർ ഡോ. അമിതാബച്ചൻ കെ. എച്ച് മുഖ്യപ്രഭാഷണം നടത്തി. 4 ഇൻവൈറ്റഡ് പ്രഭാഷണവും, 11 സ്ക്കോളർ പ്രസന്റേഷനും ഉണ്ടായിരുന്നു.
- ബോട്ടണി ഡിപ്പാർട്ട്മെന്റും, കോളേജ് ഐ.ഐ.സി യുമായി ചേർന്ന് ശാസ്ത്രദിനത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഇന്നൊവേഷൻ ഹെൽത്തി കോമ്പിനേഷൻ ആന്റ് ചലൻഞ്ചസ് എന്ന വിഷയത്തിൽ ചെറുത്തുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ ഡോ. ബിജു പി. എൽ മുഖ്യപ്രഭാഷണം നടത്തി.
- ബോട്ടണി ഡിപ്പാർട്ട്മെന്റും, കോളേജ് ഐ.ഐ.സി യുമായി സംയുക്തമായി പ്രോസസ് ഓഫ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. നോയിഡ അലിസ് എഡ്യുസൊല്യൂഷൻ കമ്പനി, റോബോട്ടിക്ക് ഫാക്കൽട്ടി, മിസ്. ഏഞ്ചൽസ് സി.ജെ മുഖ്യപ്രഭാഷണം നടത്തി.

- ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ  ഹൈബ്രിഡ് മെറ്റീരിയൽ  എന്ന വിഷയത്തിൽ ബാഗ്ലൂർ ജവഹർലാൽ സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച് സ്ഥാപനത്തിലെ റിസർച്ചർ ശ്രീ അർജ്ജുൻ വെബിനാർ നയിച്ചു.
- വുമൺ സെല്ലും, സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റും സംയുക്തമായി ലോക വനിതാ ദിനത്തിൽ സംഘടിപ്പിച്ച സെമിനാറിൽ  വനിതകളുടെ സാമൂഹിക, കാലിക പ്രശ്നങ്ങൾക്ക് നിയമപരമായി പരിഹാരം എന്ന വിഷയത്തിൽ അഡ്വ. റീന ജോൺ മുഖ്യപ്രഭാഷണം നടത്തി. ട്രാൻസ് ജെന്റർ ദേവൂട്ടി ഷാജി വ്യക്തിപരമായ പ്രതിസന്ധികളെക്കുറിച്ച് സംസാരിച്ചു. ഇതിനോടനുബന്ധിച്ച് ക്വിസ് മത്സരവും സംഘടിപ്പിച്ചു.

**6. എൻ.എസ്.എസ് യൂണീറ്റ്**

ലോക മാതൃഭാഷാദിനം, പബ്ലിക്ക് ലൈബ്രറി ശുചീകരണം, അഭയം–ഭവന നിർമ്മാണ പദ്ധതി, നാഷണൽ വിമൻസ് ഡേ, പൊതിച്ചോറ് വിതരണം (സ്വാദ്), രക്ത ദാനം എന്നീ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

- ലോക വനിതാ ദിനം, പോളിയോ ബോധവത്ക്കരണ പരിപാടി, ദേശീയ റോഡ് സുരക്ഷാദിനം, ലോക സസ്റ്റനയബിൽ എനർജി ദിനം.
- വൃത്തിയാക്കി – ഒല്ലൂർ വില്ലേജ് ഓഫീസ്, തൃശൂർ പ്ലാനിംഗ് ഓഫീസ്.
- അഭയം വീടുനിർമ്മാണം പ്രവർത്തനങ്ങളിലേക്ക് മാത്തമാറ്റിക്സ്, ബോട്ടണി എന്നീ ഡിപ്പാർട്ട്മെന്റുകൾ ഭവന നിർമ്മാണ ഫണ്ട് പ്രിൻസിപ്പാൾക്ക് കൈമാറി.

**7. സൗരോർജ്ജ പദ്ധതി**

സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിലുള്ള അനർട്ട് നടപ്പിലാക്കിവരുന്ന സൗര തേജസ് പദ്ധതിയുടെ സ്ലോട്ട് രജിസ്ട്രേഷൻ കോളേജിൽ മൂന്നു ദിവസങ്ങളിലായി സംഘടിപ്പിക്കപ്പെട്ടു. കോളേജിലെ എനർജി ആന്റ് എൻവയോൺമെന്റ് ക്ലബുമായി സഹകരിച്ചാണ് അനർട്ടിന്റെ ഈ സ്പോട്ട് രജിസ്ട്രേഷൻ പദ്ധതി.

**8. എൻ.സി.സി**

എൻ.സി.സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'പുൽവാമ' രക്തസാക്ഷിദിനം ഓർമ്മയാചരിച്ചു.

- അവസാന വർഷ വിദ്യാർത്ഥികൾക്കായി എൻ.സി.സി വാർഷികാഘോഷം സംഘടിപ്പിച്ചു. ലെഫ്. സാബു എ.എസ് അദ്ധ്യക്ഷത വഹിച്ചു. കേഡറ്റ് വിദ്യാർത്ഥികളായ ജോസഫ് ആന്റണി, പിന്റോ, വർഷ വി.ജി എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ഗ്രൂപ്പ് ഫോട്ടൊ സെഷൻ ഉണ്ടായിരുന്നു.

**9. ഇന്റർനാഷണൽ ലെക്ചർ സീരീസ്**

നൂറ്റി മൂന്നാമത് ഇൻർനാഷണൽ ലെക്ചർ സീരീസ് കോളേജ് സംഘടിപ്പിച്ചു. 'ട്രൂത്ത് ആന്റ് പോസ്റ്റ് ട്രൂത്ത്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട പ്രഭാഷണം പ്രശസ്ത എഡിറ്ററും, വിദ്യാഭ്യാസ വിചക്ഷണനുമായ ശ്രീ അമിത് സെൽ ഗുപ്ത നടത്തി.

**10. മാനേജർ വിസിറ്റ്**

കോളേജിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളും മാനേജർ സന്ദർശിച്ചു, പ്രവർത്തനങ്ങളെ വിലയിരുത്തി.

**11. അഭിനന്ദനങ്ങൾ**

ഇംഗ്ലീഷ് വിഭാഗം മുൻ അദ്ധ്യാപകൻ ഡോ. എം.വി നാരായണൻ കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറായി നിയമിതനായതിൽ അഭിനന്ദനങ്ങൾ.

പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജ് സംഘടിപ്പിച്ച യുവജന ദിനാഘോഷത്തിൽ, ക്വിസ് മത്സരത്തിൽ ഇക്കണോമിക്സ് ബിരുദ വിദ്യാർത്ഥികളായ അജിൻ പി., അതുൽ കൃഷ്ണ എന്നിവർ മൂന്നാം സ്ഥാനം നേടി.

**12. ഡെ കെയർ ഉത്ഘാടനം ചെയ്തു**

ജൂബിലി ബ്ലോക്കിൽ കോളേജിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ കുട്ടികൾക്കായ് ഡെ കെയർ ആരംഭിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ആശിർവദിച്ച് ഉത്ഘാടനം ചെയ്തു.

**13. ക്വിസ്**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദേശീയ പ്രസംഗ മത്സരം നടത്തി. വിജയികൾക്ക് സമ്മാന ദാനം നടത്തി.

**14. മിഴിവ് 2022**

ഈ വർഷത്തെ യുവജനോത്സവം വിപുലമായ രീതിയിൽ ഓഫ് സ്റ്റെയ്ജ്, ഓൺ സ്റ്റെയ്ജ് മത്സരങ്ങളായി നടത്തപ്പെട്ടു. പ്രശസ്ത ഗായകൻ അനൂപ് ശങ്കർ ഉത്ഘാടനം ചെയ്തു. ഡിപ്പാർട്ട്മെന്റ് തിരിഞ്ഞ് മത്സരിച്ച യുവജനേത്സവത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**15. കായികം**

1) ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥിനി ആൻസി സോജൻ ആദ്യ ഇന്ത്യൻ ഓപ്പൺ ജമ്പ് മത്സരത്തിൽ ലോങ്ങ്ജമ്പിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കി.
2) കാലിക്കറ്റ് യൂണിവേഴ്സിറ്റി പുരുഷ ക്രോസ് കൺട്രി മത്സരത്തിൽ കോളേജ് ടീം ചാമ്പ്യൻഷിപ്പ് നേടി.

3)ദേശീയ മിക്സഡ് റിലെയിൽ ബി.എ ക്രിമിനോളജി വിദ്യാർത്ഥിയായ റാഷിബ് ജബീൽ മൂന്നാം സ്ഥാനം നേടി.

4)ബികോം വിദ്യാർത്ഥി റൈസുദീൻ ദേശീയ പഞ്ചഗുസ്തി മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**16. ജെന്റർ ഇക്വിറ്റി ട്രെയിനിംഗ്**

ജെന്റർ ക്ലബും, ജില്ല കുടുംബശ്രീ മിഷനുമായി സഹകരിച്ച് ജെന്റർ ഇക്വിറ്റി ട്രെയിനിംഗ് സംഘടിപ്പിച്ചു. തൃശൂർ മേയർ ശ്രീ. എം. കെ. വർഗീസ് ഉത്ഘാടനം ചെയ്തു. ശ്രീ. ജ്യോതി കുമാർ, ശ്രീ. നിർമ്മൽ എസ്. സി. എന്നിവർ ക്ലാസ്സ് നയിച്ചു.

**17. പ്ലെയ്സ്മെന്റ് ലഭിച്ചു**

പ്ലെയ്സ്മെന്റ സെല്ലിന്റെ ആഭിമുഖ്യത്തിൽ 7 പേർക്ക് ഗാഡ്ജിയോൺ കമ്പനിയിൽ ജോലി ലഭിച്ചു.

**18. വെബിനാർ**

സ്റ്റാർട്ടപ്പ് ആന്റ് ഇന്നൊവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. സിലിഷ്യം സെർക്യൂട്ട് കമ്പനിയുടെ ഡയറക്ടർ ശ്രീ. റിജിൻ ജോൺ അച്ചീവിങ്ങ് പ്രോബ്ലം, സൊലൂഷൻ ഫിറ്റ് ആന്റ് പ്രോഡക്റ്റ് മാർക്കറ്റ് ഫിറ്റ് എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ റിസൊണെറ്റിംഗ് വണ്ടർ, ഷേക്സിപിയർ ഇൻ ഇഡ്യൻ ആന്റ് ഗ്ലോബൽ അവതാർസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ന്യൂഡൽഹി അശോക യൂണിവേഴ്സിറ്റി ഇംഗ്ലീഷ് വിഭാഗം തലവൻ ഡോ. ജോനഥൻ ഗിൽ ഹാരിസ് വെബിനാർ നയിച്ചു.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെത്തഡോളജിയിൽ പ്രഭാഷണം സംഘടിപ്പിച്ചു. തമിഴ്നാട് വെല്ലൂർ എ.പി.സി.എ, റിസർച്ച് ഓഫീസർ ഡോ. ടി.എച്ച്. അൻസാർ, കോയമ്പത്തൂർ പി.എസ്.ജി.ഐ പ്രൊഫസർ. അനിൽ സി. മാത്യു എന്നിവർ ക്ലാസ്സു നയിച്ചു.

സ്റ്റാർട്ടപ്പ് ആൻഡ് ഇന്നൊവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ മൈ സ്റ്റോറി' എന്ന വിഷയത്തിൽ മിസ്. സുമില ജയരാജ് ശ്രീ. രോഹിത് പല്ലെറിയക്കിൽ മോട്ടിവേഷൻ ക്ലാസ്സ് നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**ഐ.സി.റ്റി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

ഫെബ്രുവരി 8, 10 ദിവസങ്ങളിൽ സാജൻ സാറിന്റെ നേതൃത്വത്തിൽ ഐ.സി.റ്റി. വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഈ വർക്ക്ഷോപ്പ് അധ്യാപക – വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരുന്നു.

**അനുവൽ അത്‌ലറ്റിക് മീറ്റ് നടത്തി**

2021–2022 അധ്യായന വർഷത്തെ ആനുവൽ അത്‌ലറ്റിക് മീറ്റ് ഫെബ്രുവരി 18–ാം തിയ്യതി വെള്ളിയാഴ്ച സംഘടിപ്പിച്ചു. ഹൗസുകളായി തരംതിരിച്ച് നടന്ന മത്സരത്തിൽ വിദ്യാർത്ഥികൾ എല്ലാവരും തന്നെ പങ്കെടുത്തു.

**ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു**

ബി.എഡ് ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി 28–ാം തിയ്യതി സ്റ്റഡി ടൂർ അതിരപ്പിള്ളിയിലേക്ക് സംഘടിപ്പിച്ചു. എല്ലാ വിദ്യാർത്ഥികളും പങ്കെടുത്ത ടൂർ ഏറെ ആസ്വാദകരമായിരുന്നു.

**സയൻസ് ഡേ ആഘോഷിച്ചു**

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 28–ാം തിയ്യതി സയൻസ് ഡേയോട് അനുബന്ധിച്ച് സയൻസ് ഡേ ആഘോഷിച്ചു. സയൻസ് ഡേയിൽ ഇംപോർട്ടൻസ് ഓഫ് സയൻസ് ഡേ, ക്വിസ്, മാജിക്, ഡാൻസ് എന്നിവ സംഘടിപ്പിച്ചു. വിദ്യാർത്ഥികളെല്ലാവരും സജീവമായി പങ്കെടുത്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**വിവാഹ ഒരുക്കധ്യാനം**

**പ്രീകാന ധ്യാനം**

2022 ഏപ്രിൽ 1 മുതൽ പ്രീകാന ധ്യാനങ്ങൾ പഴയതുപോലെ മൂന്ന് ദിവസങ്ങളിലായി (ബുധൻ, വ്യാഴം, വെള്ളി) ആമ്പല്ലൂരിലുള്ള

സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വച്ച് താമസിച്ചുകൊണ്ട് നടത്തുന്നതായിരിക്കും. മൂന്നാം ദിവസം അതായത് വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 1.15 മുതൽ 4.15 വരെ മാതാപിതാക്കൾക്കുള്ള സെമിനാർ ഉണ്ടായിരിക്കുന്നതാണ്.

**വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാനുള്ള സൈറ്റ്**

വിവാഹ ഒരുക്ക ധ്യാനം ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണ് trichurfamilyapostolate.org എന്നത്. ഈ വെബ്സൈറ്റ് തുറന്ന് മെനുബാറിൽ നിന്നും premarriage course എന്ന tab തുറന്നാൽ കാണുന്ന വിവിധ ആഴ്ചകളിലെ course list ൽ നിന്നും ആവശ്യമുള്ള date നു നേരെ കാണുന്ന booking tab click ചെയ്താൽ ഒരു form തുറന്നു കിട്ടും. എല്ലാ details ഉം പൂരിപ്പിച്ച് കഴിഞ്ഞാൽ course fee അടക്കുന്നതിനുള്ള gateway details വരും, debit card ഉപയോഗിച്ചോ credit card ഉപയോഗിച്ചോ payment നടത്താവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാൻ അറിയാത്തവർക്ക് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വന്ന് ബുക്ക് ചെയ്യാവുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ബുക്ക് ചെയ്യാൻ വരുമ്പോൾ കുട്ടിയുടെ പേര്, മാമ്മോദീസ പേര്, ജനന തിയ്യതി, മാതാപിതാക്കളുടെ പേര്, രൂപത, ഇടവക, വിദ്യാഭ്യാസം, ജോലി, പാസ്പോർട്ട് സൈസ് ഫോട്ടോ, വീട്ടുപേര്, പിൻകോഡ്, മൊബൈൽ നമ്പർ, കല്യാണ തിയ്യതി (തീരുമാനിച്ചിട്ടുണ്ടെങ്കിൽ) എന്നിവ അറിഞ്ഞിരിക്കേണ്ടതാണ്.

**മാതാപിതാക്കൾക്കുള്ള സെമിനാർ**

ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തട്ടെ..... തൃശ്ശൂർ അതിരൂപതയ്ക്ക് പുറത്ത് വിവാഹ ഒരുക്ക ധ്യാനം കൂടുന്ന കുട്ടികളുടെ മാതാപിതാക്കൾ മാതാപിതാക്കൾക്കുള്ള സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. മാതാപിതാക്കൾക്കുള്ള സെമിനാർ എല്ലാ വെള്ളിയാഴ്ചകളിലും ഉണ്ടായിരിക്കുന്നതാണ്. സമയം ഉച്ചക്ക് 1.15 മുതൽ 4.15 വരെയായിരിക്കും. മാതാപിതാക്കൾ ഈ സെമിനാറിൽ സംബന്ധിക്കാൻ വരുമ്പോൾ വികാരിയച്ചന്റെ കയ്യിൽ നിന്നും കത്ത് കൊണ്ടുവരേണ്ടതാണ്.

**വിവാഹ ഒരുക്ക ധ്യാന ഫീസ്**

തൃശ്ശൂർ അതിരൂപതയിൽ വിവാഹ ഒരുക്ക ധ്യാനത്തിന് സംബന്ധിക്കുന്നവരുടെ ശ്രദ്ധയ്ക്ക് ഏപ്രിൽ 1 മുതൽ വിവാഹ ഒരുക്ക ധ്യാനത്തിന്റെ ചാർജ്ജ് 1300 രൂപയാക്കിയിരിക്കുന്നു.

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ്

പ്രോഗ്രാം നടത്തി വരുന്നു. കഴിഞ്ഞ മാസത്തിൽ ആറ്റത്തറ ഇടവക യിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

ഏപ്രിൽ 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്ത രത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**നേഴ്സസ് സെമിനാർ**

അതിരൂപതയിലെ വിവിധ ആശുപത്രികളിലായി സേവനം ചെയ്യുകയും നഴ്സുമാരാകാൻ പഠിക്കുകയും ചെയ്യുന്ന എല്ലാവരേയും നഴ്സസ് സെമിനാറിലേക്ക് സ്വാഗതം ചെയ്യുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദ വുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് ഏപ്രിൽ 9–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാനായി സ്നേഹ ത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരി ശ്രമിക്കുമല്ലോ.

**വലിയ കുടുംബങ്ങളുടെ സംഗമം, ഏപ്രിൽ 24 ഞായർ**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം വരുന്ന ഏപ്രിൽ 24–ാം തിയ്യതി ഞായറാഴ്ച്ച തൃശ്ശൂർ ലൂർദ്ദ്പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ സംഗമത്തിലേക്ക് നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ പറഞ്ഞയക്കുമല്ലോ.

**100 രൂപ ലൈഫ് ചലഞ്ച്**
**ജന്മമേകാൻ ഒരു ഇടം ജീവനായി ഒരു കരുതൽ**

ജീവന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വലിയ കുടുംബങ്ങളുടെ അതിജീവനത്തിനുമായി തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിയോടൊപ്പം നമുക്കും കൈകോർക്കാം. പങ്കുവെയ്പ്പിൻ പങ്കാളികളാകാം. ദൈവത്തിൻ പക്ഷം ചേരാം. ഈ സദുദ്യമത്തിൽ സഹകാരികളാകാൻ താഴെ നൽകുന്ന അക്കൗണ്ട് നമ്പർ ഉപയോഗിക്കാം.

| | |
|---|---|
| Name of A/c | : Prolife Movement |
| A/C Number | : 0299-03987990-195001 |
| Name of the Bank | : CSB, East Fort, Thrissur - 5 |
| IFSC Code | : CSBK 0000299 |

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**തൃശ്ശൂർ അതിരൂപത മാതൃവേദിക്ക് പുതിയ നേതൃത്വം**

2022 – 2024 വർഷങ്ങളിലേക്കുള്ള അതിരൂപത മാതൃവേദി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2022 ഫെബ്രുവരി 26–ാം തിയ്യതി ശനിയാഴ്ച്ച തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുകയുണ്ടായി. പുതിയ അതിരൂപത പ്രസിഡണ്ടായി ശ്രീമതി എൽസി വിൻസെന്റ്, സെക്രട്ടറി ശ്രീമതി ജീന ജോസഫ്, ട്രഷറർ ശ്രീമതി ശോഭ ജോൺസൻ,

വൈസ് പ്രസിഡണ്ട് ശ്രീമതി ഷൈനി ജേക്കബ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ലിസി പോൾ, എക്സിക്യൂട്ടീവ് മെമ്പേഴ്സായി ശ്രീമതി ലീന ജോർജ്ജ്, ഗ്രെറ്റ ബേബി, ജെയ്മോൾ സെബാസ്റ്റ്യൻ, സെനറ്റ് മെമ്പേഴ്സായി ശ്രീമതി ബീന ജോഷി, ശ്രീമതി മേരി രാജു എന്നിവരെ യോഗം തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

**നന്ദിയോടെ....**

2018 – 2021 വർഷങ്ങളിൽ അതിരൂപത മാതൃവേദിയെ കൂട്ടായ്മയോടും കൂട്ടുത്തരവാദിത്തത്തോടും മാതൃവേദിയെ നയിച്ച പ്രസിഡണ്ട് ശ്രീമതി മേരി വിൻസെന്റ്, സെക്രട്ടറി ശ്രീമതി ജൂലി ബാബു, ട്രഷറർ ശ്രീമതി പ്രിൻസി ദാസ്, വൈസ് പ്രസിഡണ്ട് ശ്രീമതി മല്ലിക ബേബി, ജോയിന്റ് സെക്രട്ടറി ശ്രീമതി ഷാജി ബാബു, എക്സിക്യൂട്ടീവ് മെമ്പേഴ്സ് ജീന ജോസഫ്, ആശ ജോസഫ്, ഷീല ആന്റോ, സെനറ്റ് മെമ്പേഴ്സ് ബെറ്റി ഷാജൻ, റീമ ടോമി എന്നിവർക്ക് അതിരൂപതയുടെ മാതൃവേദിയുടെ ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു.

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിക്കുകയാണ്. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. ഏപ്രിൽ മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം, ജോഷ്വാ, ന്യായാധിപൻമാർ, റൂത്ത് എന്നീ പുസ്തകങ്ങളാണ്.

**മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷം**

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷമായി ഈ വർഷം ആചരിക്കുകയാണല്ലോ, അതിനോടനുബന്ധിച്ച് ഇടവക മാതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിലെ തോമാശ്ലീഹായുടെ നാമത്തിലുള്ള ഏഴ് പള്ളികൾ സന്ദർശിക്കുന്നത് നല്ലതാണ്. സാധിക്കുന്ന യൂണിറ്റിലെ മാതൃവേദി അംഗങ്ങൾ ഈ നല്ല പാരമ്പര്യം തുടരുന്നത് ഏറെ അനുഗ്രഹപ്രദമാണെന്ന് ഓർമ്മപ്പെടുത്തുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

ഏപ്രിൽ 5 ചൊവ്വ (9.30 am – 1.00 pm)

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചിട്ടുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്ക് കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും വസ്തുക്കൾ കൊണ്ടുവരാവുന്നതാണ്.

**കുർബാന ഒരു പഠനം**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരം ഏപ്രിൽ 5–ാം തിയ്യതി ചൊവ്വാഴ്ച്ച (9.30 am – 1.00 pm) ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമായി ഏപ്രിൽ 5–ാം തിയ്യതി ചൊവ്വാഴ്ച്ച (9.30 am – 1.00 pm) ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നതാണ്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# കുടുംബക്കൂട്ടായ്മ

**അതിരൂപത ജനറൽബോഡി**

അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി യോഗം 2022 ഫെബ്രുവരി 27–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ കൂടി. ഈ യോഗത്തിൽ എത്തിച്ചേർന്ന അതിരൂ

പത ജനറൽബോഡി അംഗങ്ങളായ എല്ലാവർക്കും പ്രത്യേക ക്ഷണിതാക്കളായി എത്തിച്ചേർന്ന ഇടവക കൺവീനർമാർക്കും അതിരൂപത കുടുംബകൂട്ടായ്മയുടെ പ്രത്യേക നന്ദി.

**ഫൊറോന സന്ദർശനം**

അതിരൂപത കൂടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ മാർച്ച് മാസത്തിൽ 12 ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി സന്ദർശനം വിജയകരമായി പൂർത്തീകരിച്ചു. സന്ദർശിച്ച ഫൊറോനയും തിയ്യതിയും സമയവും താഴെ ചേർക്കുന്നു.

| | |
|---|---|
| ബസിലിക്ക | – 06.03.2022 ഞായർ 2.00 pm |
| വേലൂർ | – 06.03.2022 ഞായർ 3.00 pm |
| ലൂർദ്ദ് | – 13.03.2022 ഞായർ 3.00 pm |
| പറപ്പൂർ | – 13.03.2022 ഞായർ 3.00 pm |
| പുതുക്കാട് | – 13.03.2022 ഞായർ 4.00 pm |
| പഴുവിൽ | – 20.03.2022 ഞായർ 11.30 am |
| എരുമപ്പെട്ടി | – 20.03.2022 ഞായർ 2.00 pm |
| വടക്കാഞ്ചേരി | – 20.03.2022 ഞായർ 2.30 pm |
| പുത്തൂർ | – 27.03.2022 ഞായർ 3.00 pm |
| ചേലക്കര | – 27.03.2022 ഞായർ 4.00 pm |
| മറ്റം | – 27.03.2022 ഞായർ 4.30 pm |
| ഒല്ലൂർ | – 27.03.2022 ഞായർ 5.00 pm |

ഫൊറോന സന്ദർശനത്തിന് വേണ്ടി കൂടിയ ഫൊറോന ജനറൽബോഡി യോഗത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും ആനിമേറ്ററച്ചന്മാർക്കും ഫൊറോന കൺവീനറുടെ നേതൃത്വത്തിലുള്ള ഭാരവാഹികൾക്കും ഈ ഫൊറോന സന്ദർശനത്തിൽ ഇടവകയിൽ നിന്ന് അവരെ പറഞ്ഞുവിട്ട ഇടവക വികാരിയച്ചന്മാർക്കും ഇടവക കൺവീനർമാർക്കും അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ പ്രത്യേകം നന്ദി.

**ഗോൾഡൻ ജൂബിലി സ്മാരക ഭവന നിർമ്മാണ കവർ**

അതിരൂപത കുടുംബകൂട്ടായ്മ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഗോൾഡൻ ജൂബിലി സ്മാരകമായി കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ഇവിടെ നിന്നും ജൂബിലി സ്മാരക ഭവന നിർമ്മാണ കവർ ഇടവക കൺവീനർ മുഖേന ലഭിച്ചിട്ടുണ്ടല്ലോ. നിർബന്ധപൂർവ്വമല്ലാത്ത സാധിക്കുന്ന ഉദാരമായ സംഭാവനകൾ നിങ്ങൾക്കു നൽകുന്ന കവറിൽ നിക്ഷേപിച്ച് ഇടവക കൺവീനറെ ഏൽപിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. ഈ കവറിൽ നിക്ഷേപിച്ച സംഖ്യ ഇട

വക കൺവീനർ സഹഭാരവാഹികളുമായി സഹകരിച്ച് എണ്ണിതിട്ടപ്പെടുത്തി ഫാമിലി അപ്പൊസ്റ്റൊലേറ്റിലുള്ള കുടുംബകൂട്ടായ്മ ഓഫീസിൽ അടയ്ക്കുമല്ലോ. റസിപ്റ്റ് കൈപറ്റുവാനും മറക്കരുത്. ഈ ഉദ്യമത്തിലേക്ക് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**യുവജന സംഗമം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ജൂബിലി വർഷത്തോടനുബന്ധിച്ച് ഏപ്രിൽ 10-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.30 ന് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് യുവജന സംഗമം നടത്തുന്നു. ഈ യോഗത്തിൽ അതിരൂപതയിലെ എല്ലാ ഇടവകയിൽ നിന്നുള്ള  കുടുംബകൂട്ടായ്മയിലെ യുവജന ഭാരവാഹികളാണ് പങ്കെടുക്കേണ്ടത്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ജൂബിലി പ്രയാണ യാത്ര**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഗോൾഡൻ ജൂബിലി വർഷത്തോടനുബന്ധിച്ച് മെയ് 21, 22 ശനി, ഞായർ ദിവസങ്ങളിലായി 16 ഫൊറോന ദൈവാലയങ്ങളിലൂടെ ജൂബിലി പ്രയാണ യാത്ര നടത്തുന്നു. ഈ ജൂബിലി പ്രയാണ യാത്രക്ക് അതാത് ഫൊറോനയിൽ വേണ്ട ഒരുക്കങ്ങൾ നടത്തുവാൻ ഫൊറോന കുടുംബകൂട്ടായ്മ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഗോൾഡൻ ജൂബിലി സമാപനം**

അതിരൂപത കുടുംബകൂട്ടായ്മയുടെ ഗോൾഡൻ ജൂബിലി സമാപനം മെയ് 29 ഞായറാഴ്ച്ച 2.00 മണി മുതൽ 5.00 മണി വരെ ഡി.ബി.സി.എൽ.സി ഹാളിൽ വച്ച് നടത്തപ്പെടുന്നു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, തൃശ്ശൂർ അതിരൂപത മെത്രപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾമാർ തുടങ്ങിയ ആത്മീയ നേതാക്കന്മാർ ഈ യോഗത്തിൽ പങ്കെടുക്കുന്നു. ഈ ഗോൾഡൻ ജൂബിലി സമാപനത്തിലേക്ക് കുടുംബകൂട്ടായ്മയുടെ എല്ലാ ഭാരവാഹികളേയും പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**എ.എഫ്.സി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവക പി.എഫ്.സി സെക്രട്ടറിമാർക്കായി ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഇടവകകളിൽ റേഷൻ കാർഡ് സേവനങ്ങളും, ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ എന്നിവക്കുള്ള ട്രെയിനിങ്ങിനു അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൻ നേതൃത്വം നൽകി.

ഇടവകകളിൽ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുവാനുപകരിക്കുന്ന സർവേയുടെ അവതരണത്തിനു ഓഫീസ് സെക്രട്ടറി മേഴ്സി ജേക്കബും സർവ്വേയുടെ ചർച്ചകൾക്കും തുടർനടപടികളും വിശദീകരിക്കുന്നതിനും ജോയിന്റ് കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടനും നേതൃത്വം നൽകി. അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ സ്വാഗതവും വിവിധ പ്രോജക്ടുകളുടെ വിശദീകരണവും ഇടവകകളിൽ സെക്രട്ടറിമാർ നടത്തേണ്ട പ്രവർത്തനങ്ങളും വിശദീകരിച്ചു. ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അഡ്വൈസറി ബോർഡ് മെമ്പരും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ഡോ. മേരി റജീന എന്നിവർ വർക്ക്ഷോപ്പിനു നേതൃത്വം നൽകി. വിവിധ ഇടവകകളെ പ്രതിനിധീകരിച്ചു ഇരുപതോളം പേർ പങ്കെടുത്തു. അടുത്ത വർക്ഷോപ്പ് മെയ്-ജൂൺ മാസങ്ങളിൽ നടക്കും.

**ഇടവകകളിൽ പി എഫ് സി യൂണിറ്റുകൾ ആരംഭിക്കുന്നു**

സമുദായ ക്ഷേമ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, മറ്റു സർക്കാർ പദ്ധതികൾ ഇടവക ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി അതിരൂപതയിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ കീഴിൽ ഇടവകകളിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ 9605043327 എന്ന മൊബൈൽ നമ്പറിൽ ബന്ധപെടുക

**പിഎം കിസാൻ സമ്മാൻ നിധി 2022: 11-ാം ഗഡുവിന് കെവൈസി നിർബന്ധം**

കർഷകർക്ക് ധനസഹായം നൽകുന്ന കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി. ഇതിനായി

ഇ കെവൈസി എത്രയും വേഗം പൂർത്തിയാക്കുന്ന യോഗ്യരായ കർഷക – ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മാത്രമേ ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളു. അതേസമയം, ഇ കെവൈസി ചെയ്യാത്തവർക്ക് 11–ാം ഗഡു തുക ലഭിക്കുകയില്ല.

**എന്താണ് പിഎംകെഎസ്എൻ?**

കർഷകർക്ക് ധനസഹായം നൽകുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (പിഎംകെഎസ് എൻ). കേന്ദ്ര പദ്ധതി വഴി പ്രതിവർഷം 6,000 രൂപ ഭൂവുടമകളായ ഗുണഭോക്താക്കളായ കർഷകർക്ക് ലഭിക്കും. 2,000 രൂപാ വീതം നാല് മാസത്തിൽ മൂന്ന് തവണകളായാണ് ഈ തുക ലഭിക്കുന്നത്. 2019 ഫെബ്രുവരി ഒന്നിന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ നടത്തിയ ഇടക്കാല ബജറ്റിലാണ് പുതിയ പദ്ധതി അവതരിപ്പിച്ചത്. ഭർത്താവ്, ഭാര്യ, കുട്ടികൾ എന്നിവരടങ്ങുന്ന കുടുംബത്തിനായിരിക്കും പദ്ധതിയുടെ പ്രാധാന്യം ലഭിക്കുക. സംസ്ഥാന സർക്കാരുകളും കേന്ദ്ര ഭരണപ്രദേശത്ത് അവിടുത്തെ ഭരണകർത്താക്കളുമാണ് പദ്ധതിക്ക് യോഗ്യരായ കർഷകരെ കണ്ടെത്തുന്നത്. ഫണ്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുകായിരിക്കും.

**ആധാർ കാർഡ് പി എം കിസാൻ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നത് എങ്ങനെ? :**

നിങ്ങളുടെ അക്കൗണ്ട് ഉള്ള ബാങ്കിന്റെ ശാഖ സന്ദർശിക്കുക. ബാങ്ക് ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ആധാർ കാർഡിന്റെ പകർപ്പിൽ ഒപ്പു വെയ്ക്കുക. ആധാർ കാർഡിന്റെ ഒറിജിനൽ കോപ്പിയിൽ ഒപ്പിടരുത്. ഒറിജിനൽ കോപ്പിയില്ലാതെ പകർപ്പ് മാത്രം കൈവശം വെച്ച് ബാങ്കിൽ പോകാവുന്നതാണ്. നിങ്ങളുടെ ആധാർ കാർഡ് പരിശോധിച്ച് സ്ഥിരീകരിച്ചതിനു ശേഷം ബാങ്ക് തന്നെ ഓൺലൈനായി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതാണ്. തുടർന്ന് നിങ്ങളുടെ പന്ത്രണ്ടക്ക ആധാർ നമ്പർ ബാങ്ക് അക്കൗണ്ടിൽ ചേർക്കപ്പെടും. എല്ലാവിധ പരിശോധനകളും കഴിഞ്ഞാൽ ഒരു സ്ഥിരീകരണ സന്ദേശം നിങ്ങളുടെ മൊബൈൽ ഫോണിൽ ലഭിക്കും.

കിസാൻ സമ്മാൻ നിധി (PM-Kisan) 2000 രൂപ വെച്ച് വർഷത്തിൽ 6000 രൂപ കിട്ടുന്നവർ തുടർന്ന് പൈസ ലഭിക്കുന്നതിന് E-kyc (പുതുക്കൽ) ചെയ്യേണ്ടതുണ്ട്. ആധാറിൽ ഫോൺ നമ്പർ ലിങ്ക് ചെയ്യാത്തവർ മൊബൈൽ ലിങ്ക് ചെയ്യണം. PM-Kisan പുതുക്കുന്നതിന് മൊബൈലുമായി ബന്ധിപ്പിച്ച ആധാർ കാർഡ് മാത്രം മതിയാകും. PM-Kisan പുതിയതായി അപേക്ഷിക്കുന്നതിന് ആധാർ കാർഡ്, ബാങ്ക്

പാസ്ബുക്ക്, സ്ഥലത്തിന്റെ നികുതി റസീപ്റ്റ് (2018 2019, 2021 2022 വർഷത്തെ), റേഷൻ കാർഡ്, മൊബൈൽ ഫോൺ എന്നിവ ആവശ്യമാണ്.

**ഇ കെവൈസി**

**കർഷക ഗുണഭോക്താക്കൾക്ക് അവരുടെ ഇ കെവൈസി എങ്ങനെ ചെയ്യാമെന്നത് പരിശോധിക്കാം.**

1. pmkisan.gov.in എന്ന വെബ് പോർട്ടലിൽ ലോഗിൻ ചെയ്യുക.
2. ഹോംപേജിലുള്ള ഇ കെവൈസി എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
3. തുടർന്ന് വരുന്ന പുതിയ പേജിൽ ആധാർ കാർഡ് നമ്പർ, ക്യാപ്ചെ കോഡ്, എന്നിവ ക്ലിക്ക് ചെയ്ത് സെർച്ച് ഓപ്ഷൻ ക്ലിക്ക് ചെയ്യുക.
4. ഇതിന് തൊട്ടുപിന്നാലെ, ഗുണഭോക്താവിന്റെ ആധാർ കാർഡുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പരിലേക്ക് 'ഒടിപി നേടുക' എന്നതിൽ ക്ലിക്ക് ചെയ്യണം.
5. ഇപ്പോൾ, വ്യക്തി നിർദ്ദിഷ്ട ഫീൽഡിൽ ഒടിപി നൽകേണ്ടതുണ്ട്. ഇതോടെ, പിഎം–കിസാൻ ഇ–കെവൈസി വിജയകരമായി സമർപ്പിക്കാം.

**പിഎംകെഎസ്എൻ ഗഡുക്കൾ ഇങ്ങനെ**

പിഎം കിസ്സാൻ പദ്ധതി പ്രകാരം 2000 രൂപയുടെ ആദ്യ ഗഡു ലഭിക്കുന്നത് ഏപ്രിൽ ഒന്ന് മുതൽ ജൂലൈ 31 വരെയുള്ള കാലയളവിലായിരിക്കും. രണ്ടാം ഗഡു ആഗസ്ത് ഒന്നിനും നവംബർ 30നും ഇടയിൽ വിതരണം ചെയ്യും. ഡിസംബർ ഒന്ന് മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലേക്കായിരിക്കും മൂന്നാം ഗഡു വിതരണം ചെയ്യുന്നത്.

**പിഎംകെഎസ്എന്റെ പദ്ധതിയുടെ അപേക്ഷാ ഫോറം പൂരിപ്പിക്കുന്ന സമയത്ത് പിഴവുകൾ സംഭവിക്കാതിരിക്കാൻ അപേക്ഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പരിശോധിക്കാം.**

അപേക്ഷകന്റെ പേര് പൂരിപ്പിക്കേണ്ടത് ഇംഗ്ലീഷിലാണ്. അപേക്ഷയിൽ ഹിന്ദിയിൽ പേരുള്ള കർഷകർ നിർബന്ധമായും അത് ഇംഗ്ലീഷിലേക്ക് മാറ്റേണ്ടതുണ്ട്.അപേക്ഷാ ഫോറത്തിലെ പേരും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലെ പേരും വ്യത്യസ്തമാണെങ്കിൽ പണം അക്കൗണ്ടിലേക്കെത്താതെ തടസ്സപ്പെട്ടേക്കാം.അതിന് പുറമേ, ബാങ്കിന്റെ ഐഎഫ്എസ്സി കോഡ് പൂരിപ്പിച്ചതിലോ, നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറിലോ, നിങ്ങളുടെ പ്രദേശത്തിന്റെ പേരിലോ പിഴവുകൾ സംഭവിച്ചാലും നിങ്ങളുടെ ഗഡു തുക അക്കൗണ്ടിൽ ലഭ്യമാവുകയില്ല. അതിനാൽ ഇക്കാര്യവും ഉപയോക്താവ് ഉറപ്പുവരുത്തേണ്ടതുണ്ട്.

**പട്ടികയിൽ നിങ്ങളുടെ പേര് ഇതുപോലെ പരിശോധിക്കുക**

1. ഇതിനായി നിങ്ങൾ ആദ്യം പ്രധാനമന്ത്രി കിസാൻ യോജനയുടെ ഔദ്യോഗിക വെബ്സൈറ്റായ https://pmkisan.gov.in-ലേക്ക് പോകുക.

2. ഇപ്പോൾ അതിന്റെ ഹോംപേജിൽ Farmers Corner എന്ന ഓപ്ഷൻ കാണാം.
3. Farmers Corner വിഭാഗത്തിനുള്ളിൽ, Beneficiaries List ഓപ്ഷനിൽ ക്ലിക്കുചെയ്യുക.
4. ഇപ്പോൾ നിങ്ങൾ ഡ്രോപ്പ് ഡൗൺ ലിസ്റ്റിൽ നിന്ന് സംസ്ഥാനം, ജില്ല, ഉപജില്ല, ബ്ലോക്ക്, വില്ലേജ് എന്നിവ തിരഞ്ഞെടുക്കുക.
5. ഇതിന് ശേഷം നിങ്ങൾ 'Get Report' ക്ലിക്ക് ചെയ്യുക.
6. ഇതിനുശേഷം ഗുണഭോക്താക്കളുടെ പൂർണ്ണമായ ലിസ്റ്റ് ദൃശ്യമാകും അതിൽ നിങ്ങളുടെ പേര് പരിശോധിക്കാം

1. നിങ്ങളുടെ ഇൻസ്റ്റാൾമെന്റിന്റെ സ്റ്റാറ്റസ് കാണുന്നതിന്, നിങ്ങൾ ആദ്യം പിഎം കിസാന്റെ വെബ്സൈറ്റിലേക്ക് പോകുക.
2. ഇപ്പോൾ വലതുവശത്തുള്ള Farmers Corner ൽ ക്ലിക്ക് ചെയ്യുക.
3. ഇതിനുശേഷം നിങ്ങൾ Beneficiary Status എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
4. ഇപ്പോൾ നിങ്ങൾക്ക് ഒരു പുതിയ പേജ് തുറക്കും.
5. ഇവിടെ നിങ്ങളുടെ ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ നൽകുക.
6. ഇതിന് ശേഷം നിങ്ങളുടെ സ്റ്റാറ്റസിനെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ നിങ്ങൾക്ക് ലഭിക്കും.

**ഇ എസ് ഐ കോർപ്പറേഷനിൽ സോഷ്യൽ സെക്യൂരിറ്റി ഓഫീസർ, മാനേജർ, സൂപ്രണ്ട്** (EWS സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 10 ശതമാനം സംവരണം ഉണ്ടായിരിക്കും)

ഇ എസ് ഐ കോർപ്പറേഷനിൽ സോഷ്യൽ സെക്യൂരിറ്റി ഓഫീസർ, മാനേജർ, സൂപ്രണ്ട് എന്നീ തസ്തികകളിൽ ജോലിക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ആകെ 93 ഒഴിവുകൾ ഉണ്ട്. 44900 – 142400 ആണ് ശമ്പള സ്കെയിൽ. ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒന്നാം ഘട്ട പരീക്ഷ, രണ്ടു മണിക്കൂർ ദൈർഘ്യമുള്ള രണ്ടാം ഘട്ട പരീക്ഷ, അര മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ അഭിരുചി പരീക്ഷ, വിവരണാത്മക പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി – 2022 ഏപ്രിൽ 12. പ്രായ പരിധി – 21 മുതൽ 27 വയസ്സു വരെ – അർഹതയുള്ളവർക്ക് പ്രായ പരിധിയിൽ ഇളവ് ഉണ്ടായിരിക്കും.

നിബന്ധനകൾ: ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദം. (കോമേഴ്സ്, മാനേജ്മെന്റ്, നിയമം ഈ വിഷയ ങ്ങൾ അഭികാമ്യം), കമ്പ്യൂട്ടർ പരിജ്ഞാനം, ജോലി പരിചയം (അഭിലഷ

ണീയം) –ഗവ ഓഫീസുകൾ, ബാങ്ക്, തദ്ദേശ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിൽ ഏതിലെങ്കിലും 3 വർഷത്തെ തൊഴിൽ പരിചയം അഭിലഷണിയം). ഇന്ത്യൻ പൗരനായിരിക്കണം. അപേക്ഷ ഫീസ് (SC/ ST/PWD/ Departmental Candidates, Female Candidates & Ex Servicemen 250 രൂപ, ബാക്കിയുള്ളവർക്ക് 500 രൂപ). അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും www.afctcr.com സന്ദർശിക്കുക.

*സംശയനിവാരണത്തിനു ബന്ധപ്പെടുക:*
തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325 ഇമെയിൽ : info@afctcr.com sh_vsskäv : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

# വനിതാ കമ്മീഷൻ

**സ്ത്രീ ശാക്തീകരണം തുടങ്ങേണ്ടത് കുടുംബത്തിൽ**

സ്ത്രീശാക്തീകരണം തുടങ്ങേണ്ടത് കുടുംബത്തിലാണെന്നും, നാം ആരാണോ അതായി തീരുക എന്നതായിരിക്കണം സ്ത്രീയുടെ ലക്ഷ്യമെന്നും മാർ ആൻഡ്രൂസ് താഴത്ത്. തൃശ്ശൂർ അതിരൂപത വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാ ദിനാഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു പിതാവ്. അതിരൂപത മാതൃവേദി പ്രസിഡണ്ട് ശ്രീമതി എൽസി വിൻസെന്റ് അദ്ധ്യക്ഷത വഹിച്ചു. സ്ത്രീശാക്തീകരണം സ്ത്രീ പുരുഷ തുല്യതയുടെ വെളിച്ചത്തിൽ എന്ന വിഷയത്തെ അധികരിച്ച് സിസ്റ്റർ ട്രീസ ഡൊമിനിക് ക്ലാസ്സെടുത്തു. ഫാ. ഡെന്നി താണിക്കൽ, എലിസബത്ത് മാത്യു, നിർമ്മല ആന്റോ, ഓമന റാഫേൽ, റെജീന ഡേവീസ് എന്നിവർ പ്രസംഗിച്ചു.

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# എക്സൽ അക്കാദമി

**K- TET Course (Kerala Teachers Eligibility Test)**

എക്സൽ അക്കാദമിയിൽ K- TET- course ന്റെ പുതിയ ബാച്ചിന്റെ അഡ്മിഷൻ 2022 മാർച്ച് 10–ാം തിയ്യതി ആരംഭിച്ചു. കാറ്റഗറി 1, 2, 3, 4, കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

**KER - KSR Course**

എക്സൽ അക്കാദമിയിൽ KER - KSR Course ന്റെ അഡ്മിഷൻ 2022 മാർച്ച് 20–ാം തിയ്യതി ആരംഭിച്ചു. സ്കൂൾ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ടെസ്റ്റിന്റെ കോഴ്സാണ് KER - KSR Course.

**Foundation course**

8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും, പബ്ളിക് ഹോളിഡേയ്സിലും Foundation Course ന്റെ ക്ലാസ്സുകൾ തൃശ്ശൂർ ബിഷപ്സ് ഹൗസ് DBCLC യിലെ എക്സൽ അക്കാദമി ക്യാമ്പസിൽ നടക്കുന്നു. 2022 ജൂൺ മാസത്തിൽ സ്കൂൾ തലത്തിലും ഇടവകതലത്തിലും നടത്തുന്ന Foundation Entrance Exam ൽ 8, 9, 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് 9847276657

**IELTS Course**

2022 ജൂൺ മാസം മുതൽ എക്സൽ അക്കാദമിയിൽ IELTS Course ആരംഭിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

**9847276657/ 9744941585**

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

## സ്വയം സഹായ സംഘങ്ങൾക്ക് ഒരുകോടി രൂപ വായ്പ വിതരണോദ്ഘാടനം

KSBCDC യുടെ ഒരുകോടി രൂപ വായ്പവിതരണവും വനിതാദിനാഘോഷവും ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തി. അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ സ്വാഗതം ആശംസിച്ചു. ബഹു. പിന്നോക്ക, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ, ദേവസ്വം പാർലമെന്ററി കാര്യവകുപ്പ് മന്ത്രി ശ്രീ.കെ. രാധാകൃഷ്ണൻ വായ്പ വിതരണ പരിപാടി ഉദ്ഘാടനം ചെയ്തു. സാന്ത്വനത്തിന്റെ കിഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട 24 സംഘങ്ങൾക്കായാണ് ഒരുകോടി രൂപ വായ്പ നല്കിയത്. KSBCDC ചെയർമാൻ ശ്രീ.അഡ്വ.കെ.പ്രസാദ് ആമുഖ പ്രഭാഷണവും KSBCDC AGM ശ്രീ. വേണുഗോപാൽ പി. എൻ, വായ്പാപദ്ധതിയെക്കുറിച്ച് വിശദീകരണവും നടത്തുകയുണ്ടായി. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റ Media Women Power Award 2022 ന് അർഹയായ സിസ്റ്റർ ലിസ്മി CMC യെ സാന്ത്വനം ചെയർമാൻ മോൺ. ജോസ് കോനിക്കര യോഗത്തിൽ വെച്ച് അനുമോദിക്കുകയുണ്ടായി. കോർപ്പറേഷൻ കൗൺസിലർ അഡ്വ.വില്ലി ജിജോ സംരംഭകത്വവും സ്ത്രീ ശാക്തീകരണവും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. സാന്ത്വനം അസി.ഡയറക്ടർ ഫാ.സിജു പുളിക്കൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. സാന്ത്വനം SHG ഉൽപാദന വിതരണകേന്ദ്രമായ സ്വിഫ്റ്റ് മാർട്ട് ബഹു.മന്ത്രി സന്ദർശിക്കുകയുണ്ടായി.

## സാന്ത്വനം എക്സ്പോയും വിപണനമേളയും

CAMPAIGN AGAINST HUNGER AND DISEASE ന്റെ ഭാഗമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, സാന്ത്വനം കാൻ കെയർ പദ്ധതിയുടെ ഉദ്ഘാടനവും സാന്ത്വനം എക്സ്പോയും വിപണനമേളയും ലൂർദ്ദ് കത്തീഡ്രലിൽ നടത്തി. സാന്ത്വനത്തിന്റെയും സ്വയം സഹായ സംഘങ്ങളുടെയും സ്വയം സംരംഭകരുടെയും വിവിധ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെയും ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും രാവിലെ 7 മുതൽ വൈകീട്ട് 7 മണിവരെ നടന്നു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പദ്ധതി ഉദ്

ഘാടനം ചെയ്തു. 1000 പാവപ്പെട്ട കുടുംബങ്ങൾക്ക് (കാൻസർ, കിഡ്ണി, കോവിഡാനന്തര രോഗങ്ങൾ, ശയ്യാവലംബരായ രോഗികൾ എന്നിവരുടെ കുടുംബങ്ങൾ) മാസം തോറും 1000രൂപയുടെ ഭക്ഷ്യസാധനങ്ങൾ നല്കുന്ന പദ്ധതിയാണ് സാന്ത്വനം കാൻ കെയർ പദ്ധതി. അതിരൂപത യുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്ര ലിൽവെച്ച് ആരംഭിച്ച ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ തുടർച്ച യാണ് സാന്ത്വനം കാൻ കെയർ പദ്ധതി.

**നാമഹേതുകതിരുന്നാൾ ആഘോഷിച്ചു.**

സാന്ത്വനത്തിന്റെ ചെയർമാനായി പുതിയതായി ചാർജ്ജെടുത്ത മോൺ.ജോസ് കോനിക്കരയച്ചന്റെയും അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴിയച്ചന്റെയും നാമഹേതുകത്തിരുന്നാൾ സാന്ത്വനം കുടുംബം സമുചിതമായി ആഘോഷിച്ചു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ദൈവ ഹിതംപോലെ നിർവ്വഹിക്കാനും എപ്പോഴും കർമ്മനിരതരായിരിക്കു വാനും വി.യൗസേപ്പിതാവിന്റെ മാധ്യസ്ഥം രണ്ടുപേരെയും സഹായി ക്കട്ടെയെന്ന് ഡയറക്ടർ ഫാ.ജോയ് മൂക്കൻ ആശംസിച്ചു. സാന്ത്വനം ജനറൽ ബോഡിയംഗങ്ങളും സ്റ്റാഫംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

**സ്കൂളുകളിലേക്ക് കാരിത്താസ് ഇന്ത്യയുടെ മെഡിക്കൽകിറ്റുകൾ**

തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വന ത്തിൽ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി ഏഴ് സ്കൂളു കളിലേക്ക് കോവിഡ് സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന മെഡി ക്കൽ കിറ്റുകൾ വിതരണം ചെയ്തു. സാനിറ്റൈസർ, മാസ്ക്, ഫ്ളോർ ക്ലീനർ, തെർമോമീറ്റർ എന്നിവ അടങ്ങുന്നതാണ് കിറ്റ്. ചെവ്വൂർ സെന്റ് സേവിയേഴ്സ്, ചെമ്പൂക്കാവ് ഹോളിഫാമിലി, വെട്ടുകാട് സെന്റ് ജോൺസ്, പെരിങ്ങോട്ടുകര സെറാഫിക്, കുരിയച്ചിറ സെന്റ് പോൾസ്, മമ്മിയൂർ ഘഎഇഏഉട, പാലുവായ് സെന്റ് ആന്റണീസ് എന്നീ സ്കൂളു കളിലേക്കാണ് സാന്ത്വനം മുഖേന കാരിത്താസ് കിറ്റുകൾ നല്കിയത്. സാന്ത്വനം അസോ. ഡയറ്കടർ ഫാ.ഡോ.ജോസ് വട്ടക്കുഴി കിറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. സാന്ത്വനം അസി.ഡയറക്ടർ ഫാ. സിജു പുളിക്കൻ, കോർഡിനേറ്റർ നെൽസൺ സി.ടി., സ്കൂളുകളിലെ പ്രധാനാധ്യാപകർ, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികളിൽ സന്നി ഹിതരായിരുന്നു.

**വനിതാദിനം ആഘോഷിച്ചു.**

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് ദർശൻ കേര ളയും കേരള സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി കോട്ടയം ആമോസ് സെന്ററിൽ സംഘടിപ്പിച്ച വനിതാദിനം, മാർ ജോസ് പുളി

ക്കൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കേരളത്തിലെ മാധ്യമരംഗത്ത് കഴിവ് തെളിയിച്ച പതിനഞ്ച് വനിതകളെ പ്രത്യേകം ആദരിക്കുകയുണ്ടായി. Media Women Power Award 2022 ന് തൃശൂർ അതിരൂപതയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട സി. ലിസ്മിക്ക് പ്രസ്തുത യോഗത്തിൽ മാർ ജോസ് പുളിക്കൽ അവാർഡ് നല്കി ആദരിച്ചു. സിസ്റ്ററിനെ കൂടാതെ സാന്ത്വനം സ്റ്റാഫംഗങ്ങളായ ശ്രീ.തോമസ് എലുവത്തിങ്കൽ, ശ്രീമതി. അനിത ജോസഫ് എന്നിവരും യോഗത്തിൽ പങ്കെടുത്തു. ഒരു കൈയിൽ ജപമാലയും മറുകൈയിൽ ക്യാമറയുമേന്തിയ സന്യാസിനിയാണ് സി.ലിസ്മിയെന്ന് KSSF ആനിമേറ്റർ സി.ജെസ്സീന അഭിപ്രായപ്പെട്ടു.

**ഭവനം ആശീർവദിച്ചു നല്കി.**

ഒളരി ഇടവകയിലെ ചീരോത ജോൺസന്റെ കുടുബത്തിന് നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദവും താക്കോൽദാനവും തൃശൂർ അതിരൂപത മെത്രാപ്പോലീത്താ മാർ. ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ. ഡയറ്കടർ ഫാ. ഡോ. ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ. സിജു പുളിക്കൻ, ഇടവക വികാരി ഫാ. ജോയ് ചിറ്റിലപ്പിള്ളി, സഹ വികാരി. ഫാ. സന്തോഷ് അന്തിക്കാട്ട്, ഫാ. അലക്സ് മാപ്രാണി, കുടുംബാംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ലാവൻഡർ ആർമി**

കാരിത്താസ് ഇന്ത്യയുടെ പദ്ധതിയായ ആശാകിരണത്തിന്റെ ഭാഗമായി, സ്കൂളുകൾ കേന്ദ്രീകരിച്ച് സാന്ത്വനം നടപ്പിലാക്കിയ ലാവൻഡർ ആർമി സംഘടനയുടെ ക്യാമ്പെയിനിലൂടെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു. കിറ്റുകളുടെ വിതരണോദ്ഘാടനം സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ നിർവ്വഹിച്ചു. നിർധന കുടുംബങ്ങളെയും വിവിധ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന കുടുംബങ്ങളെയും സഹായിക്കുന്നതിനായി സാന്ത്വനം ആരംഭിച്ച സാന്ത്വനം കാൻ കെയർ പദ്ധതിയുടെ ബ്രോഷർ വിതരണം സാന്ത്വനം അസോ. ഡയറക്ടർ ഫാ. ഡോ. ജോസ് വട്ടക്കുഴി നിർവ്വഹിച്ചു. പള്ളിക്കുന്ന് CJMAHSS, പുതുക്കാട് സെന്റ് ആന്റണീസ് HSS, വേലൂപാടം സെന്റ് ജോസഫ്സ്, മണ്ണംപേട്ട മാത, മമ്മിയൂർ ലിറ്റിൽ ഫ്ളവർ, പാവർട്ടി ക്രൈസ്റ്റ് കിങ്ങ്, ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻസ്, തൃശൂർ സെന്റ് ക്ലെയേഴ്സ്, തൃശൂർ സേക്രഡ് ഹാർട്ട്, നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ്, വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ്, ബ്രഹ്മകുളം സെന്റ് തെരാസസ്, തോപ്പ് സെന്റ് തോമസ്, അമ്മാടം സെന്റ് ആന്റണീസ് എന്നീ സ്കൂളുകളിലെ പത്താംക്ലാസ് വിദ്യർത്ഥികൾക്കാണ് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തത്. ആശാകിരണം സ്റ്റേറ്റ് ഇൻ ചാർജ് ശ്രീ.

അബീഷ് ആന്റണി, സാന്ത്വനം അസി. ഡയറക്ടർ ഫാ. സിജു പുളിക്കൻ, കോർഡിനേറ്റർ നെൽസൺ സി.ടി., സ്കൂളുകളിലെ പ്രധാനാധ്യാപകർ, ലാവൻഡർ ആർമി ആനിമേറ്റേഴ്സ് എന്നിവർ പരിപാടികളിൽ സന്നിഹിതരായിരുന്നു.

**ഗോഡ്സ് ഓൺ ഫാമിലി – സാന്ത്വനം കാൻ കെയർ പദ്ധതി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലെ കാലാവധി പൂർത്തീകരിച്ച് എക്കൗണ്ട് ക്ലോസ് ചെയ്ത് നല്കിയ ഗുണഭോക്താക്കളുടെയും സാന്ത്വനം കേൻ കെയർ പദ്ധതിയിലൂടെ വീട്ടാവശ്യത്തിനുള്ള പലവ്യഞ്ജനങ്ങൾ നല്കി സഹായിക്കുന്ന ഗുണഭോക്താക്കളുടെയും ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

| | |
|---|---|
| ചേലക്കര | Rs.93,510/ |
| മുണ്ടൂർ | Rs.27,719/ |
| നടത്തറ | Rs.65,055/ |
| പൊങ്ങണംകാട് | Rs.11,527/ |
| ചുവന്നമണ്ണ് | Rs.38,473/ |
| അടാട്ട | Rs.10,000/ |
| പൂച്ചുണ്ണിപ്പാടം | Rs.2,000/ |
| മനക്കൊടി | Rs.1,000/ |
| തിരൂർ | Rs.1,000/ |
| മുല്ലശ്ശേരി | Rs.2,000/ |
| പൂങ്കുന്നം | Rs.1,500/ |
| കല്ലൂർ | Rs.1,000/ |
| ഒല്ലൂക്കര | Rs.1,000/ |
| തെങ്ങാലൂർ | Rs.1,000/ |
| മുക്കാട്ടുകര | Rs.1,000/ |

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ജോയിന്റ് എക്കൗണ്ട് ക്ലോസിങ്ങ് തുടരുന്നു. 5 ഗുണഭോക്തൃകുടുംബങ്ങളുടെ എക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, 1,09,788 രൂപ കുടുബങ്ങൾക്ക് കൈമാറി. അവർ അത് വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കായി ഉപയോഗിക്കുന്നു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. മോൺ. തോമസ് കാക്കശ്ശേരിക്ക് യാത്രയയപ്പ്**

എട്ടുവർഷം കോർപറേറ്റ് മാനേജരായും, ആറുവർഷം കോർപറേറ്റ് എഡ്യുക്കേണൽ ഏജൻസിയുടെ ചുമതലയുള്ള വികാരി ജനറാളായും സ്ത്യുത്യർഹമായ സേവനം ചെയ്യുകയും ഏജൻസിയുടെ പ്ലസ്ടു വിഭാഗം അടക്കമുള്ള വിദ്യാലയങ്ങളുടെ പുരോഗതിക്കു വേണ്ടി അക്ഷീണം യത്നിക്കുകയും ചെയ്ത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിക്ക് കോർപറേറ്റ് എഡ്യുക്കേണൽ ഏജൻസി എച്ച്. എം.

---

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED IN THE HIGHER SECONDARY EXAMINATION MARCH - 2021**

| Rank | Name of School | Students Appeared | Passed | Percentage |
|---|---|---|---|---|
| First | St. Thomas C.H.S.S., Thrissur | 303 | 302 | 99.67 |
| Second | St. Antony's H.S.S., Puthenpeedika | 121 | 120 | 99.17 |
| Third | C.J.M.A.H.S.S., Varandarappilly | 220 | 216 | 98.18 |

**HICH PRODUCED THE HIGHEST PERCENTAGE OF RESULTS IN GROUP WISE IN THE HIGHER SECONDARY EXAMINATION MARCH - 2021**

| No. | Name of School | Group | Students Appeared | Passed | Percentage |
|---|---|---|---|---|---|
| 1. | St. Antony's H.S.S., Ammadam | Science | 145 | 145 | 100 |
| 2. | St. Antony's H.S.S., Puthenpeedika | Science | 60 | 60 | 100 |
| 3. | St. Thomas C.H.S.S., Thrissur | Commerce | 124 | 124 | 100 |
| 4. | C.J.A.M.H.S.S. Varandarappilly | Commerce | 57 | 57 | 100 |

| | | | | | |
|---|---|---|---|---|---|
| 5. | St. Antony's H.S.S., Puthenpeedika | Humanities | 61 | 60 | 98.36 |

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULT IN S.S.L.C. EXAMINATION – MARCH - 2021**

| No. | Name of School | Students Appeared | Passed | Percentage |
|---|---|---|---|---|
| 1. | C.J.M.A.H.S.S., Varandarappilly | 324 | 324 | 100 |
| 2. | St. Sebastian's H. S., Chittattukara | 254 | 254 | 100 |
| 3. | St. Thomas H.S.S., Engandiyur | 236 | 236 | 100 |
| 4. | St. Thomas' H.S.S., Mayannur | 214 | 214 | 100 |
| 5. | St. Thomas H.S., Thiroor | 205 | 205 | 100 |
| 6. | St. John's H.S.S., Parappur | 198 | 198 | 100 |
| 7. | St. Antony's H.S.S., Ammadam | 189 | 189 | 100 |
| 8. | St. Antony's H.S., Pazhuvil | 181 | 181 | 100 |
| 9. | St. Mary's H.S., Chengaloor | 169 | 169 | 100 |
| 10. | Matha H.S., Mannampetta | 158 | 158 | 100 |
| 11. | St. Antony's H.S.S., Pudukad | 157 | 157 | 100 |
| 12. | St. Sebastian's H.S., Mannamangalam | 155 | 155 | 100 |
| 13. | St. Joseph's H.S., Enamakkal | 153 | 153 | 100 |
| 14. | St. Joseph's H.S., Velupadam | 147 | 147 | 100 |
| 15. | St. Thomas C.H.S.S., Thrissur | 143 | 143 | 100 |
| 16. | St. Thomas H.S.S., Thope, Thrissur | 96 | 96 | 100 |
| 17. | St. Xavier's H.S., Chevoor | 78 | 78 | 100 |
| 18. | St. Thomas H.S.S., Vallachira | 53 | 53 | 100 |
| 19. | St. Joseph's H.S.S., Avinissery | 20 | 20 | 100 |
| 20. | Tharakan's H.S., Aranattukara | 15 | 15 | 100 |
| 21. | St. Antony's H.S.S., Puthenpeedika | 12 | 12 | 100 |

Higher Secondary, SSLC പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ!

ഫോറം സമുചിതമായി യാത്രയയപ്പ് നൽകി. കോർപറേറ്റ് മാനേജർ റവ. ഫാ. ജോയ് അടമ്പുകുളം അധ്യക്ഷത വഹിച്ച യോഗത്തിൽ എച്ച്. എം. ഫോറം കൺവീനർ ശ്രീ. ജോസഫ് എം. സി. സ്വാഗതം ആശംസിച്ചു. എച്ച്. എം. മാരായ ശ്രീമതി ജെസ്സി പൊറിഞ്ചു, ശ്രീമതി പി. സി. ജെസ്സി എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ. പി. ഡി. വിൻസെന്റ് യോഗത്തിന് നന്ദി രേഖപെടുത്തി. കോർപറേറ്റ് എഡ്യുക്കേണൽ ഏജൻസിയുടെ പാരിതോഷികവും മെമെന്റോയും ഫാ. ജോയ് അടമ്പുകുളം വികാരി ജനറാളിന് സമർപ്പിച്ചു.

**2. കോർപറേറ്റ് എഡ്യുക്കേണൽ ഏജൻസിയുടെ അവാർഡ് ദാനവും യാത്രയയപ്പ് സമ്മേളനവും**

2021 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം നേടിയ കോർപറേറ്റ് എഡ്യുക്കേണൽ ഏജൻസിയുടെ 21 വിദ്യാലയ ങ്ങൾക്കും പ്ലസ് ടൂ പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാലയങ്ങൾ ക്കും സർട്ടിഫിക്കറ്റും മെമെന്റോകളും സമ്മാനിച്ചു. കോർപറേറ്റ് എഡ്യു ക്കേണൽ ഏജൻസിയിൽനിന്നും ഈ വർഷം വിരമിക്കുന്ന 65 അധ്യാപക അനധ്യാപകരെയും മെമെന്റോകൾ നൽകി ആദരിച്ചു. അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച യോഗത്തിൽ കോർപറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം സ്വാഗതം ആശംസിച്ചു. ഫാ. ജിയോ കടവി, ശ്രീ. എം. സി. ജോസഫ് മാസ്ററർ എന്നിവർ ആശംസകളർപ്പിച്ചു. വിരമിക്കുന്ന അധ്യാപക അനധ്യാപക പ്രതിനിധി കൾ നന്ദിയർപ്പിച്ച് സംസാരിച്ചു. ശ്രീ. കെ. എഫ്. ബാബു മാസ്ററർ സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ബൈബിൾ പ്രേഷിതത്വം

**അവാർഡ് ദാനചടങ്ങ്**

അതിരൂപത ബൈബിൾ പ്രേഷിതത്വത്തിന്റെ 2020–21 അവാർഡ് ദാന ചടങ്ങ് ഏപ്രിൽ 2 ശനിയാഴ്ച ഉച്ചക്കഴിഞ്ഞു 2.30 ന് നടക്കും. ലോഗോസ് പരീക്ഷയിൽ സംസ്ഥാന തലത്തിലും, അതിരൂപതതലത്തിലും ഉന്നത വിജയം കരസ്ഥമാക്കിയവർക്കും, ഓൺലൈൻ ബൈബിൾ ക്വിസ് പരീക്ഷയിലും, വചനപാരായണ വീഡിയോ മത്സരത്തിലും, ബൈബിൾ പകർത്തിയെഴുതിയവർക്കും അന്നേ ദിവസം സമ്മാന വിതരണം ഉണ്ടായിരിക്കും. അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്ന ഈ ചടങ്ങ് തൃശൂർ സെന്റ് തോമസ് കോളേജ് ഹാളിൽ വെച്ചാണ് നടത്തപ്പെടുന്നത്.

**ബൈബിൾ ക്ലാസ്സ്**

ഒരു വർഷം നീണ്ടു നിൽക്കുന്ന ബൈബിൾ ക്ലാസ്സുകൾ മാർച്ച് 13–ാം തിയ്യതി മുതൽ ആരംഭിച്ചു. ബൈബിൾ പ്രേഷിതത്വം ചെയർമാൻ മോൺ. ജോസ് കോനിക്കര അച്ചനാണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്. DBCLC ഡയറക്ടർ റവ.ഡോ. ഫ്രാൻസിസ് ആളൂർ, ജോസഫ് പാറന്നൂർ, ബൈബിൾ പ്രേഷിതത്വം ഡയറക്ടർ റവ.ഡോ. മേജോ മരോട്ടിക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു.

എല്ലാ ഞായറാഴ്ചയും DBCLC ൽ വെച്ച് ഉച്ചക്കഴിഞ്ഞു 2.30 മുതൽ നടത്തപ്പെടുന്ന ക്ലാസ്സിൽ നിരവധി സന്യസ്തരും അൽമായരും പങ്കെടുക്കുന്നു. കോഴ്സ് തീർന്നാൽ രൂപത theology ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കുന്നതാണ്.

**ഫാ. മേജോ മരോട്ടിക്കൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**യൂണിറ്റ് രജിസ്ട്രേഷൻ 2022**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2022 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

**1. ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2022**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിന്റെ സംയുക്ത ക്യാമ്പ് 2022 ഏപ്രിൽ 19 ചൊവ്വാഴ്ച്ച നടത്തുന്നു. രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

**2. സ്പർശ് 2022**

ഇടവകകളിലും സ്കൂളുകളിലും 4–ാം ക്ലാസ് മുതൽ 7–ാം ക്ലാസ് വരെ പഠിക്കുന്ന തിരുബാലസഖ്യം കുട്ടികൾക്ക് ഏപ്രിൽ 20, 21, 22 (ബുധൻ, വ്യാഴം, വെള്ളി) തിയ്യതികളിൽ സ്പർശ് 2019 നടത്തുന്നതായിരിക്കും.

**3. ബെർക്കുമെൻസ് 2022**

അൾത്താരസംഘം കട്ടികൾക്ക് ഏപ്രിൽ 25, 26, 27 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ ബെർക്കുമെൻസ് 2022 നടത്തുന്നതായിരിക്കും.

**4. ക്രിസ്ത്യൻ ലൈഫ് 2022**

ജൂനിയർ സി.എൽ.സി. കുട്ടികൾക്ക് (8–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ ഉള്ള കുട്ടികൾക്ക്) ഏപ്രിൽ 28, 29, 30 (വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ ക്രിസ്ത്യൻ ലൈഫ് 2022 നടത്തുന്നതായിരിക്കും.

**ക്യാമ്പ് നിർദ്ദേശങ്ങൾ**

1. തൃശ്ശൂർ അതിരൂപത മതബോധനകേന്ദ്രത്തിലാണ് (ഡി.ബി.സി.എൽ.സി.) നേതൃത്വ പരിശീലന ക്യാമ്പുകൾ നടത്തപ്പെടുക.
2. തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. കുട്ടികൾക്കായുള്ള ക്യാമ്പുകൾ ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് മൂന്നാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീ

കരിച്ചിരിക്കുന്നത്.

3. ഈ ക്യാമ്പുകളിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.
4. ക്യാമ്പിൽ പങ്കെടുക്കുന്നതിന് സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടെ ആദ്യം ബുക്ക് ചെയ്യുന്ന 100 പേർക്കായിരിക്കും മുൻഗണന.
5. ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്ന് ഒരു ആൺകുട്ടി, ഒരു പെൺകുട്ടി എന്ന രീതിയിൽ രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്**

അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ ഏപ്രിൽ 20 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏപ്രിൽ 23 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. മെയ് 9–ാം തിയ്യതി മുതൽ മത്സരം ആരംഭിക്കും.

**മരിയൻ ക്യാരംസ് ലീഗ്**

ജൂനിയർ സി.എൽ.സി. കട്ടികൾക്കായി നടത്തുന്ന ക്യാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ ഏപ്രിൽ 20 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏപ്രിൽ 23 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. മെയ് 9–ാം തിയ്യതി മുതൽ മത്സരം ആരംഭിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്ക് ആകർഷിക്കും. അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്ന് സൂചിപ്പിക്കാനാണ്" (യോഹന്നാൻ 12: 32–33)

**സുകൃതജപം:** 'ഈശോയെ എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഉപകരണമാക്കണമേ.'

**പ്രാർത്ഥനാ നിയോഗം:** ലോകസമാധാനത്തിനുവേണ്ടി പരിശുദ്ധ മാർപാപ്പയോട് ചേർന്നുനിന്നുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** "ഈശോയെപറ്റിയുള്ള ചിന്തകളിൽ നിമഗ്നമായിരിക്കുന്നതും സ്നേഹരക്ഷകന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കു

ന്നതുമെന്നിയെ മധുരകരമായി എന്താണുള്ളത്? അവിടുത്തെ പ്രീതിപ്പെടുത്താനും പാപികൾ അവിടുത്തെ ദ്രോഹിക്കാതിരിക്കാനും എന്റെ രക്തം മുഴുവനും ചിന്താൻ ഞാൻ സന്നദ്ധയാണ്. പരിശുദ്ധ കന്യകയേ എന്നെ ഒരു പുണ്യവതിയാക്കണമേ." എന്നു പറഞ്ഞ് വിശുദ്ധയാകണമെന്ന ആഗ്രഹത്താൽ വിശുദ്ധയായിതീർന്ന വി. ജമ്മാ ഗൽഗാനിയാണ് നാം ഈ മാസം പരിചയപ്പെടാൻ പോകുന്നത്. വിശുദ്ധയുടെ തിരുനാൾ ഏപ്രിൽ 11–ാം തിയ്യതിയാണ്. വിശുദ്ധയോട് നമുക്ക് പ്രാർത്ഥിക്കാം, അനുഗ്രഹം യാചിക്കാം.

**പ്രവർത്തനം:** ഈ നോമ്പുകാലാചരണത്തിൽ പ്രാശ്ചിത്താരൂപിയിൽ സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് ഉയർപ്പുതിരുനാളിനൊരുങ്ങാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# സി.എൽ.സി.

**യൂത്ത് ഫെഡറേഷൻ ഗെയിംസ് സ്വർണമെഡൽ ജേതാവ് റോൺ സേവ്യറിനെ അനുമോദിച്ചു**

നേപ്പാളിൽ വച്ചു നടന്ന യൂത്ത് ഫെഡറേഷൻ ഗെയിംസിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 100 മീറ്ററിൽ സ്വർണമെഡൽ നേടിയ സിഎൽസി പ്രവർത്തകൻ റോൺ സേവ്യറിനെ അതിരൂപത സിഎൽസി അനുമോദിച്ചു. പറപ്പൂർ ഫൊറോന തോളൂർ ഇടവകാംഗമായ റോൺ പറപ്പൂർ ഫൊറോന സിഎൽസിയുടെ ട്രഷററും തോളൂർ ഇടവക സിഎൽസി പ്രസിഡന്റുമാണ്. കോവിഡ് കാലഘട്ടത്തിൽ മുന്നണി പോരാളിയായി പ്രവർത്തിച്ച റോൺ മികച്ച ഒരു സാമൂഹ്യസേവകൻ കൂടെയാണ്.

**പുതിയ അതിരൂപത അസിസ്റ്റന്റ് ഡയറക്ടറെ സ്വാഗതം ചെയ്തു**

അതിരൂപത സിഎൽസി കുടുംബത്തിലേക്ക് അസിസ്റ്റന്റ് ഡയറക്ടറായി കടന്നു വന്ന ബഹുമാനപ്പെട്ട ഫാ. അനുവിൻ ചിറ്റിലപ്പിള്ളിയെ മരിയമക്കൾ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. നടത്തറ സഹവികാരി

യായും ലൂർദ് ഫൊറോനാ സിഎൽസിയുടെ പ്രൊമോട്ടറായും ചെയ്ത മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്നപോലെയാണ് അതിരൂപത അച്ചന് പുതിയ ഉത്തരവാദിത്തങ്ങൾ ഭരമേൽപിചത്. അതിരൂപത സിഎൽസിയുടെ അസിസ്റ്റന്റ് ഡയറക്ടറെന്ന സ്ഥാനത്തിനൊപ്പം മണ്ണുത്തി ഇടവക സഹവികാരിയെന്ന ഉത്തരവാദിത്തവും അച്ചനുണ്ട്.

**അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു പുളിക്കന് യാത്രയയപ്പ് നൽകി**

തൃശൂർ അതിരൂപത സിഎൽസിയുടെ അസിസ്റ്റന്റ് ഡയറക്ടറായി കഴിഞ്ഞ ഒരു വർഷക്കാലം സേവനമനുഷ്ഠിച്ച, യുവജനങ്ങൾക്ക് ഒത്തിരി പ്രിയപ്പെട്ട ബഹു. ഫാ. സിജു പുളിക്കനു മരിയമക്കളുടെ നന്ദിയും യാത്രയയപ്പും നൽകി. അതിരൂപത സിഎൽസിയുടെ 2021ലെ എല്ലാ പ്രവർത്തനങ്ങളിലും നിറസാന്നിധ്യമായിരുന്നു സിജു അച്ചൻ. റോസാരിയം, ഓക്സില പോലുള്ള വേറിട്ട പ്രവർത്തങ്ങൾ മുന്നോട്ട് വക്കുന്നതിലും അവ വിജയകരമായി പൂർത്തിയാക്കുന്നതിലും അച്ചന്റെ നേതൃത്വപാടവം പ്രശംസനീയമായിരുന്നു. പുലക്കാട്ടുകര ഇടവകയുടെ നടത്തുവികാരിയുടെയും സ്വാന്തനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറുടെയും ഉത്തരവാദിത്തങ്ങൾ ആണ് അച്ചന് പുതുതായി ഭരമേൽപ്പിച്ചിട്ടുള്ളത്. മരിയമക്കളുടെ പ്രാർത്ഥനാശംസകൾ...

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. അൻവിൻ ചിറ്റിലപ്പിള്ളി**
അസി. പ്രൊമോട്ടർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# കെസിവൈഎം

**കേശദാന ക്യാമ്പ് സംഘടിപ്പിച്ചു**

മാർച്ച് ആറിന് ഒല്ലൂരിൽ നടക്കുന്ന വനിത സംഗമത്തിന്റെ മുന്നോടിയായി ക്യാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുന്നതിനായി കേശദാനം നടത്തി.അവയവദാനം പോലെ തന്നെ മഹത്തരമായ കർത്തവ്യമാണ് കേശദാനവും നൽകുന്നതെന്ന് ഉദ്ഘാടനവേളയിൽ വികാരി ജനറാൾ മോൺ ജോസ് കോനിക്കര കൂട്ടിച്ചേർത്തു. നാൽപ്പത്തിനാ

ലോളം യുവതി യുവാക്കൾ കേശദാനത്തിൽ പങ്കാളികളായി. മുടി നൽകിയവരിൽ രണ്ടാം ക്ലാസ് വിദ്യാർത്ഥിയും ഉൾപ്പെടുന്നു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യാതിഥിയായി പങ്കെടുത്തു. പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ ആമുഖ പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ സെക്രട്ടറിമാരായ മെജോ മോസസ്, വിന്നി വിൻസെന്റ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സിൻഡിക്കേറ്റ് മെമ്പർമാരായ സാജൻ ജോസ് , ഹെൽന സാബു , സെനറ്റ് മെംബർമാരായ ടോണി കല്ലൂക്കാരൻ , ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനി, ഫൊറോന ഇടവക ഭാരവാഹികൾ നേതൃത്വം നൽകി.

**സമാധാന ജ്വാല കാൻഡിൽ മാർച്ച് സംഘടിപ്പിച്ചു**

കെ.സി.വൈ.എം തൃശ്ശൂർ അതിരൂപതയുടെയും പാലയൂർ ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥ കേന്ദ്രത്തിൽ നിന്നും യുദ്ധം വേണ്ട സമാധാനം സാധ്യമാക്കൂ എന്ന് ആഹ്വാനം ചെയ്തു കൊണ്ട് കാൻഡിൽ മാർച്ച് സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് തിരി തെളിയിച്ചു സമാധാന ജ്വാല ഉദ്ഘാടനം ചെയ്തു. തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് ഫാ.ഡേവീസ് കണ്ണംമ്പുഴ അനുഗ്രഹ പ്രഭാഷണവും ഡയറക്ടർ ഫാ ലിൻസൺ തട്ടിൽ ആമുഖ പ്രസംഗവും നടത്തി. പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. ട്രഷറർ ജിഷാദ് ജോസ് സ്വാഗതം ആശംസിച്ചു. പരി. പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് പ്രത്യേക പ്രാർത്ഥനാ ഉപവാസം ആചരിക്കുന്ന വിഭൂതി ദിനത്തിൽ, ഉക്രൈയ്ൻ റഷ്യ പ്രതിസന്ധി എത്രയും വേഗം പര്യവസാനിക്കുന്നതിനും, ലോക സമാധാനം കൈവരിക്കുന്നതിനുമായി ചാവക്കാട് സെന്ററിലേയ്ക്ക് നടന്ന കാൻഡിൽ മാർച്ച് സമാപന യോഗത്തിൽ പാലയൂർ ഫൊറോന ഡയറക്ടർ ഫാ. സിന്റോ പൊന്തോക്കൻ സമാധാന സന്ദേശം നൽകി. വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, പാലയൂർ ഫെറോന പ്രസിഡന്റ് റൊണാൾഡ്, ജന.സെക്രട്ടറി ഹെൻഡ്രി, യൂണിറ്റ് പ്രസിഡന്റ് അജിൽ ജോസ് എന്നിവർ സമാപന യോഗത്തിൽ അഭിസംബോധന ചെയ്ത് സംസാരിച്ചു. സെനറ്റ് മെംബർമാരായ ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനിയേൽ, കരോളി ജോഷ്വ, പിൻസി പ്രിൻസ്, മറ്റ് ഫൊറോന ഇടവക ഭാരവാഹികൾ നേതൃത്വം നൽകി.

**'ചിലസമയങ്ങളിൽ ഒരു നിമിഷം മതി മറ്റുള്ളവർക്ക് പ്രിയപ്പെട്ടവരാവാൻ'**

കെ.സി.വൈ.എം തൃശ്ശൂർ അതിരൂപത വനിത സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച Hair CUT Cancer ക്യാമ്പയിനിൽ ലഭിച്ച മുടികൾ അമല മെഡിക്കൽ കോളേജ് അസോ. ഡയറക്ടർ റവ ഫാ ജയ്സൺ മുണ്ടന്മാണി CMI ഏറ്റുവാങ്ങി. കേശദാനം നൽകിയവർക്കും, കെസിവൈഎം പ്രസ്ഥാനത്തിനും അച്ചൻ നന്ദിയും അഭിനന്ദനങ്ങളും നേർന്നു സംസാരിക്കുകയും, കേശദാനം ചെയ്തവർക്ക് ഉള്ള സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. പ്രസിഡന്റ് സാജൻ ജോയ്, ഡയറക്ടർ ലിൻസൺ തട്ടിൽ, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജിജോ, സെക്രട്ടറി വിന്നി വിൻസന്റ്, സെനറ്റ് അംഗം ഷെറിൻ വർഗീസ് എന്നിവർ സന്നിഹിതരായി.

**വനിതാ സംഗമം ബൊണീറ്റ 2K22**

കെ.സി.വൈ.എം തൃശ്ശൂർ അതിരൂപത വനിതാ സംഗമം ബൊണീറ്റ 2K22 വനിത ദിനാഘോഷം ഒല്ലൂർ ഫൊറോനയുടെ ആഭിമുഖ്യത്തിൽ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. വനിത ദിനത്തിന്റെ പൊതു സമ്മേളനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജെസ്ന ജീജോ അദ്ധ്യക്ഷത വഹിച്ചു. ആനിമേറ്റർ സി.ഫ്രാൻസി മരിയ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി കുമാരി തുഷാര തോമസ് മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ റവ ഫാ. ലിൻസൺ തട്ടിൽ വനിത ദിന സന്ദേശം നൽകി. ഒല്ലൂർ ഫൊറോന വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി അനുഗ്രഹ പ്രഭാഷണം നടത്തി. സെക്രട്ടറി വിന്നി വിൻസെന്റ്,ഒല്ലൂർ യൂണിറ്റ് പ്രസിഡന്റ് ജാൻസി ഷാജു, കൺവീനർ മെൽന, ഫൊറോന പ്രസിഡന്റ് വിമൽ ബാബു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോതമംഗലം രൂപതാംഗം മുൻ ഐ സി വൈ എം ജന.സെക്രട്ടറി ജോയ്സ് മേരി ആന്റണി 'സഭയിൽ യുവതികളുടെ പങ്കാളിത്വം ' എന്ന വിഷയത്തിൽ ക്ലാസും, വിവിധ വിഷയങ്ങളുന്നയിച്ച് ഡിബൈറ്റും സെക്ഷനും സംഘടിപ്പിച്ചു. മോൺ. ജോസ് കോനിക്കര ദിവ്യബലിയ്ക്ക് കാർമ്മികത്വം നൽകി. അതിരൂപതയിലെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച വനിതകളെയും, വനിത ദിനത്തിന്റെ ഭാഗമായി ക്യാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുന്നതിനായി കേശദാനം നടത്തിയവരെയും ചടങ്ങിൽ ആദരിച്ചു. സിൻഡിക്കേറ്റ് മെംബർ ഹെൽന സാബു , സെനറ്റ് മെംബർ ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി സ്നേഹ ബെന്നി, ഫൊറോന ജന സെക്ര

ട്ടറി നിതിൻ തലോർ, റോയ്സൺ,ജെറിൻ, മറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**വനിത ദിനാഘോഷം പോസ്റ്റർ പ്രകാശനം ചെയ്തു.**

അതിരൂപതയിലെ യുവതികളെ കോർത്തിണക്കി കെ സി വൈ എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന 'Bonita 2K22' വനിതദിനാഘോഷത്തിന്റെ പോസ്റ്റർ പ്രകാശനം തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര നിർവഹിച്ചു. ഈ വർഷത്തെ വനിത സംഗമത്തിലൂടെ സഭാ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ യുവതികൾ കടന്നുവരാൻ പ്രചോദനമാകട്ടെ ഉദ്ഘാടന വേളയിൽ കൂട്ടിച്ചേർത്തു.

പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ ആമുഖ പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ സെക്രട്ടറിമാരായ മെജോ മോസസ്, വിന്നി വിൻസെന്റ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സിൻഡിക്കേറ്റ് മെബർ മാരായ സാജൻ ജോസ് , ഹെൽന സാബു, സെന റ്റ് മെംബർമാരായ ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനി, ജനറൽ കൺവീനർ മെൽന, ഫൊറോന ഇടവക ഭാരവാഹികൾ നേതൃത്വം നൽകി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**അഖിൽ ജോസ്**
സെക്രട്ടറി

**സാജൻ ജോയി**
പ്രസിഡന്റ്

## മദ്യവിരുദ്ധ സമിതി

**1. വടക്കാഞ്ചേരി ഫൊറോന ജനറൽബോഡി യോഗം**

19.2.22 ൽ മദ്യവിരുദ്ധ സമിതി വടക്കാഞ്ചേരി ഫൊറോന ജനറൽ ബോഡി യോഗം സരിതപുരം ഇടവക ദൈവാലയത്തിൽ വച്ച് ചേർന്നു. ഇടവക വികാരി ബഹു. ആന്റണി മേനാച്ചേരി അച്ചൻ ഉദ്ഘാടനം ചെയ്ത മീറ്റിങ്ങിന് വടക്കാഞ്ചേരി ഫൊറോന പ്രസിഡന്റ് ടി.എസ്. അബ്രാഹം ആയിരുന്നു അദ്ധ്യക്ഷൻ. ശ്രീമതി മേരി ഫിലിപ്പിനെ വൈസ്

പ്രസിഡന്റായും രൂപത പ്രതിനിധിയായും തെരഞ്ഞെടുത്തു. ഫൊറോന ഭാരവാഹികളായ എം.ജെ. അഗസ്റ്റിൻ, ജോൺസൺ കുന്നംപിള്ളി, പീറ്റർ പൊന്തേക്കൻ, മൈക്കിൾ മേക്കാട്ടുകുളം, സ്ക്കറിയ പുത്തൂക്കര, പോൾ പാലയൂർ, ബേബി കൊച്ചുപുരയ്ക്കൽ എന്നിവർ ചടങ്ങിൽ സന്നിഹിത രായിരുന്നു.

**2. കോർ കമ്മിറ്റി മീറ്റിങ്ങ്**

22.2.22 ൽ വൈകീട്ട് 5 മണിക്ക് അതിരൂപത ഓഫീസിൽ വച്ച് കോർ കമ്മിറ്റി കൂടി. പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷത യിൽ ചേർന്ന യോഗത്തിന് അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തി. 27–ാം തീയതി സംഘടിപ്പിക്കുന്ന ജനറൽ ബോഡി യോഗത്തിന്റെ തയ്യാറെടു പ്പുകൾ വിലയിരുത്തി. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

കോടന്നൂർ ബാർ വിരുദ്ധ കരിദിനാചരണം വിജയപ്രദമാ ക്കിയതിനേയും ചേറൂർ വിജയപുരം ഇടവകയിൽ പുതിയ യൂണിറ്റ് രൂപീ കരിച്ചതിനേയും അദ്ധ്യക്ഷൻ അനുമോദിച്ചു. സർക്കാർ നടപ്പിലാക്കുവാൻ പോകുന്ന മദ്യനയത്തിലെ ലഘൂകരണങ്ങൾക്കെതിരെ ജോ. സെക്രട്ടറി സിജോ ഇഞ്ചോടിക്കാരൻ പ്രമേയം അവതരിപ്പിച്ചു.

പാസ്റ്ററൽ സെന്ററിലെ സമ്മേളനാനന്തരം പുതുക്കിയ മദ്യനയം നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ട് കോർപ്പറേഷനു മുന്നിൽ പ്രതിഷേധ നിൽപ്പ് സമരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

**3. ജനറൽ ബോഡി യോഗവും സ്മരണിക പ്രകാശനവും**

27.2.22 ഉച്ച തിരിഞ്ഞ് 3 മണിക്ക് പാസ്റ്ററൽ സെന്റർ ഹാളിൽ അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡി യോഗം അരങ്ങേറി. ഡയരക്ടറച്ചൻ സ്വാഗതവും ആമുഖപ്രഭാഷണവും നിർവ്വ ഹിച്ചു. ഈ യോഗത്തിൽ വച്ച് 2021 ലെ സ്മരണിക ‘അതിജീവനം’ പ്രകാശനം ചെയ്യുകയുണ്ടായി. അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവാണ് തൃശൂർ ദൂരദർശൻ മുൻ ഡയരക്ടർ ഡോ. സി.കെ. തോമസിൽ നിന്നും ഏറ്റുവാങ്ങിക്കൊണ്ട് പ്രകാശന കർമ്മത്തിന് മകുടമണിയിച്ചത്.

വാർഷിക കർമ്മപദ്ധതിയുടെ വിതരണോദ്ഘാടനവും ലഹരി വിരുദ്ധ ബോധവൽക്കരണ ഗ്രന്ഥ രചന നിർവ്വഹിച്ച ഇ.ഏ. ജോസഫ്, അഖിൽ പോൾ, മുൻകാല മദ്യവിരുദ്ധ സംഘാടകനായ ശ്രീ. ബേബി മൂക്കൻ എന്നിവർക്കുള്ള പൊന്നാട ചാർത്തലും പിതാവ് തന്നെയാണ് ചെയ്തത്. തുടർന്ന് രചന മത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസും മെമന്റോയും ഇതേ വേദിയിൽ പിതാവ് വിതരണം ചെയ്തു.

മദ്യനയം ലഘൂകരിക്കുന്ന സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചും കോടന്നൂർ ബാർ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ കൊച്ചുവർക്കി തരകൻ, സി.വി. ക്ലാര ടീച്ചർ എന്നിവർ യഥാക്രമം അവതരിപ്പിച്ചതിന് സമ്മേളനം ഏകകണ്ഠമായി അംഗീകാരം നൽകി. ചടങ്ങിൽ ഡോ. സി.കെ. തോമസ്, ബ്രദർ എഡ്‌വിൻ എം.എം.ബി., സിസ്റ്റർ റോസ്‌ലിൻ എഫ്.സി.സി., ടി.എസ്. അബ്രാഹം, ഇ.ഏ. ജോസഫ്, അഖിൽ പോൾ, ബേബി മൂക്കൻ, ഐ.ജെ. സിജോ, ജോസ് വേലൂക്കാരൻ, പി.സി. ജോസ് എന്നിവർ പ്രസംഗിച്ചു.

**4. പ്രതിഷേധ നിൽപ്പ് സമരം**

മദ്യലഭ്യത പടിപടിയായി കുറക്കും എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിക്കുക മാത്രമല്ല, നിലവിലുള്ള നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്തി കേരളത്തിൽ മദ്യവ്യാപനത്തിന് വഴിയൊരുക്കുന്ന സർക്കാർ നയത്തിൽ പ്രതിഷേധിച്ച് തൃശൂർ ശക്തൻ തമ്പുരാൻ സ്റ്റാന്റിലേക്കുള്ള പാതയോരത്ത് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രതിഷേധ നിൽപ്പ് സമരം സംഘടിപ്പിച്ചു. അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് തൃശൂർ പുത്തൻപള്ളി ബസിലിക്ക റെക്ടറും ജൂബിലി മിഷൻ മെഡിക്കൽ കോളെജ് മുൻ ഡയരക്ടറുമായ ബഹു. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് ആണ്. അതിരൂപത ഡയരക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തി. ഇ.ഏ. ജോസഫ്, ടി.എസ്. അബ്രാഹം, ഐ.ജെ. സിജോ, തോമസ് ടി.വി. എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. മദ്യവിരുദ്ധസമിതിയുടെ ഇരുപതോളം പേരാണ് ചടങ്ങിൽ പങ്കെടുത്തത്.

**5. സർക്കാർ മദ്യനയത്തിനെതിരെ പത്രലേഖനം**

1.3.22 ന് പ്രമുഖ ദിനപത്രമായ എക്സ്പ്രസ്സിൽ ഡയരക്ടറച്ചൻ 'സർക്കാരിന് ഭ്രാന്തായാൽ തളക്കാൻ വേണമൊരു വിമോചന സമരം' എന്ന തലക്കെട്ടിൽ പ്രൗഢഗംഭീരമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിന് മദ്യവിരുദ്ധഗ്രൂപ്പുകളിൽ അനേകം വായനക്കാരുണ്ടായി.

**6. കളക്ട്രേറ്റ് പടിക്കൽ സമരം**

3.3.22 സർക്കാരിന്റെ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധിച്ച് മദ്യനിരോധന സമിതിയുടെ നേതൃത്വത്തിൽ തൃശൂർ കളക്ട്രേറ്റ് പടിക്കൽ അരങ്ങേറിയ സമരം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചത് തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതി ഡയരക്ടറായ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരനായിരുന്നു. സമിതിയുടെ അതിരൂപത ഭാരവാഹികളിൽ ചിലരും

സമരത്തിൽ പങ്കാളികളായി.

**7. വീഡിയോ പ്രതിഷേധം**

സർക്കാർ മദ്യനയത്തിനെതിരെ സമൂഹത്തിലെ വിവിധ മേഖലയിലുള്ള പ്രമുഖരുടെ പ്രതിഷേധങ്ങൾ വീഡിയോ രൂപത്തിൽ കോർത്തിണക്കി അധികാരികളുടെ പക്കലെത്തിക്കുന്നതിനുള്ള ശ്രമം ഡയരക്ടറച്ചന്റെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. 30 ഓളം തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതികരണങ്ങളാണ് ശേഖരിക്കുന്നത്.

**8. ഒല്ലൂർ ഫൊറോന മീറ്റിങ്ങ്**

13.3.22 ഒല്ലൂർ ഫൊറോന മീറ്റിങ്ങ് വെങ്ങിണിശ്ശേരി ഇടവക പാരിഷ് ഹാളിൽ അരങ്ങേറി. ഫൊറോന പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോന പ്രൊമോട്ടറും കോടന്നൂർ ഇടവക വികാരിയുമായ ബഹു. ബൈജു കാഞ്ഞിരത്തിങ്കലച്ചൻ അനുഗ്രഹപ്രഭാഷണം ചെയ്തു. വിവിധ യൂണിറ്റ് പ്രതിനിധികൾ അതാത് യൂണിറ്റുകളിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. ആസന്നമായിരിക്കുന്ന മദ്യവിരുദ്ധ ഞായർ ആചരണം പതാക ദിനമായി പരിഗണിക്കണമെന്നും അന്നേ ദിവസം അംഗങ്ങൾ മദ്യവിരുദ്ധപ്രതിജ്ഞ പുതുക്കണമെന്നും തീരുമാനമെടുത്തു. കോവിഡ് പകർച്ച വ്യാധി മൂലം തളർന്നുകിടന്നിരുന്ന പ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജിതമാക്കാൻ പ്രതിജ്ഞ എടുത്താണ് സമ്മേളനം സമൃക്കായി സമാപിച്ചത്.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**പത്മശ്രീ കലാമണ്ഡലം ക്ഷേമാവതിയെ ആദരിച്ചു**

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലി പ്രമാണിച്ച് പ്രമുഖ കലാ–സാംസ്ക്കാരിക പ്രവർത്തകരെ ആദരിക്കുന്നതിന്റെ ഭാഗമായി 2022 ഫെബ്രുവരി 28–ാം തിയതി നൃത്ത കലാ രംഗത്ത് പ്രത്യേകിച്ച് മോഹിനിയാട്ടത്തിൽ നിരവധി സംഭാവനകൾ നല്കിയ പത്മശ്രീ കലാമണ്ഡലം ക്ഷേമാവതിയെ കലാസദൻ മാനേജിംങ്ങ് കമ്മിറ്റി അംഗങ്ങൾ വസതിയിൽ ചെന്ന് ആദരിച്ചു. കലാസദൻ പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ്

ആന്റണി ഉപഹാരവും സെക്രട്ടറി ഫാദർ ഫിജോ ആലപ്പാടൻ പൊന്നാടയും നല്കി. നൃത്ത വിഭാഗം കൺവീനർ ശ്രീമതി മേഴ്സി ബാബു, ശ്രീ ജേക്കബ് ചെങ്ങലായ്, ശ്രീ സെബി ഇരിമ്പൻ, ശ്രീ ബേബി മൂക്കൻ, ശ്രീ ജോമോൻ ചെറുശ്ശേരി എന്നിവർ സംസാരിച്ചു. പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി നൃത്തരംഗത്തെ തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. ജൂബിലി വർഷത്തിൽ കലാസദൻ നടത്താൻ ആഗ്രഹിക്കുന്ന എല്ലാ പരിപാടികൾക്കും വിജയാശംസകൾ നേർന്നു.

**ആർട്ടിസ്റ്റ് ഷെവ. പി. ജെ. ചെറിയാൻ അനുസ്മരണം**

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലി പ്രമാണിച്ച് പ്രമുഖ കലാ-സാഹിത്യപ്രതിഭകളെ അനുസ്മരിക്കുന്നതിന്റെ ഭാഗമായി പ്രശസ്ത നാടക-സിനിമ-ചിത്രകാരൻ ആർട്ടിസ്റ്റ് ഷെവ. പി.ജെ. ചെറിയാൻ അനുസ്മരണസമ്മേളനം 2022 ഫെബ്രുവരി 28ന് നടത്തി. ലളിതകലാ അക്കാദമി സെക്രട്ടറി എൻ. ബാലമുരളികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തൃശൂരിലെ ലളിതകലാ അക്കാദമി, സംഗീതനാടക അക്കാദമി, കലാമണ്ഡലം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ആ രംഗത്ത് വലിയ സേവനം കാഴ്ചവെച്ച കേരളത്തിന്റെ മഹാനായ കലാകാരനായിരുന്നു ചെറിയാനെന്ന് പ്രസ്താവിച്ചു. പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ഡോ. സി.കെ. തോമസ് മുഖ്യപ്രഭാഷണം നടത്തി. നാടക-ചിത്രകലാ രംഗത്ത് മാത്രമല്ല, മലയാളത്തിലെ ആദ്യത്തെ സിനിമാ നിർമ്മാതാവ് (ശബ്ദചിത്രം-നിർമ്മല) എന്ന നിലയിലും അഭിനേതാവ്, കൊട്ടാരം കലാകാരനെന്ന നിലയിലും കേരളത്തിൽ അംഗീകരിക്കപ്പെട്ട അതുല്യ പ്രതിഭയായിരുന്നു അദ്ദേഹമെന്ന് അനുസ്മരിച്ചു. പി.ജെ. ചെറിയാൻ(ജൂനിയർ) ഫ്രാങ്കോ ലൂയീസ്, ബേബി മൂക്കൻ, ജെയ്ക്കബ് ചെങ്ങലായ് എന്നിവർ സംസാരിച്ചു. ആർട്ടിസ്റ്റ് പി.ജെ. ചെറിയാൻ സ്മരണ പുതുക്കുന്നവിധം വിവിധ സംഘടനകളുടെ സഹകരണത്തോടെ ലളിതകലാ അക്കാദമി താമസിയാതെ എറണാകുളത്തുവെച്ച് വിപുലമായ ഒരു പരിപാടി സംഘടിപ്പിക്കുമെന്ന് അക്കാദമി സെക്രട്ടറി അറിയിച്ചു.

**പത്മശ്രീ ശോശാമ്മാ ഐപ്പിനെ ആദരിച്ചു**

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലി പ്രമാണിച്ച് പ്രമുഖ കലാ-സാംസ്ക്കാരിക പ്രവർത്തകരെ ആദരിക്കുന്നതിന്റെ ഭാഗമായും ലോക വനിതാ ദിനത്തോടനുബന്ധിച്ചും 2022 മാർച്ച് 10-ാം തിയതി, വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനും അവയെപ്പറ്റി കേരളത്തിനകത്തും പുറത്തും ശാസ്ത്രീയമായ അവബോധം

വളർത്താനും നേതൃത്വം വഹിച്ച ശാസ്ത്രജ്ഞ പത്മശ്രീ ശോശാമ്മാ ഐപ്പിനെ കലാസദൻ മാനേജിംങ്ങ് കമ്മിറ്റി അംഗങ്ങൾ വസതിയിൽ ചെന്ന് ആദരിച്ചു. കലാസദൻ പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി ഉപഹാരവും സെക്രട്ടറി ഫാദർ ഫിജോ ആലപ്പാടൻ പൊന്നാടയും നല്കി. ശ്രീമതി മേഴ്സി ബാബു, ശ്രീ ജേക്കബ് ചെങ്ങലായ്, ശ്രീ സെബി ഇരിമ്പൻ, ശ്രീ ബേബി മൂക്കൻ, ശ്രീ ജോമോൻ ചെറുശ്ശേരി എന്നിവർ സംസാരിച്ചു. വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനുവേണ്ടി താൻ നടത്തിയ നീണ്ട വർഷത്തെ ചെറുത്തു നിൽപ്പിന്റെ അനുഭവങ്ങൾ പത്മശ്രീ ശോശാമ്മാ ഐപ്പ് പങ്കുവെച്ചു. കലാസദന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മംഗളങ്ങൾ നേർന്ന് വെച്ചൂർപ്പശു പുനർജന്മം എന്ന തന്റെ പുസ്തകം കലാസദൻ പ്രസിഡണ്ടിന് നല്കി.

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# എക്യുമെനിസം

തൃശൂരിലെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് അതിരൂപത എക്യുമെനിക്കൽ കമ്മീഷനും തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പുമാണ്. അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവും കൽദായ സഭാദ്ധ്യക്ഷൻ മാർ അപ്രേം തിരുമേനിയും 1970ൽ രൂപം കൊടുത്ത തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പിൽ തൃശൂരിലെ വിവിധ സഭകളിലെ ബഹുമാനപ്പെട്ട വൈദികരും അൽമായപ്രതിനിധികളും അംഗങ്ങളാണ്. എക്യുമെനിക്കൽ ഗ്രൂപ്പിന്റെയും കമ്മീഷന്റെയും നേതൃത്വത്തിൽ എല്ലാ മാസവും ഒന്നാമത്തെ തിങ്കളാഴ്ച എക്യുമെനിക്കൽ യോഗം വൈകിട്ട് 6.30ന് പ്രാർത്ഥനാശുശ്രൂഷയോടെ നടത്തിവരുന്നു.
എക്യുമെനിക്കൽ ഗ്രൂപ്പിന്റെയും കമ്മീഷന്റെയും വാർഷിക പദ്ധതിയനുസരിച്ച് 4 പ്രധാന പരിപാടികൾ നടത്തുന്നുണ്ട്.

- യൂണിറ്റി ഒക്ടേവ് –മേരിമാതാ മേജർ സെമിനാരിയിലും (ജനുവരി)
- ഈസ്റ്റർ ആഘോഷം – കാൽവരി ആശ്രമത്തിലും (ഏപ്രിൽ)
- സെന്റ് തോമസ് ദിനാഘോഷം – സെന്റ് മേരീസ് മൈനർ സെമിനാരിയിലും (ജൂലൈ)

- ക്രിസ്മസ് ആഘോഷം – മർത്ത്മറിയം വലിയ പള്ളിയിലും (ഡിസംബർ) നടത്തി വരുന്നു.

2022 മാർച്ച് മാസത്തിലെ പ്രതിമാസ പ്രാർത്ഥനായോഗം ഗ്രൂപ്പ് പ്രസിഡണ്ട് ബഹുമാനപ്പെട്ട എ.സി. ആന്റണി അച്ചന്റെ അദ്ധ്യക്ഷതയിൽ കൽദായസ മെത്രാസന മന്ദിരത്തിൽ വെച്ച് കൂടുകയുണ്ടായി. മാർത്തോമ്മാ സഭയിലെ ബഹുമാനപ്പെട്ട എ.ജെ. ജോൺ അച്ചന്റെ പ്രാരംഭ പ്രാർത്ഥനക്കു ശേഷം മെത്രാസന മന്ദിരം സെക്രട്ടറി ബഹുമാനപ്പെട്ട ജാക്ക് ചാണ്ടി അച്ചൻ ഏവരേയും സ്വാഗതം ആശംസിച്ചു. പുതിയതായി വന്ന റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, റവ. ഫാ. ജോസ് വട്ടക്കുഴി, ശ്രീ സജി പോൾ എന്നിവരെ സ്വാഗതം ആശംസിച്ചു. രജിസ്റ്ററിൽ അംഗത്വം നല്കി. തുടർന്ന് വി. ലൂക്കായുടെ സുവിശേഷം 18–ാം അദ്ധ്യായം 18–30 വരെ വചനം വി.ടി. വർഗീസ് വായിച്ച് വിശദീകരിച്ചു. തുടർന്ന് മുഖ്യപ്രഭാഷണം ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചൻ നടത്തി. യുക്രയിനിലെയും റഷ്യയിലേയും ക്രൈസ്തവ സഭകളുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. യുക്രയിൻ യുദ്ധം ഓർത്തഡോക്സ് സമൂഹത്തിലുണ്ടാക്കിയിരിക്കുന്നവിള്ളലുകൾ ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ അച്ചൻ വിവരിച്ചു.

സെക്രട്ടറി പി.സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും, ട്രഷറർ ജോൺ ജെ. ഒല്ലൂക്കാരൻ വരവുചിലവു കണക്കും അവതരിപ്പിച്ചു. അടുത്ത വർഷത്തെ വാർഷിക പദ്ധതി വൈസ് പ്രസിഡണ്ട് സെബി ഇരിമ്പൻ അവതരിപ്പിച്ചു. ജോ.സെക്രട്ടറി ടി.ജെ. ബ്രിസ്റ്റോ നന്ദി പറഞ്ഞു. ബസിലിക്ക റെക്ടർ ബഹുമാനപ്പെട്ട ഫ്രാൻസീസ് പള്ളിക്കുന്നത്തച്ചൻ സമാപന പ്രാർത്ഥനയും ആശീർവാദവും നല്കി. ഏപ്രിൽ മാസ പ്രാർത്ഥനായോഗം കാൽവരി ആശ്രമത്തിലാണെന്ന് സെക്രട്ടറി അറിയിച്ചു.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

**പി.സി. കുരിയപ്പൻ**
സെക്രട്ടറി

# കത്തോലിക്ക കോൺഗ്രസ്സ്

**ഫൊറോന സന്ദർശനം ആരംഭിച്ചു**

കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഫൊറോന സന്ദർശനം ആരംഭിച്ചു. ഒരു വർഷത്തിനകം മുഴുവൻ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ്സ് യൂണിറ്റ് ആരംഭിക്കേണ്ടത് ഉണ്ടെന്ന് അതിരൂപത സമിതി ആഹ്വാനം ചെയ്തു.

**യുദ്ധം നിർത്തൂ സമാധാനം പുനസ്ഥാപിക്കൂ**

യുക്രൈന്റെമേൽ റഷ്യ നടത്തുന്ന അധിനിവേശം ഉടനടി അവസാനിപ്പിക്കണം എന്നാവശ്യപ്പെടുകയും സമാധാനത്തിനായ് ഏവരോടും പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തു. ഫൊറോന തലങ്ങളിൽ സമാധാനത്തിനായി  സമധാനവേദികൾ സംഘടിപ്പിക്കുകയും ചെയ്തു.

**ഗ്ലോബൽ ക്യാമ്പ് പി.ഒ.സി.യിൽ**

ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന പഠനക്യാമ്പിൽ അതിരൂപത ഭാരവാഹികളും, യൂത്ത് കൗൺ സിൽ കോർഡിനേറ്റേഴ്സും പങ്കെടുത്തു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, മാർ ആൻഡ്രൂസ് താഴത്ത്, മാർ റെമിജിയൂസ് ഇഞ്ചനാനിക്കൽ എന്നിവർ നേതൃത്വം നൽകി സംസാരിച്ചു.

**AFC യൂണിറ്റുകൾ ആരംഭിക്കുവാൻ നിർദ്ദേശം**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും AFC  യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ അതിരൂപതസമിതി ആരംഭിച്ചു. ഫൊറോന, യൂണിറ്റ് നേതൃത്വത്തിന്റെ സഹകരണത്തോടെ എല്ലാ ഇടവകകളിലും AFC യൂണിറ്റുകൾ ആരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂര്**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# സൊസൈറ്റി ഓഫ് സെൻ്റ് വിൻസെൻ്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

തൃശ്ശൂർ സെൻട്രൽ കൗൺസിലിൻ്റെ മാർച്ച് മാസത്തെ സി.സി. യോഗം വേളാങ്കണ്ണി തീർത്ഥ കേന്ദ്രത്തിൽ വെച്ച് കൂടുകയുണ്ടായി. വേളാങ്കണ്ണി തീർത്ഥ കേന്ദ്രം റെക്ടർ വെരി. റവ.ഫാ. ഇരുദയരാജ് യോഗം ഉദ്ഘാടനം ചെയ്തു. തൃശൂർ സി.സി. പ്രസിഡൻ്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തഞ്ചാവൂർ സി.സി. പ്രസിഡൻ്റ് ബ്ര. എ.ടി. ആൽബർട്ട് ജോൺ, വൈസ് പ്രസിഡൻ്റ് ബ്ര. എ.ആർ. സെബാസ്റ്റ്യൻ രാജ്, സെക്രട്ടറി ബ്ര. സേവ്യർ സഹായരാജ്, ട്രഷറർ റോബർട്ട് കെന്നഡി, വേളാങ്കണ്ണി കോൺഫറൻസ് പ്രസിഡൻ്റ് സി. നിർമ്മല എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. കുമ്പസാര ആരാധന കേന്ദ്രങ്ങളുടെ ഇൻ–ചാർജ്ജും, കോൺഫറൻസ് അംഗവുമായ ബ്ര. അരുൾഹൃദയം കോൺഫറൻസ് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. യോഗശേഷം തഞ്ചാവൂർ സി.സി. ഓഫീസും, ഓസ്സനാം ഓൾഡേജ് ഹോമും സന്ദർശിച്ചു. അവിടത്തെ അന്തേവാസികളോടൊപ്പം ഏറെ നേരം ചിലവഴിച്ചു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡൻ്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# ലോഫ്

## (ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)

**കുടുംബോത്സവം 2022**

2022 കത്തോലിക്കാസഭ കുടുംബവർഷമായി ആചരിക്കുകയാണല്ലോ. ഈ കുടുംബവർഷത്തിൻ്റെ സമാപനത്തിൽ ലോകകുടുംബ സംഗമം റോമിൽ വച്ച് നടക്കുന്നതാണ്. കോവിഡ് സാഹചര്യത്തിൽ അതിൽ 2000 പേർക്കുമാത്രമാണ് സംബന്ധിക്കാൻ കഴിയുന്നത്. അതിനാൽ എല്ലാ പ്രാദേശിക സഭകളിലും കുടുംബസംഗമങ്ങൾ സംഘടിപ്പി

ക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്.

തൃശ്ശൂർ അതിരൂപത കുടുംബസംഗമം 2022 മെയ് മാസം 15 ഞായറാഴ്ച രാവിലെ ഒമ്പതിന് ഡി ബി സി എൽ സി യിൽ വെച്ച് നടക്കുന്നതാണ്. ലോഫ്, കുടുംബകൂട്ടായ്മ, വിശ്വാസ പരിശീലനം, ജീസസ് യൂത്ത് എന്നിവരുടെ നേതൃത്വത്തിൽ, ഹോളിഫാമിലി ലേ അസോസിയേഷൻ, ഷേൺസ്റ്റാറ്റ് ഫാമിലി മിനിസ്ട്രി, ഏകംദമ്പതീദർശന ധ്യാനം, ട്രിനിറ്റി കപ്പിൾസ് എന്നിവരുടെ സഹകരണത്തോടെ ആണ് പരിപാടികൾ ഒരുക്കുന്നത്.

അഭിവന്ദ്യപിതാക്കന്മാർ, അത്മായ നേതാക്കൾ എന്നിവരുടെ സാന്നിധ്യം, അനുഗ്രഹപ്രദമായ വചനപ്രഘോഷണം, സെലിബ്രിറ്റികളുടെ സാക്ഷ്യങ്ങൾ, ദിവ്യകാരുണ്യ ആരാധന, സംഗീതവിരുന്ന് എന്നിവ ഉണ്ടായിരിക്കും. 2000 നു ശേഷം വിവാഹിതരായ ദമ്പതികൾ ആണ് കുടുംബസംഗമത്തിൽ സംബന്ധിക്കേണ്ടത്. കുടുംബത്തിന്റെ സുവിശേഷം, ലോകത്തിന്റെ ആനന്ദം എന്നതാണ് കുടുംബോത്സവത്തിന്റെ ആപ്തവാക്യം. ബഹുമാനപ്പെട്ട അച്ചന്മാർ നിങ്ങളുടെ ഇടവകയിൽ നിന്നും 2000 നുശേഷം വിവാഹിതരായ ദമ്പതികൾ കുടുംബോത്സവത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.
രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പർ: 8921049153

**LUX DOMUS - 2022 (Light House)**

കുടുംബവർഷത്തോട് അനുബന്ധിച്ച് കുടുംബപ്രേഷിതശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ദമ്പതികൾ, ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, കുടുംബപ്രേഷിതസംഘടനകളിലെ അംഗങ്ങൾ എന്നിവർക്കായി അഖില കേരള സിംപോസിയം നടത്തുന്നു. മെയ് 13, 14 തിയതികളിൽ ഡിബിസിഎൽസി യിൽ വെച്ചാണ് സിംപോസിയം നടക്കുക. Attention - Care-Accompaniment (സ്നേഹത്തിന്റെ സന്തോഷം) എന്ന വിഷയത്തിൽ ആണ് സിംപോസിയം സംഘടിപ്പിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാർ, സഭാ വിജ്ഞാനീയത്തിലേയും സൈക്കോളജിയിലേയും പ്രമുഖർ എന്നിവരുടെ പ്രബന്ധങ്ങൾ, കുടുംബപ്രേഷിത സംഘടനകളുടെ ഷെയറിംഗ് എന്നിവ ഉണ്ടായിരിക്കും.

കുടുംബപ്രേഷിത ശുശ്രൂഷകളിൽ താൽപര്യമുള്ള ദമ്പതികൾ, വൈദികർ, സമർപ്പിതർ എന്നിവർക്ക് സംബന്ധിക്കാം.
രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പർ: 8921049153

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ജീസസ് യൂത്ത്

**സോണൽ അസംബ്ലി**

ജീസസ് യൂത്ത് ഇന്റർനാഷണൽ കൗൺസിലിനെയും നാഷണൽ കൗൺസിലിനെയും തിരഞ്ഞെടുക്കുന്ന അസ്സംബ്ലിയിലേക്ക് തൃശ്ശൂർ സോണിൽ നിന്നും പ്രതിനിധികളെ കണ്ടെത്തുന്നതിനായി 2022 ഫെബ്രുവരി 27 ന് വൈകീട്ട് 5.30 മുതൽ 7.30 വരെ സോണൽ അസംബ്ലി സംഘടിപ്പിച്ചു. 2021 പന്തക്കുസ്താദിനത്തിൽ സമർപ്പണം / പുനസമർപ്പണം ചെയ്തവർ ഒത്തുചേർന്നാണ് 2 വ്യത്യസ്ത പാനലിൽ നിന്നുമായി 9 പേരെ തിരഞ്ഞെടുത്തത്. ഓൺലൈൻ ആയി നടത്തിയ തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ചത് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെന്നി ചിറയത്ത് ആയിരുന്നു. സാന്നിധ്യംകൊണ്ടും, സഹകരണം കൊണ്ടും, പ്രാർത്ഥന കൊണ്ടും അനുഗ്രഹത്തിന്റെ മണിക്കൂറുകളായി മാറിയ ഈ പരിപാടിയിൽ വരാപ്പുഴ ഇടവകവികാരി ഫാ. ജീൻ ഫെലിക്സ് കാട്ടാശേരി, കെ. ജെ. വൈ. സി. മെമ്പർ അഭി സെബാസ്റ്റ്യൻ, തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, ഡയറക്ടർ ഫാ. ബാസ്റ്റ്യൻപുന്നോലിപ്പറമ്പിൽ, ആനിമറ്റർ സി. മരിയ സി.എം.സി. എന്നിവർ സന്നിഹിതരായിരുന്നു. 800ഓളം പേർ പങ്കെടുത്ത സോണൽ അസ്സംബ്ലിയുടെ ജനറൽ കോർഡിനേറ്റർ അഖിൽ സി. ജോൺസൻ ആയിരുന്നു. ഇന്റർനാഷണൽ അസ്സംബ്ലിയിലേക്ക് തിരഞ്ഞെടുക്കപെട്ടവരായ ജോബി ടി. എ.ക്കും, അലീന മേരി പോളിനും, ജോയേൽ ജോസഫിനും നാഷണൽ അസ്സംബ്ലിയിലേക്ക് തിരഞ്ഞെടുക്കപെട്ടവരായ ജോമരിയ പി. ജെക്കും, ഗ്ലോറി ടി പോൾസനും, ലിറിൻ ദേവസിക്കും, ഫ്രഡി ജെയിംസ് കെനും, ജെറിൻ ജോയ്ക്കും, ജോൺ സണ്ണിക്കും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**പതിനാലാം ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്ത് ഫോർമേഷന്റെ ആദ്യഘട്ടമായ ഫിലിപ്പ് കോഴ്സ് ഫെബ്രുവരി 25,26,27 തീയതികളിൽ ആബാ റിന്യൂവൽ സെന്റർ, ചേറൂർ വച്ച് നടത്തപ്പെട്ടു. 54 പേർ ഫിലിപ്പ് കോഴ്സിലൂടെ ജീസസ് യൂത്തിന്റെ ഫോർമേഷനിലേക്ക് ആരംഭം കുറിച്ചു. കേരള ഫോർമേഷൻ ടീം ക്ലാസുകൾ നയിച്ചു. ജനറൽ കോർഡിനേറ്റർ ബർണാർഡ് എൻ. ജെ., ഫ്രെഡ്ഡി ജെയിമ്സ്, ആഷിക് എം. എസ്. തുടങ്ങിയവർ നേതൃത്വം നൽകി.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ



# ഈസ്റ്റർ ആശംസകൾ

ഏപ്രിൽ 17

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

**₹ 25/-**
Date of Publication 24.03.2022
**April- 2022**

# 25-ാം പാലയൂർ മഹാതീർത്ഥാടനം

**2022 ഏപ്രിൽ 3**



**എന്റെ കർത്താവേ എന്റെ ദൈവമേ**

**എന്ന വിശ്വാസപ്രഖ്യാപനവുമായി**
**ഭാരതക്രൈസ്തവവിശ്വാസത്തിന്റെ ഈറ്റില്ലമായ**
**പാലയൂരിലേക്ക് വിശ്വാസത്തിന്റെ മഹാതീർത്ഥാടനം**
**ആരംഭിച്ചിട്ട് 25 വർഷങ്ങൾ...**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor